പുസ്തകം 8 ലക്കം 5
ഏപ്രിൽ 2018
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

Eka Thathwa

മാസിക



## കത്തുന്നതിന്റെ അടുത്തുചെന്ന് പൊട്ടിത്തെറിയ്ക്കാതേ...




# തിരിഞ്ഞുനോക്കുമ്പോൾ...

**സജി, ഗവ. മോയൻസ് എൽ. പി. സ്കൂൾ, പാലക്കാട്**

1985 ജൂലായ് 27. മലപ്പുറം ജില്ലയിലെ നെല്ലിക്കുന്ന് ഹൈസ്കൂളിന്റെ പടികടന്ന് ചെല്ലുമ്പോൾ മനസ്സിൽ നിറയെ കുട്ടികളായിരുന്നു. അദ്ധ്യാപക പരിശീലനം കഴിഞ്ഞ് ആദ്യമായി ഒരു വിദ്യാലയത്തിൽ എത്തുന്നു. ആരോ ഓഫീസ് മുറി കാണിച്ചുതന്നു. “സജീ, ഇന്ന് രണ്ട് എ ക്ലാസ്സിലെ ടീച്ചർ ലീവാണ് അവിടേക്ക് ചെല്ലൂ.” ആദ്യത്തെ ക്ലാസ് ! ആദ്യത്തെ കുട്ടികൾ. ക്ലാസിലേക്ക് കാലെടുത്ത് വെച്ചപ്പോൾ എന്നെ ട്രെയ്നിംഗ് സ്കൂളിൽ പഠിപ്പിച്ച തങ്കമ്മ ടീച്ചറിന്റെ വാക്കുകൾ കാതിൽ മുഴങ്ങി... “നമ്മുടെ മുന്നിലിരിക്കുന്ന കുട്ടികളെ സ്വന്തം കുട്ടികളായി കാണണം.” അടുത്ത ദിവസം 5 ഡി ക്ലാസിന്റെ ചാർജ്ജ് തന്നു. ഒരുവർഷക്കാലം അറിവിന്റെ ലോകത്തിലേക്ക് കുട്ടികളെ കൈപിടിച്ചുയർത്തി. വർഷാവസാനം പിരിഞ്ഞുപോരുമ്പോൾ കുട്ടികൾ നൽകിയ പ്യാരി മിഠായി ചേർത്ത് വെച്ച് ഉണ്ടാക്കിയ മാല ഇന്നും മനസ്സിൽ തെളിഞ്ഞുവരുന്നു.

അടുത്ത വർഷം മലപ്പുറം ജില്ലയിലെ അരീക്കോടിനടുത്തുള്ള മുണ്ടമ്പ്ര ഗവ. യു. പി. സ്കൂളിലായിരുന്നു നിയമനം. ഏഴാം ക്ലാസിലെ കുട്ടികളോടൊപ്പം ഒരുവർഷക്കാലം കഴിഞ്ഞു. കല്യാണം കഴിഞ്ഞ പെൺകുട്ടികൾ ഉള്ള ക്ലാസ് അത്ഭുതത്തോടെയാണ് അന്ന് കണ്ടിരുന്നത്.

1987ലാണ് പാലക്കാട് ജില്ലയിൽ വരുന്നത്. അട്ടപ്പാടിയിലെ പാലൂർ എൽ. പി. സ്കൂളിലെ കുട്ടികളോടൊപ്പമുള്ള ജീവിതം മറക്കാനാവാത്ത അനുഭവങ്ങളാണ് സമ്മാനിച്ചത്. താവളത്തുനിന്നും രണ്ടുമണിക്കൂർ നേരം കാൽനടയായി വേണം പാലൂരിൽ എത്താൻ. അട്ടപ്പാടിയിലെ വിവിധ ഊരുകൾ ചുറ്റി സഞ്ചരിച്ചു. ആദിവാസികളുടെ സ്നേഹം അനുഭവിച്ചറിയാൻ സാധിച്ചു. ആഴ്ചയിലൊരിക്കലേ കോട്ടത്തറ ചന്തയും കോട്ടത്തറ സിനിമാ തിയറ്ററിൽ നിന്ന് സിനിമ കണ്ട് രാത്രി നാലഞ്ച് മണിക്കൂർ നടന്ന് പാലൂരിൽ എത്തിയതും ഇന്നും ഓർമ്മയിൽ തിളങ്ങിനിൽക്കുന്നു.

അടുത്തവർഷം അട്ടപ്പാടിയിലെ ചിറ്റൂർ - ചൂണ്ടകുളം ഊരിലെ ജി. എൽ. പി. എസ്. കോട്ടമലയിലായിരുന്നു നിയമനം. പകുതിയിലധികം കുട്ടികൾ ആദിവാസി വിഭാഗത്തിൽ നിന്നും ഉള്ളവരായിരുന്നു. അന്നും ആദിവാസികൾ പലവിധ ചൂഷണങ്ങൾക്കും ഇരകളായിത്തീരുന്നുണ്ടായിരുന്നു.

1990 ജൂൺ ഒന്ന്... രാവിലെ 6 മണിക്ക് തമിഴ്നാട്ടിലെ പൊള്ളാച്ചിക്കടുത്തുള്ള സേത്തുമടയിൽ നിന്നും 16 കിലോമീറ്റർ ദൂരെയുള്ള തേക്കടി ട്രൈബൽ സ്കൂളിനെ ലക്ഷ്യമാക്കി കൊടുംകാടിലൂടെ യാത്ര തുടങ്ങി. എന്റൊപ്പം ഹെഡ്മാസ്റ്റർ ശിവദാസൻ മാഷ്, പിന്നെ പത്തോളം തോട്ടം തൊഴിലാളികളും... ഒരു രണ്ട് കിലോമീറ്റർ നടന്നു കാണും, കാട് കുലുങ്ങുന്നു. ഞങ്ങൾ ഒരു പാറക്കെട്ടിന്റെ അരികിലേക്ക് മാറിനിന്നു. 20ഓളം കാട്ടാനകൾ തൊട്ടു മുന്നിലൂടെ റോഡ് മുറിച്ചുകടക്കുന്നു... പിന്നീട്, പലവിധ മൃഗങ്ങളേയും കണ്ട് 11 മണിയോടെ സ്കൂളിലെത്തി. ഒക്ടോബർ മാസം വരെ തേക്കടി സ്കൂളിലെ കുട്ടികളോടൊപ്പം ചെലവഴിച്ചു.

1990 ഡിസംബർ 31ന് മുണ്ടൂരിനടുത്തുള്ള പുതന്നൂർ ജി.എൽ.പി. സ്കൂളിൽ പി. എസ്. സി. നിയമനം. കിട്ടിയ ക്ലാസ് രണ്ട്. തീർത്തും ഗ്രാമപ്രദേശമായ പൂതന്നൂരിലെ ജീവിതം ധാരാളം അനുഭവങ്ങൾ സമ്മാനിച്ചു. നാട്ടിലെ ജനങ്ങളുമായി പെട്ടെന്ന് ഇണങ്ങിച്ചേർന്നു. അവരുടെ സന്തോഷത്തിലും സങ്കടങ്ങളിലും സാക്ഷിയായി, പൂതന്നൂർ സ്കൂൾ അന്ന് വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. അത് ഗവൺമെന്റിലേക്ക് ഏ

(43ാം പേജിൽ തുടർന്നുവായിക്കുക...)

₹ 15

# ഏക തത്ത്വ
## മാസിക

പുസ്തകം 8 ലക്കം 5
ഏപ്രിൽ 2018

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**

**വരിസംഖ്യ പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**

## ഉള്ളടക്കം



**ലേഖനം**
7 – ആത്മവിശ്വാസം – എം. എം. മേനോൻ
12 – ചെറുകഥാസാഹിത്യവും മലയാളകഥകളും – അരവിന്ദൻ
14 – ഭാരതീയ ചിന്തകൾക്ക് ചില ആമുഖങ്ങൾ – ചൂലനൂർ രാമചന്ദ്രൻ
40 – ദയാവധത്തിന്റെ പ്രസക്തി – ഇന്ദു മാരാത്ത്

**കഥ**
23 – തിരുത്ത്, നിർബന്ധങ്ങൾ – സുരേഷ് തെക്കീട്ടിൽ
28 – ആയിഷ – സജീവൻ കീഴ്പ്പള്ളി
30 – (അ)പരാജിത(ൻ) – ഇ. എൻ. നാരായണൻ
32 – ശരറാന്തൽ – അശോപ്പി ചേർത്തല
33 – വാരാന്ത്യം – രാജൻ സി. എത്തനൂർ
37 – ഗോമാതാവ് – എം. ഡി. വിശ്വംഭരൻ
39 – ബോണ്ട – ടി. കെ. ഉണ്ണികൃഷ്ണൻ

**കവിത**
17 – മനോരഥക്കാഴ്ച – തുളസി കേരളശ്ശേരി
29 – പക്ഷി പഠിപ്പിച്ച പാഠം – വാസന്തി മോഹൻ
31 – വാർദ്ധക്യം – സൗമിനി അലക്സാണ്ടർ
34 – കവിതകൾ – പ്രമോദ് പുനലൂർ
36 – കീർത്തിസ്തംഭം – ആർ. കെ. വള്ളിച്ചിറ
37 – മാറ്റുവിൻ ചട്ടങ്ങളെ – ഗോപിനാഥ് തട്ടയ്ക്കാടൻ
41 – അറിവ് – അനൂപ് നാരായണൻ

**ആരോഗ്യം**
19 – ഡോ. സാമുവൽ ഹാനിമാൻ – ഡോ. സി. രാമകൃഷ്ണൻ

**വ്യക്തിപരിചയം**
21 – ജൈവകൃഷിയുടെ കൂട്ടുകാരൻ കൂടുമാറുന്നു – ജോസ് ചാലക്കൽ

**സ്മരണ**
17 – എന്റെ അഭിനയ സ്മരണകൾ – മുക്കം ഭാസി

**പാചകം**
20 – തക്കാളി അച്ചാർ – പി. എൻ. ഗംഗാലക്ഷ്മി

**അർബുദവായനയിലെ അത്ഭുതചിന്തകൾ**
24 – നോവൽവായനയിലെ ആസുരകാലം – കെ. വിജയകുമാരൻ

**പുസ്തകപരിചയം**
38 – അശോകൻ രാജീവം

**ദൈവനാമത്തിൽ**
41 – ഏറ്റവും വലിയ നിധി – മുഹമ്മദ് കനി

**കതിരും പതിരും**
42 – പുതുച്ചൊല്ലുകൾ – സൈനുദീൻ മുണ്ടക്കയം



# കത്തുന്നതിന്റെ അടുത്തുചെന്ന് പൊട്ടിത്തെറിയ്ക്കാതേ...

**ഇ. ടി. മുരളീധരൻ**

**ഒ**രിടത്ത് കോടികൾ ചിലവിട്ട് പുതിയ പ്രതിമകൾ സ്ഥാപിക്കുന്നു. മറുപുറത്ത് തല്ലിത്തകർക്കുന്നു. ദേഷ്യവും ആരാധനയും പ്രതിമകളോട്, മനുഷ്യനോടല്ല. ചരിത്രം സൃഷ്ടിച്ചവരുടെ പ്രതിമകളെ തല്ലിത്തകർക്കും മുൻപ് ആ ജീവിച്ചിരുന്ന വ്യക്തിയേക്കുറിച്ച് പൂർണ്ണമായി പഠിച്ചിട്ടുണ്ടോ എന്ന് സ്വയം ആലോചിക്കേണ്ടതായിരുന്നു. ഇത് ആരുടെ പ്രതിമയാണെന്നുപോലും അറിയാതെ വിവരമില്ലാത്തവരുടെ വാക്കുകേട്ട് പ്രതിമയെ തല്ലിത്തകർക്കുകയാണ്. ഇതിലുംപരമായി, എന്തിനെന്നറിയാതെ, മനുഷ്യനെ കൊല്ലുന്നവർക്ക് പ്രതിമ വെറും പുല്ല്. എന്തായാലും സുഖലോലുപനായി കഴിയുന്ന നേതാവിനുവേണ്ടി, സ്വന്തം ജീവിതം നഷ്ടപ്പെടുത്തി പകരത്തിനുപകരം ചോദിക്കുകയാണ് പാവം വിവരദോഷികൾ. സ്വന്തം പ്രയത്നം മൂലം, പ്രവൃത്തിമൂലം മറ്റുള്ളവർ നമ്മുടെ പ്രതിമ പണിത് ഇതുപോലെ വെക്കണം എന്ന് ചിന്തിച്ചാൽ എത്ര നന്നായിരുന്നു. അതെങ്ങിനെ ? ഇന്ന് സ്വന്തം ബാനറും അവാർഡുകളും കാശുകൊടുത്ത് മേടിക്കുന്നവർ, സ്വന്തം പ്രതിമ തീർത്ത് പറ്റുന്നിടത്തെല്ലാം സ്ഥാപിച്ചാലും അത്ഭുതപ്പെടാനില്ല അല്ലേ ? പഴയ ധീരൻമാരുടെ പ്രതിമ തല്ലിത്തകർത്തത് ശരിയായില്ല. എന്തായാലും ഇത്തരം കാര്യങ്ങളെല്ലാം അറിവുള്ളവരോ സ്വബോധമുള്ളവരോ ചെയ്യുമോ?

പുഴകളിൽ വെള്ളമില്ലെങ്കിലെന്താ മദ്യപ്പുഴ തന്നെയാണിവിടെ ഒഴുകുന്നത്. പഴയതിനുപുറമെ പുതിയ ബാറുകൾ, കള്ളുഷാപ്പുകൾ. പണി ചെയ്തുണ്ടാക്കിയ പണം അവിടെ കൊടുത്തിട്ട് ബോധമില്ലാതെ നടന്നോട്ടെ. എങ്കിലല്ലേ കൊലയ്ക്ക് മറുപടി പറയാൻ ആളെ കിട്ടുകയുള്ളു, അക്രമങ്ങളുണ്ടാക്കി കാര്യം നേടാനാകുകയുള്ളു. എന്തായാലും കുറച്ചുപേർക്ക് തൊഴിൽ ലഭിച്ചു. മദ്യപന്റെ ഭാര്യയ്ക്ക്, കുടുംബക്കാർക്ക്, അടിയും ഇടിയും തൊഴിയ്ക്കും പുറമേ ഇടയ്ക്കിടയ്ക്ക് കള്ളുകുടിയനേയും കൊണ്ട് ഹോസ്പിറ്റലിൽ കയറിയിറങ്ങാം. അവർക്കൊരു പണിയായി. എല്ലും പല്ലും പിടിപ്പിക്കുന്ന ഡോക്ടർക്കും പണിയായി. കുടിച്ചിട്ട് ചെയ്യുന്ന അക്രമങ്ങളും കൊലപാതകങ്ങളും പീഡനങ്ങളും മൂലം പോലീസിന് പണിയായി, കോടതിക്ക് പണിയായി, അങ്ങനെ ഏവർക്കും പണിയായി. എന്താ മദ്യം വിളമ്പാനുള്ള ഭരണാധികാരികളുടെ ശുഷ്ക്കാന്തി? ദീർഘവീക്ഷണം ? എല്ലാം ശരിയാക്കിക്കൊണ്ടിരിക്കുന്നതേയുള്ളു. കാത്തിരിക്കുക, ഇനിയും പലതും ശരിയാക്കാനുണ്ട്. പഞ്ചായത്തുതോറും പുതിയ ബാറുകൾക്കും കള്ളുഷാപ്പുകൾക്കും അനുമതി കൊടുക്കാൻ പോകുന്നു. കുറേയേറെ ആളുകൾക്കുകൂടി പണി കിട്ടാനുള്ള സാധ്യത തുറക്കുന്നു.

നോട്ടുനിരോധനത്തെത്തുടർന്നുള്ള മാന്ദ്യവും ജി. എസ്. ടി. യുടെ വരവും പുതിയ പരിഷ്ക്കാരങ്ങളുമെല്ലാം ചെറുകിട വ്യവസായങ്ങളെ സാരമായിത്തന്നെ ബാധിച്ചിട്ടുണ്ട്. ഇങ്ങനെ പോയാൽ ദാരിദ്രവും പട്ടിണിയുമെല്ലാം ഉണ്ടായിരുന്ന ആ പഴയകാലം തിരിച്ചുവരും. കൈയിലുള്ളവർ കൈയിലിരിപ്പ് തീരുംവരെ പ്രതികരിക്കില്ല. പിന്നെ പ്രതികരിക്കേണ്ടിവരില്ല. പ്രതികരണശേഷി ഇല്ലാതാകും. പതിനെട്ട് വർഷം നന്നായി നടത്തിയിരുന്ന ഒരു ബിസിനസ്സ് സ്ഥാപനം പൂട്ടാൻ പോകുന്നു. ഇത് ഇന്ന് ശരിയാവും നാളെ ശരിയാവും എന്നുകരുതി പലവിധത്തിലും പിടിച്ചുനിന്നു. എങ്കിലും ഈയൊന്നര വർഷം കൊണ്ട് വന്ന ബാധ്യത സ്വന്തം വീടുപോലും വിറ്റ് തീർക്കേണ്ട സ്ഥിതിയായി. ഓരോ നന്മയുള്ളവനും ദിനംപ്രതി ഇല്ലാതാകുന്നു. തിന്മ അതിവേഗം വളർന്ന് വ്യാപിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം.

മർമ്മമറിയുന്നവന് ഉഴിയാൻ പേടിയാണ്. അറിയാത്തവന് വളരെ നിസ്സാരമാണാ പണി. ചത്തുപോയാൽ ചത്തുപോയി. ഭാഗ്യമുണ്ടെങ്കിൽ ജീവിക്കും. ഇതുപോലെയാണ് വിവരവും വിദ്യാഭ്യാസുമില്ലാത്തവരിൽ നിന്നും പഠിച്ചിട്ടൊരു തീരുമാനം പ്രതീക്ഷിക്കേണ്ട. ആകെ അടിപിടി ബഹളമയം. ക്ഷമയില്ലാത്തവർക്ക്, വിവരവും വിദ്യാഭ്യാസുമില്ലാത്തവർക്ക് നേതാവ് ധീരനാണ്. ആരും ഇതുവരെ ചെയ്യാൻ ധൈര്യപ്പെടാത്തതെല്ലാം ചെയ്യുന്ന ധീരൻ. ആരാധന മൂത്ത് നേതാവിന്റെ കൂടെ കുറേയാളുകൾ ബിൽഡിംഗിന്റെ മുകളിലെത്തിയെന്നിരിക്കട്ടെ. എല്ലാവർക്കും നേതാവ് ഒരുകുട കൊടുത്തു. വെയിലിൽ നിന്ന് രക്ഷനേടാൻ തന്ന കുടയാണെന്ന് കരുതി അവർ സന്തോഷത്തോടെ സ്വീകരിച്ചു. തുറന്നുപിടിച്ചു. നേതാവ് പറഞ്ഞു, ഇനിയൊരുമിച്ച് നിങ്ങളെല്ലാവരും കൂടി താഴേയ്ക്ക് ചാടിനോക്കൂ, നല്ല രസമായിരിക്കും. അതുകേട്ട മാത്രയിൽ ഒരുവനൊഴിച്ച് ബാക്കിയുള്ള ശിഷ്യന്മാരെല്ലാം ചാടി. എല്ലാവരും കാലൊടിഞ്ഞ് കിടപ്പായി. അവശേഷിച്ച ഒരാൾ പ്രതികരിച്ചപ്പോൾ അവനെ തള്ളിതാഴേയ്ക്കിട്ടു. അവൻ താഴെ വീണ് ചത്തുപോയി. ഇതുകണ്ട് താഴെ വീണ് എല്ലൊടിഞ്ഞ ഒരുവൻ ചോദിച്ചു, എന്തുപണിയാണീ കാണിക്കുന്നത് ? നേതാവ് പറഞ്ഞു, ഈ കുട ശരിയല്ല. എത്ര പേരാണ് എയറോപ്ലേനിൽ നിന്നും ഹെലികോപ്ടറിൽ നിന്നെല്ലാം എടുത്തുചാടുന്നത്. അവർക്കൊന്നും പറ്റുന്നില്ലല്ലോ. അ

ത് ഈ കുടയല്ല പാരച്യൂട്ടാണ് സാർ. ഓ, അത് ഞാനറിയില്ലായിരുന്നു. മറ്റുള്ളവരുടെ ജീവിതം കൊണ്ട് പഠിക്കാനിറങ്ങുന്നവരുടെ കൂടെ പോകുന്നത് അപകടമാണ്. അവർ പഠിക്കാതെ കാര്യങ്ങൾ ചെയ്യും.

ഉത്സവത്തിന് വെടിക്കെട്ട് കുറഞ്ഞു. പലയിടത്തും വെടിക്കെട്ട് പൂർണ്ണമായി ഇല്ലാതായി. പക്ഷെ ആനയുടെ എണ്ണം കൂടി. കലാപരിപാടികളുടെ തിളക്കം കൂട്ടി. ആറ് ഡാൻസിന് അഞ്ചുലക്ഷം രൂപ പ്രതിഫലം പറ്റുന്ന ഡാൻസുകാരേയും പാട്ടുകാരേയും കൊണ്ടുവന്ന് ആടിച്ചു, പാടിച്ചു. അല്ലെങ്കിലേ കോടിക്കണക്കിന് സ്വത്തുള്ളവർ, പ്രശസ്തി ആവോളം നേടിയവർ. അവരെത്തന്നെ വീണ്ടും വീണ്ടും പ്രോത്സാഹിപ്പിക്കും. വലിയ തുക പ്രതിഫലം നല്കി ആദരിക്കും. മുറ്റത്തെ മുല്ലയ്ക്ക് മണമില്ലല്ലോ. ആ ദേശത്തെ വളർന്നുവരുന്ന കലാകാരൻമാർക്ക്, കലാകാരികൾക്ക് വേണ്ടിയൊന്നും ചെയ്യില്ല. അതുകൊണ്ടുതന്നെ അവർ വളരെ പ്രയാസപ്പെട്ട് പല ചീത്തയായ വഴിയിലൂടെ സഞ്ചരിച്ച് ഉന്നതങ്ങളിലെത്തുമ്പോൾ അവരിലെ ചീത്ത ശീലത്തെ മാറ്റുവാനാകില്ല. അതുകൊണ്ടുതന്നെ അവർക്ക് വളർന്നുവരുന്നവരെ കൈപിടിച്ചുയർത്താനുമാവില്ല, ഉപദേശിക്കാനാവില്ല. എത്തിപ്പെട്ടിടത്ത് പിടിച്ചുനിൽക്കാനായി വീണ്ടും നീചപ്രവൃത്തികൾ ചെയ്യും. ഉദാഹരണം വേണ്ടുവോളമുണ്ട്. നിങ്ങളാദരിക്കുന്ന വ്യക്തികളേക്കാളും എത്രയോ നല്ലവർ നമുക്കിടയിൽ ജീവിക്കുന്നുണ്ട്. അവരെ ആരെങ്കിലും ഒന്ന് പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ? നന്നായി കവിത എഴുതാനറിയാവുന്ന ഒരു ചെറുപ്പക്കാരൻ മേൽ വിവരിച്ച വിധം ഉയർന്നുവന്ന ഒരു വ്യക്തിയോട് വല്ലാതെ ആദരവ് തോന്നി അടുത്ത് ചെന്ന് സാവധാനം തന്റെ കവിതകളെ പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, ഇതെന്തോന്ന് കവിത ? നീ ഇന്ന ബുക്ക് വായിച്ചിട്ടുണ്ടോ ? അത് വായിച്ചിട്ടുണ്ടോ ഇത് വായിച്ചിട്ടുണ്ടോ ? അതെല്ലാം ആദ്യം വായിക്ക്. എന്നിട്ടുമതി എഴുത്ത്. പാവം അവൻ വിശ്വസിച്ചു. സ്വന്തം ജീവിതത്തിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന തീ പാറുന്ന വരികളെയെല്ലാം ഉപേക്ഷിച്ച് വായന തുടങ്ങി. പിന്നീട് എഴുതിയവയെല്ലാം എഴുതാൻ വേണ്ടി എഴുതിയവ മാത്രമായി. ജീവനില്ലാത്ത വരികൾ. എങ്ങുമെത്താനുമായില്ല. അതുതന്നെയായിരുന്നു കാപട്യം നിറഞ്ഞ ഉപദേശകന്റെ ആവശ്യവും. ആരും അവരെക്കടത്തിവെട്ടരുത്. നിങ്ങൾ ആരാധിക്കുന്ന വ്യക്തികളിൽ എത്രപേർക്കുണ്ട് നിഷ്കളങ്കമായ നോട്ടവും നിർമ്മലമായ ഹൃദയവും സ്നേഹവും ? എല്ലാറ്റിലും നല്ലതും ചീത്തയുമായ ആളുകളുണ്ട് എന്നാണ് നാം ആദ്യം മനസ്സിലാക്കേണ്ടത്. ഇങ്ങിനെയെല്ലാം സൃഷ്ടാവ് സൃഷ്ടിക്കാനും നിലനിർത്താനുമുള്ള കാരണം തിരഞ്ഞുനോക്കിയാൽ നിങ്ങൾക്ക് പലതിന്റേയും പൊരുൾ കിട്ടിത്തുടങ്ങും. അപ്പോൾ പിന്നെ അബദ്ധത്തിൽ ചെന്ന് പെടാതെ രക്ഷപ്പെടാനാകും.

എന്തായാലും ആരാധ്യപുരുഷൻ എഴുതിയതും പറഞ്ഞതുമായ വരികൾക്കും വാക്കുകൾക്കും അഭിനയിച്ചുഫലിപ്പിച്ച കഥാപാത്രങ്ങൾക്കുമപ്പുറം നിങ്ങൾക്ക് അവരെക്കുറിച്ച് എന്തറിയാം ? വെറുതെ ആരാധിക്കാതെ ആരാധന ദൈവത്തോടുമാത്രം മതി. രാഷ്ട്രീയക്കാരനായാലും മതത്തിന്റെ വക്താക്കളായാലും ശരി നിങ്ങൾ നല്കുന്ന സപ്പോർട്ടും പണവും അവർ വിനിയോഗിക്കുന്നത് എന്തിനെന്ന് നോക്കിയിട്ടുണ്ടോ? ആ പണം കൊണ്ട് ഒരുപക്ഷെ നമ്മളെത്തന്നെ വരും ഭാവിയിൽ അടിമകളാക്കിയെന്നും വരാം. ഈയിടെയായി ജാതി മത രാഷ്ട്രീയ സാഹിത്യപ്രവർത്തകരുടെയെല്ലാം യാത്ര ഒരേ വഴിയ്ക്കാണ്. നാശത്തിലേക്കാണ്, സർവ്വനാശം വിതയ്ക്കാനാണ്. കത്തിക്കയറി പൊട്ടിത്തെറിയിലവസാനിക്കാറായി. എങ്കിലും ഒന്നിലും പെടാതെ മാറിനിൽക്കുക. നന്മയുടെ ഉയർത്തെഴുന്നേല്പ്പിനുള്ള സമയം വലിയൊരു വിപത്തിനുശേഷമാണല്ലോ. ഒരു രാഷ്ട്രീയപാർട്ടി അപ്പാടെ തകരുകയും വേറൊരു രാഷ്ട്രീയ പാർട്ടി വൻഭൂരിപക്ഷത്തിൽ വരാനും കാരണമെന്താണ് ? ഇവിടെ ഏറ്റവും കൂടുതൽ ഉള്ളത് വ്യക്തിത്വമില്ലാത്തവരാണ്, ആദർശമില്ലാത്തവരാണ്. നേതാവായാലും ശരി അണികളായാലും ശരി. സ്വാർത്ഥൻമാരാണ്, കള്ളൻമാരാണ്. അതുകൊണ്ടാണ് ഘടകവിരുദ്ധമായ ആശയങ്ങളുള്ള പാർട്ടിയിലേയ്ക്ക് മാറി മാറി സഞ്ചരിക്കാനും കൂട്ടുകൂടാനും അവർക്ക് കഴിയുന്നത്.

എഴുത്തുകാർ കൂടി. വായനക്കാർ കുറഞ്ഞതുപോലെത്തന്നെ ഏതു പരിപാടിയായാലും സദസ്സിൽ ആളുകൾ കുറഞ്ഞു. വേദിയിലാണിപ്പോൾ ആളുകൾ കൂടുതൽ. ഉള്ള കേൾവിക്കാർ കൂടി കുറയാതിരിക്കാൻ ഇടയ്ക്കിടെ മൈക്കിലൂടെ അനൗൺസ്മെന്റ് ചെയ്യും. "പ്രോഗ്രാമിനിടയിൽ ഇടയ്ക്കിടെ നറുക്കെടുപ്പ് ഉണ്ടായിരിക്കുന്നതാണ്. എല്ലാവർക്കും സമ്മാനമുണ്ട്. അതുപോലെ പ്രോഗ്രാമിനുശേഷം ഭക്ഷണമുണ്ട്. ആരും പോകരുത്." എങ്ങനെയെങ്കിലും കുറച്ചാളുകളെ പിടിച്ചിരുത്തി സമയത്തെ കൊല്ലുന്ന മീറ്റിംഗുകളാണ് നടക്കുന്നത്. മൂല്യവത്തായ കാര്യങ്ങൾ പറയുന്നവരുടെ കൂടെ ആളുകൾ താനെ കൂടും. ഇന്ന് മൂല്യമില്ലല്ലോ. എല്ലാം ചടങ്ങുകൾ മാത്രമാണല്ലോ. എങ്ങിനെയെങ്കിലും ആളുകളെ ചടങ്ങുകൾ തീരുംവരെ പിടിച്ചിരുത്തേണ്ട സ്ഥിതിയായി.

കള്ളം പറയരുത്, ചതിക്കരുത്, വഞ്ചിക്കരുത്, ജീവിതത്തിൽ സത്യസന്ധത പുലർത്തണം തുടങ്ങി പലതും നമുക്കറിയാം. വേദപുസ്തകങ്ങളും പുരാണകഥകളും ഉദാഹരണസഹിതം പലവിധത്തിൽ അധാർമ്മിക ജീവിതം നയിക്കുന്നവർക്ക് ലഭിക്കാൻ പോകുന്ന ഭവിഷ്യത്തുകളെ ചൂണ്ടിക്കാണിച്ചുതരുന്നു. വായിക്കാനറിഞ്ഞിട്ടും വായിക്കാത്തവരുണ്ട്. വായിച്ചിട്ടും ഇതൊന്നും മനസ്സിലാവാത്തവരുണ്ട്. വായിക്കാത്തവരാണ് ഇതിന്റെ പ്രചാരകരും വക്താക്കളും എന്നതാണ് ഏറെ രസകരം, ഖേദകരം. എല്ലാവരും സാക്ഷരരാണ് എങ്കിലും വലുതായിട്ട് വായനാശീലം ഇല്ല പലർക്കും. വായനയിൽ നിന്ന് ലഭിച്ച നന്മയേ ജീവിതത്തിൽ പകർത്താനല്ലാതെ വെറുതെയെല്ലാം വായിച്ചിട്ടും കാര്യമില്ലല്ലോ.

ഇവിടെ മൂത്രം ഒഴിക്കരുത് എന്നെഴുതിവെച്ചാൽ പെട്ടു. അത് വായിച്ച മാത്രയിൽ ചിലർക്ക് മൂത്രമൊഴിക്കാൻ മുട്ടും. ആ അറിയിപ്പിന് താഴെ തന്നെ മൂത്രൊമൊഴിച്ചെന്നും വരും. ഇതുപോലെയാണ് ഇവിടെ തുപ്പരുത് എന്ന് കണ്ടാൽ അവിടെയെത്തുമ്പോൾ ഒന്ന് തുപ്പിപ്പോകും. പുക വലിക്കരുത് എന്ന് കണ്ടാൽ പുക വലിക്കും. മദ്യം ആരോഗ്യത്തിന് ഹാനികരമെന്ന് എവിടെയെങ്കിലും വായിച്ചുപോയാൽ പിന്നെ കുടിച്ചുനോക്കിയിട്ട് തന്നെ കാര്യം. ഇതെല്ലാം മറന്നുപോയതായിരുന്നു. ഈ ബോർ

ഡ് കണ്ടപ്പോഴാണ് ഓർമ്മ വന്നത്. ഇന്ന് കുടിച്ചില്ലല്ലോ, പുക വലിച്ചില്ലല്ലോ, ഉടനെത്തന്നെ ഇവിടെ വാഹനം നിർത്തരുത് എന്ന് എഴുതിയ ബോർഡിന് താഴെത്തന്നെ വണ്ടി നിർത്തി, അടുത്തുകണ്ട ബാറിൽ കയറി കാര്യം സാധിച്ച് പുറത്തിറങ്ങും. അപ്പോഴാകും റോഡിന് സമാന്തരമായി സ്ഥാപിച്ച ബോർഡിൽ എഴുതിയിരിക്കുന്ന വരികൾ ശ്രദ്ധയിൽ പെടുന്നത്. മദ്യപിച്ച് വണ്ടി ഓടിക്കരുതെന്ന്... അതുവായിച്ചതും 'എന്താ അല്ലിക്ക് ആഭരണമെടുക്കാൻ ഞാൻ കൂടി പോയാല് ?' എന്ന ചോദ്യം പോലെ ഒരു ചോദ്യം അയാളുടെ മനസ്സിലുദിച്ചു. എന്താ വണ്ടി ഓടിച്ചാല് ? വണ്ടിയെടുത്ത് റോഡിലൂടെ പാമ്പ് പോകുന്നതുപോലെ പോയി. ഒടുവിൽ ആക്സിഡന്റായി പോലീസ് സ്റ്റേഷനിലെത്തി. എന്ത് ചെയ്യണമെന്ന് അറിയാതെ പോലീസ് സ്റ്റേഷൻ വരാന്തയിൽ ആലോചിച്ചുനിൽക്കുമ്പോൾ അവിടെ വീണ്ടുമൊരു ബോർഡ് ശ്രദ്ധയിൽ പെട്ടു. കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും ശിക്ഷാർഹമാണ്. അറിയിപ്പ് വായിച്ചതും ഐഡിയ കിട്ടി. കൈക്കൂലി കൊടുത്ത് എല്ലാം ഒത്തുതീർപ്പാക്കി, കേസില്ലാതെ വീട്ടിലേക്ക് യാത്രയായി. വീട്ടിലൊന്നും ഇതുപോലെ എഴുതിവെയ്ക്കാഞ്ഞത് ഭാഗ്യം. മൊബൈൽ ഫോണെടുത്ത് വാട്സ് ആപ്പും ഫേസ് ബുക്കും മാറി മാറി നോക്കി സമയം കളയുമ്പോഴും കുട്ടികളോട് ഫേസ് ബുക്കും വാട്സ് ആപ്പും ഉപയോഗിക്കരുത് എന്ന് ഉപദേശിക്കാൻ മറന്നില്ല. അച്ഛന്റെയല്ലേ മക്കൾ. അവർക്കപ്പോഴാണ് മൊബൈലുള്ള കാര്യം ഓർമ്മ വന്നത്. അപ്പോൾത്തന്നെ മൊബൈൽ കൈയിലെടുത്ത് പരതാൻ തുടങ്ങി.


കഴിഞ്ഞ കുറച്ചുകാലങ്ങളായി ജനാലയിലൂടെ കമ്പി കടത്തിയും ആൾതാമസമില്ലാത്ത വീടുകളിൽ വാതിൽ തകർത്തും കോളനിക്കാരെ വല്ലാതെ ബുദ്ധിമുട്ടിച്ച് കവർച്ച നടത്തിവന്ന കള്ളനെ അവിടത്തെ ഒരുപറ്റം ചെറുപ്പക്കാർ ചേർന്നുപിടിച്ചു എന്ന് കരുതുക. കള്ളന് നാട്ടുകാരെല്ലാവരും ചേർന്ന് ഒരടി വീതം കൊടുത്താൽ തന്നെ കള്ളൻ ചത്തുപോയെന്നിരിക്കും. ഇപ്പോൾ കുറ്റക്കാർ തല്ലിയവരായി. നിയമം കൈയിലെടുക്കാമോ ? എത്ര നല്ല കള്ളനായിരുന്നെന്നോ ? പാവപ്പെട്ടവനായിരുന്നു. ഒരുനേരത്തെ ഭക്ഷണത്തിന് വകയില്ലാത്തവനായിരുന്നു. അവൻ വല്ല മന്ത്രിയോ ബിസിനസ്സുകാരനോ മറ്റോ ആയിരുന്നെങ്കിൽ മാന്യമായി ബാങ്കിൽ പോയി കോടികളുടെ തട്ടിപ്പ് നടത്തി സുഖമായി, മാന്യനായി തന്നെ ഇവിടെ ജീവിക്കാമായിരുന്നു. എന്തായാലും മരണപ്പെട്ട കള്ളന്റെ ജാതി, മതം, രാഷ്ട്രീയം തുടങ്ങി എല്ലാം ചർച്ചയായി. അതുവരെയില്ലാത്ത, വേണ്ടാതിരുന്ന, വീട്ടിൽ കയറ്റാത്ത ബന്ധുക്കളെല്ലാം അവനെ പുകഴ്ത്തി പറയാൻ തുടങ്ങി. അവർക്ക് ജോലിയോ പണമോ മറ്റോ ലഭിച്ചാലോ... സോഷ്യൽ മീഡിയയിലെല്ലാം കള്ളൻ താരമായി. പലരും കവിത എഴുതിയും ആലപിച്ചും ശ്രദ്ധ പിടിച്ചുപറ്റി. വളർന്നുവരുന്ന കുരുന്നുകൾ ഈ കാഴ്ച കണ്ട് അന്ധം വിട്ടിരുന്നു. കളവ് വലുതായാലും ചെറുതായാലും കളവ് കളവ് തന്നെയാണെന്ന് പഠിപ്പിച്ച അദ്ധ്യാപകനെ ഒരുനിമിഷം അവർ ഓർത്തുപോയി. കള്ളന്റെ കൂടെയാണ് ഭൂരിഭാഗം ആളുകളും. ഭരണകർത്താക്കളുമായി ഈ സംഭവത്തിന് തീരെ ബന്ധമില്ലെങ്കിലും പാവങ്ങളെയെല്ലാം കൊന്നാൽ സോഷ്യലിസം നടപ്പാക്കാനാകും എന്ന് ആരെങ്കിലും കരുതുന്നുണ്ടോ എന്ന വിധത്തിൽ സന്ദർഭത്തെ മുതലെടുത്ത് ചോദ്യങ്ങൾ രൂപപ്പെട്ടു. ഭാഗ്യം തല്ലിയവരിൽ എല്ലാ രാഷ്ട്രീയപാർട്ടിയിൽ പെട്ടവരും മതത്തിൽ പെട്ടവരും ഉണ്ടായിരുന്നു. ഇല്ലെങ്കിൽ ഈ സംഭവത്തെ വെച്ച് ജാതി-രാഷ്ട്രീയ മുതലെടുപ്പുകൾ നടത്തിയേനേ. എങ്കിലും ചെറുതായൊരു ശ്രമം ഏവരും നടത്തി. പാർട്ടിക്കൊടികളുമായി എല്ലാവരും പ്രകടനം നടത്തി. രാഷ്ട്രീയക്കാർ രാഷ്ട്രീയമായി ഈ സംഭവത്തെ മുതലാക്കാൻ ശ്രമിച്ചപ്പോൾ ആർക്കും വേണ്ടാതിരുന്ന കള്ളന്റെ ബന്ധുക്കൾ സാമ്പത്തികലാഭത്തിനായും കലാകാരൻമാർ, സാഹിത്യകാരൻമാർ തുടങ്ങിയ ചിലർ അവരുടെ പ്രസിദ്ധിക്കായും ഈ സംഭവത്തെ ഉപയോഗിച്ചു. നിയമപാലകർ അങ്കലാപ്പിലായി. സോഷ്യൽ മീഡിയ നിറഞ്ഞുകവിഞ്ഞു. ഈ കാലഘട്ടമിങ്ങനെയാണ്. എല്ലാവരുടെ കൈയിലും ഐ ഫോണുണ്ട്. എല്ലാവരും നല്ല റിപ്പോർട്ടർമാരാണ്. കാര്യം മനസ്സിലായില്ലെങ്കിലും മനസ്സിലായതുവെച്ച് വ്യാഖ്യാനിക്കാൻ മടിക്കില്ല. അവർ വാചാലരായി. ഇതിലും വലിയ കള്ളത്തരങ്ങൾ ചെയ്തവർ ഉന്നതപദവിയിലിരിക്കുന്നില്ലേ ? അവരെ ഒന്നും ആരും തല്ലിക്കൊല്ലുന്നില്ലല്ലോ ഉപദ്രവിക്കുന്നില്ലല്ലോ ? ചോദ്യങ്ങൾക്കൊട്ടും കുറവില്ല എങ്കിലും ഒരു പാവപ്പെട്ടവൻ വിശന്നുവലഞ്ഞ് വീട്ടിനുമുന്നിൽ വന്നാൽ അറിഞ്ഞുകൊണ്ടൊന്നും കൊടുക്കില്ല എന്നുമാത്രമല്ല അവനോട് ചോദിക്കും, സമ്പൂർണ്ണ ഭിക്ഷാടന നിർമ്മാർജ്ജന യജ്ഞം നടക്കുന്നത് അറിഞ്ഞില്ലെന്നുണ്ടോ? കുട്ടികളെ തട്ടിക്കൊണ്ടുപോകാനാണോ അല്ലയോ എന്ന് ആരറിഞ്ഞു? ആളും തരവും പരിസരവും നോക്കിവെച്ച് രാത്രിയിൽ മോഷ്ടിക്കാനിറങ്ങാനായിരിക്കും എന്നെല്ലാം പറഞ്ഞ് ഓടിച്ച് വിടുംമുമ്പ് മൊബൈൽ ഫോണിലൊരു ഫോട്ടോയെടുത്ത് ഭിക്ഷാടനം നിരോധിച്ചിട്ടും ഭിക്ഷക്കാർ നഗരത്തിൽ വിലസുന്നു എന്ന അടിക്കുറിപ്പോടെ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യാനും ഭിക്ഷക്കാരനെ തല്ലാനും മടിക്കില്ല. എന്നാൽ വേറെയെവിടെയെങ്കിലും ഇത്തരത്തിൽ ഒരു സംഭവം നടന്നാൽ സോഷ്യൽ മീഡിയയിലൂടെ ആളാവാൻ ശ്രമിക്കുന്ന ഇത്തരക്കാരാണ്, കൈക്കൂലി വാങ്ങുന്നവരെ ശരിക്കും പിടിപ്പിക്കണം, നിയമത്തിന് മുമ്പിൽ കൊണ്ടുവരണമെന്നെല്ലാം പറയുന്നത്. കൈക്കൂലി കൊടുത്ത് കാര്യം നേടിക്കഴിയുമ്പോൾ എന്തെങ്കിലുമാവട്ടെ നമ്മളായിട്ട് എന്തിന് പ്രശ്നമുണ്ടാക്കണം, ഇതിന്റെ പിന്നാലെ ചുറ്റിത്തിരിയാൻ എവിടെയാ സമയം? എന്നാൽ ഇതേ വ്യക്തി തന്നെ കൈക്കൂലി മേടിക്കാൻ പാകത്തിനുള്ള ഒരു ജോലി കിട്ടിയാൽ കൈക്കൂലി മേടിക്കും. എന്നിട്ട് പലവിധത്തിലും അതിനെ ന്യായീകരിക്കും. അവസരം കിട്ടുന്നതുവരെ ആദർശവാൻ. അവസരം കിട്ടിയാൽ ആദർശത്തെ ബലി കഴിച്ച് ഉന്നതപദവിയിലേക്ക് ഉയരും. അഴിമതിക്കാരായ എത്രയോ ഉദ്യോഗസ്ഥരേയും മന്ത്രിമാരേയും മുൻമന്ത്രിമാരേയുമെല്ലാം നമുക്കറിയാം. നാം പലപ്പോഴും മാറി നിന്ന് പ്രതികരിക്കും. പക്ഷെ വിവാദ നായകന്മാരേ നേരിട്ട് കാണാൻ, അടുത്ത് ചെല്ലാൻ, സംസാരിക്കാൻ ഒരവസരം കിട്ടിയാൽ ഒരു സെൽഫിയെടുക്കും, ഓട്ടോഗ്രാഫും വാങ്ങും, സോഷ്യൽ മീഡിയയിലൂടെ ഒരു സംഭവമാക്കും. കേവലമൊരു സെൽഫിയെടുക്കാൻ സാധിച്ചതിലുള്ള സന്തോഷം കൊ

ണ്ടുമാത്രം പിന്നീട് അവർ ചെയ്യുന്ന എന്തുകുറ്റത്തേയും ന്യായീകരിച്ചേ നിങ്ങൾ സംസാരിക്കുകയുള്ളൂ. എങ്കിൽ പിന്നെ അവരുടെ കൂടെ പൂർണ്ണസമയം ചിലവഴിച്ച് ജീവിക്കുന്നവരുടെ കാര്യം പറയാനുണ്ടോ? എന്തുവില കൊടുത്തും അവർ അവരുടെ നേതാവിനെ രക്ഷിക്കും. ഏതൊന്നിനെ കുറിച്ചും പ്രതികരിക്കും മുമ്പ് തിരിച്ചും മറിച്ചും ചിന്തിക്കൂ. മദ്യപൻ ദിനവും മദ്യപിച്ച് സ്വന്തം വില നഷ്ടപ്പെടുത്തുന്നതുപോലെ സോഷ്യൽ മീഡിയയിലൂടെ പ്രതികരിച്ച് സ്വന്തം വ്യക്തിത്വം നഷ്ടപ്പെടുത്താതെ നോക്കുക. എന്തുകൊണ്ടും മൗനം തന്നെയാണ് വിദ്വാന് ഭൂഷണം.

തേനീച്ച കൂട്ടിന് അതുമല്ലെങ്കിൽ കാക്കയ്ക്ക് കല്ലെറിഞ്ഞാൽ എന്തുസംഭവിക്കും ? കുറച്ചുനേരം അത് ബഹളം വെയ്ക്കും, പറന്നുനടക്കും, മറ്റുള്ളവരെ ഉപദ്രവിക്കും. അതുകഴിഞ്ഞാൽ എല്ലാം ശാന്തമാകും. കൂട്ടിൽ തിരിച്ചുകയറി തേനും കുടിച്ചിരിക്കും. ഇനിയൊരു കല്ലേറ് ആർക്കെങ്കിലും കിട്ടുന്നതുവരെ പുറത്തേയ്ക്ക് വരില്ല. ഇതുപോലെയായി ജനം. എല്ലാവരുടേയും കൈയിൽ ആവശ്യത്തിൽ കൂടുതൽ പണമുണ്ട്. പട്ടിണിയും ദാരിദ്ര്യവുമൊന്നും എന്തെന്നുപോലുമറിയില്ല. അങ്ങനെയുള്ള ആരെങ്കിലും ഇവിടെ ജീവിച്ചിരിപ്പുണ്ടോ എന്നുപോലും നോക്കാറില്ല. തേൻ തീരുമ്പോൾ ഒരുനാൾ പുറത്തിറങ്ങേണ്ടിവരും. തേനിന്റെ ഉറവകൾ ഇല്ലാതായതിന് നാമോരോരുത്തരും ഉത്തരവാദിയാണെന്ന് തിരിച്ചറിയും. പ്രകൃതിയെ അപ്പാടെ നശിപ്പിച്ച് വീട്ടിൽ കൊണ്ടുപോയി വെച്ചിരിക്കുകയാണ് പലരും. അതെല്ലാം പ്രകൃതി തിരിച്ചുമേടിക്കുക തന്നെ ചെയ്യും. അതുവരെ മരത്തേയും വെള്ളത്തേയും മലകളേയും പർവതങ്ങളേയും എന്തിന് വായുവിനെ വരെ അടക്കിപ്പിടിച്ചോളൂ.

എല്ലാവരും നല്ല ചൂടിലാണ്. പലരും നിവൃത്തിയില്ലാതെയാണെങ്കിലും സാവധാനം കത്തിത്തുടങ്ങിയിട്ടുണ്ട്. അവരുടെ അടുത്തു ചെന്ന് പൊട്ടിത്തെറിക്കാതെ മാറിനിൽക്കുന്നതാണ് നല്ലത്. കാര്യങ്ങളെല്ലാം കലങ്ങിമറിഞ്ഞ് ഒരുനാൾ ശരിയാവുമെന്നുതന്നെ നമുക്ക് പ്രതീക്ഷിക്കാം.

●



**എം. എം. മേനോൻ**
**0491 6451469, 0491 2572939**

# ആത്മ വിശ്വാസം

ഏക തത്ത്വ പുസ്തകം 7 ലക്കം 11 OCT 2017ൽ ആത്മവിശ്വാസത്തിന്റെ പ്രാധാന്യം, അതിനെ ദൃഢപ്പെടുത്തേണ്ട ആവശ്യം, അതിനെ ബാധിക്കുന്ന 'സംസ്കാരങ്ങൾ' (ജീവിതയാത്രയിൽ അറിഞ്ഞും അറിയാതേയും വലിച്ചുകയറ്റി പ്രഭാവിതമോ വക്രീകരിക്കുന്നതോ ആയ അനുഭവങ്ങൾ), സമുദായത്തിലെ ച്യുതികളെ പരിഹാരത്തിനായി എടുത്തുകാട്ടുന്നതിനോടൊപ്പം, പ്രശംസനീയ സംഭവങ്ങളെ/കർമ്മങ്ങളെക്കുറിച്ച് എല്ലാവരേയും അറിയിച്ച്, ആത്മവിശ്വാസത്തെ ശക്തപ്പെടുത്തേണ്ട ആവശ്യത്തെ ചൂണ്ടിക്കാട്ടി, എത്രയും മുഖ്യമായ ഇതിനെക്കുറിച്ച് വരും ലക്കങ്ങളിൽ ചർച്ച ചെയ്യാം എന്നു കൊടുത്തിരുന്നു.

ജീവിതത്തിൽ നമുക്കില്ലാത്തതിനെ (നഷ്ടപ്പെടുന്നതും തന്നെ) ക്കുറിച്ച് ചിന്തിച്ച് ദുഃഖിച്ച്, ഉള്ളതിനേയും ക്ഷയിപ്പിക്കുന്ന പക്ഷം ഹതാശയും, അതുനിമിത്തം സ്വന്തം മൗഢ്യത്തിനു പുറമെ ചുറ്റുപാടും അന്ധകാരം പരുത്തുന്നതിനാൽ സ്ഥിതി കൂടുതൽ മോശമല്ലെ ആവുക? എല്ലാവർക്കും ഉസൈൻ ബോൾട്ടനെപ്പോലെ (USAIN BOLT) ഓടാൻ കഴിയുകയില്ല, ഊർവ്വശി-മേനകമാരെപ്പോലെ സൗന്ദര്യവും ആരോഗ്യവും ഉണ്ടാവുകയില്ല. എന്നാൽ, പ്രശസ്ത അന്ധ-ബധിര ഡോ. ഹെലൻ കെല്ലർ, ഊർജ്ജതന്ത്ര ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിംഗ് (Stephen Hawking), അന്ധ-ബധിര-മൂക, WHEEL CHAIR ബദ്ധൻ, അന്യരുടെ സഹായമില്ലാതെ ഒന്നും തന്നെ ചെയ്യാൻ കഴിയാത്ത മഹാൻ, എന്നിവരുടെ ഉദാഹരണങ്ങളിലൂടെ, സ്വന്തം ആത്മവിശ്വാസത്തെ ക്ഷയിക്കാൻ അനുവദിക്കാതെ, ജീവിതത്തിൽ മുന്നേറുവാൻ ശ്രമം സഹായകരം ആകാം. 'സൃഷ്ടികർത്താവിനെ' പഴിച്ചോ, അന്യരെക്കുറിച്ച് അസൂയപ്പെട്ടോ ഒരു പ്രയോജനവും ഉണ്ടാവില്ലെന്നു മാത്രമല്ല മൗഢ്യത്താൽ ദോഷമല്ലെ സാധ്യത?

നമ്മുടെ ഉള്ള കഴിവുകളെ യോജിപ്പിച്ച/ കേന്ദ്രീകരിച്ച ആത്മവിശ്വാസത്തെ ദൃഢപ്പെടുത്താൻ സഹായിക്കുന്ന ഒന്നാണ് എക്കണത്തു ഈശ്വരന്റെ 'എട്ടംശ പരിപാടി' ഏക തത്ത്വ പുസ്തകം 4 ലക്കം 12 NOV 2014 ഉം ലക്കം 5 പുസ്തകം 1 DEC 2014 ഇതിലെ മുഖ്യ അംശങ്ങൾ ചുരുക്കത്തിൽ താഴെ കൊടുക്കുന്നു. ഈശ്വരൻ, ജ്ഞാനി/ ലേഖകൻ/ ചിന്തകൻ, BLUE MOUNTAIN CENTRE OF MEDITATION അമേരിക്കയിൽ സ്ഥാപിച്ച്, നാല്പതുവർഷം (ലോക മഹായുദ്ധത്തിനു ശേഷം) അവിടത്തെ മധ്യവർഗ്ഗത്തിനും യുവാക്കൾക്കുമായി നൽകിയ ഭാഷണങ്ങളും എഴുതിയ പുസ്തകങ്ങളും, ഇന്ന് ഇന്ത്യക്കാർക്കു അതിലും എത്രയോ അധികം അനിവാര്യം തന്നെയാണ്. ഇംഗ്ലീഷി

ൽ എഴുതിയ ഈ പുസ്തകങ്ങളിൽ സുമാർ 18 എണ്ണം പാലക്കാട് ഡിസ്ട്രിക്ക്റ്റ് പബ്ലിക്ക് ലൈബ്രറിയിൽ ഉണ്ട്. വായിച്ച് ഗുണമടയുവാൻ അപേക്ഷ. ധനം, ഭൗതിക പ്രഗതി എന്നീ വിഷയങ്ങളിൽ ഇന്നത്തെ ഇന്ത്യയുടെ സ്ഥിതി അന്നത്തെ അമേരിക്കയുടെ നിലയിൽ നിന്നു എത്രയോ താണതായതിനാൽ ഈ പുസ്തകങ്ങളിൽ നിന്നു ലഭിക്കുന്ന ജ്ഞാനം നമുക്കുതികച്ചും അനിവാര്യമാണ്, ഭാവിയെ വിനാശത്തിൽ നിന്നു രക്ഷിക്കാൻ നമ്മളെല്ലാവരുടേയും അശ്രാന്ത പരിശ്രമം കൂടിയേ തീരൂ. എക്കണത്ത് ഈശ്വരന്റെ എട്ടംശ പരിപാടിയുടെ സംക്ഷിപ്ത വിവരണം രണ്ടാം ഭാഗത്തിൽ നിന്നും തുടങ്ങാം. ഒന്നാം അംശമായ ധ്യാനം എന്നതിനെ അവസാന പടിയായി നീക്കി വെച്ചിരിക്കുകയാണ്. എന്തെന്നാൽ ഇതിന് ചില നിബന്ധനകളും ഒരുക്കങ്ങളും ആവശ്യമുള്ളതിനാൽ വായനക്കാരെ <u>ആരംഭത്തിൽ</u> തന്നെ നിരുത്സാഹപ്പെടുത്താൻ സാധ്യതയുണ്ട്!

**1) മന്ത്രം**

ഇതു വായിക്കുമ്പോൾ ആദ്യം മനസ്സിൽ ഉദിക്കുന്ന ചിത്രം ഒരുപക്ഷെ TV/സിനിമയിലെ ദേഹത്തിൽ കറുത്ത ചാന്തോ, രക്തചന്ദനമോ, കുങ്കുമമോ, ഭസ്മമോ പൂശി, ഇടതുകൈയ്യിൽ മണി, വലതു കൈയ്യിൽ ചൂൽ/ചൂരൽ പിടിച്ചു, കർപ്പൂരം, നെയ്യ്, ഇട്ട് ആളിക്കത്തുന്ന ഹോമകുണ്ഡത്തിൻ മുമ്പിൽ കണ്ണടച്ചു 'ഓം ഹ്രീം ക്രീം ഐസ്ക്രീം.....' എന്നീ ആർക്കും മനസ്സിലാവാത്ത ശബ്ദങ്ങൾ പുറപ്പെടുവിച്ച് പ്രേതബാധ ഒഴിക്കാൻ ശ്രമിക്കുന്ന മന്ത്രവാദികളാവാം! എന്നാൽ ഈ പരിപാടിയിൽ മന്ത്രം എന്നതിന്റെ അർത്ഥവും ഉദ്ദേശവും തീരെ ഭിന്നമാണ്. ഈ എട്ടംശ പരിപാടിയിൽ ഏവരാലും എളുപ്പത്തിൽ പ്രയോഗിക്കാവുന്നതും വളരെയധികം ഗുണം ചെയ്യുന്നതുമായ ഒന്നാണ് ഇതും. പ്രത്യേകിച്ചും ഉറങ്ങുന്നതിനു മുമ്പും മനസ്സിൽ ചെറു പ്രാർത്ഥനക്കുശേഷം കണ്ണടച്ചും, ഉറങ്ങിപ്പോകുന്നതുവരെ ഉരുവിടാൻ ശീലിച്ചാൽ ദുഃസ്വപ്നങ്ങളുടെ ബാധയില്ലാതെ സുഖനിദ്രക്കു മന്ത്രോച്ചാരണം സഹായം ചെയ്യും. വേറെയൊന്നും കാര്യമായി ചെയ്യാനില്ലെങ്കിൽ വെറിപിടിച്ചു, പുൽപോന്തു, വെട്ടുകിളി/ കുരങ്ങും എന്നിവയെപ്പോലെ തുള്ളിച്ചാടി നമ്മെ അസ്ഥിരപ്പെടുത്തുന്ന മനസ്സിന്മേൽ നിയന്ത്രണം/ പ്രഭുത്വം നേടി, അതിനെ നമ്മുടെ യഥാർത്ഥ നന്മയ്ക്കായി ഉപയോഗിക്കാൻ മന്ത്രോച്ചാരണം/ ജപം ഉപകരിക്കും. ഇതിന് പ്രത്യേക സമയമോ, സൗകര്യമോ, ഉപകരണമോ, സ്ഥലമോ ആവശ്യമില്ല. ദൈനിക ജീവിതത്തിൽ ഒരു തടസ്സവുമില്ലാതെ ഉപയോഗിക്കാൻ ഇതിന് ധാരാളം സമയവും മറ്റും ഉള്ളത് നാം അറിയുന്നില്ല. മൂർച്ച കൂടിയ ഉപകരണങ്ങൾ കത്രിക, കത്തി എന്നിവ, വിദ്യുച്ഛക്തി, അഗ്നി എന്നിവയാൽ അപകടസാധ്യതയില്ലാത്ത അവസരങ്ങളിൽ ഇത് ഉപയോഗിക്കാം. വാഹനം ഓടിക്കുമ്പോഴോ തിരക്കുപിടിച്ച പാതയിൽ നടക്കുമ്പോഴോ ആയ അവസരങ്ങളെ ഒഴിച്ച്, ആർക്കെങ്കിലും എന്തിനെങ്കിലും കാത്ത് മുഷിയാൻ സാധ്യതയുള്ള സന്ദർഭങ്ങളിൽ ഇത് ഉത്തമം ആണ്.

എല്ലാ മതങ്ങളിലും നമുക്കായി ഗുണം ചെയ്യുന്ന മന്ത്രങ്ങൾ ഉണ്ട്. നിരീശ്വരവാദികൾക്കും യുക്തിവാദികൾക്കും തന്നെ ഇത് സഹായകരം ആണ്. ഹിന്ദുക്കൾക്കും രാമ- രാമ, നമശ്ശിവായ, ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ, ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ എന്നുള്ളവ എളുപ്പത്തിൽ സ്വീകരിച്ചുപയോഗിക്കാനാവുന്നതാണ്. ക്രിസ്തുമതക്കാർക്ക് JESUS (യേശു), HAIL MARY, AVE MARIA എന്നുള്ളവയുണ്ട്. ഇസ്ലാം വിശ്വാസികൾക്ക്, യാ ഇലാഹാ ഇൽ അല്ലാഹ്, മുഹമ്മദ് രസൂൽ അല്ലാഹ്, ബിസ്മില്ലാഹ് - ഇർ - രഹ്മാൻ-ഇർ-രഹീം എന്നുള്ളവ സഹായം ചെയ്യും. എല്ലാ മതവിശ്വാസികൾക്കും അവിശ്വാസികൾക്കും തന്നെ സ്വീകാര്യമായ മന്ത്രങ്ങളും നിർദ്ദേശങ്ങളും/ ഉപദേശങ്ങളും എക്കണത്ത് ഈശ്വരന്റെ Manthram Handbook (ഇംഗ്ലീഷിലാണ്)ൽ ഉണ്ട്. ഇത് പാലക്കാട് ഡിസ്ട്രിക് പബ്ലിക്ക് ലൈബ്രറിയിൽ ഉള്ളത് വായിച്ച് ഗുണമടയാൻ അപേക്ഷ.

**2) വേഗത കുറയ്ക്കൽ (ധീമീകരണം)**

എല്ലാ കാര്യങ്ങളും ഉടനടി/ അതിവേഗം ചെയ്തുതീർക്കാതെ ഇന്നുകാലത്ത് വേറെ വഴിയില്ലെന്നും അത് നൈപുണ്യ പ്രദർശനമാണെന്നും കരുതുന്നത് ഇന്ന് പ്രബലമായി വരുന്ന തെറ്റിദ്ധാരണകളാണ്. ചുറുചുറുപ്പും/ വെറിയും വൈദഗ്ദ്ധ്യവും പര്യായവാക്കുകളായി നാം സ്വീകരിക്കാൻ തുടങ്ങിയിരിക്കുന്നു. നമ്മുടെ (അനാവശ്യ!) ആവശ്യങ്ങളെ പെരുകാനനുവദിച്ച്, അവയെല്ലാം ഒഴിക്കാൻ സാധിക്കാത്തവയാണെന്ന് ചിന്തിക്കുന്നത് കാരണം, ശ്വാസംമുട്ടി, ധൃതിപിടിച്ച് ചെയ്യാൻ ശ്രമിച്ച്, തെറ്റുകൾ വരുത്തി, തിരുത്തുവാനോ വീണ്ടും ചെയ്യുവാനോ നാം നിർബ്ബന്ധിതരായിവരുന്നു. ഇതുകാരണം കൂടുതൽ പണച്ചിലവും സമയ നഷ്ടവും മനഃക്ലേശവും ഉണ്ടാവുന്നു എന്ന് നാം അറിയുന്നില്ല. 'ജോലി എത്ര കിടക്കുന്നു! ചിന്തിക്കാൻ എവിടെ നേരം?' എന്നുള്ള തോന്നൽ കാര്യങ്ങളെ കൂടുതൽ വഷളാക്കിവരുന്നു. ഇതിന് പരിഹാരമാണ് ഒന്നുകിൽ 'ആവശ്യം' എന്ന് കരുതുന്നവയെ ബുദ്ധിപൂർവ്വം <u>ചുരുക്കുക</u>, അല്ലെങ്കിൽ അവസാനനിമിഷം വരെ നീട്ടിവെക്കാതെ, <u>കുറച്ചുമുമ്പ് തന്നെ</u> ആരംഭിച്ച്, ക്ഷമയോടെ, ചിട്ടയോടെ, പക്വതയോടെ ചെയ്യുക. പരക്കം പാച്ചിൽ തീരെ ഒഴിവാക്കേണ്ട ഒന്നാണ്. അല്ലാത്തപക്ഷം നമ്മുടെ ഹൃദയവും മറ്റുള്ള അവയവങ്ങൾക്കും സമ്മർദ്ദം ഉണ്ടാക്കിവരുന്നത് ശീലമാക്കിയാൽ ഗുരുതരബാധകൾക്ക് (BP, Tension) നാം ഇരയായി വരുന്നു. വേഗത ചുരുക്കൽ എന്നാൽ കാര്യങ്ങളെ ഇഴഞ്ഞ് ഇഴഞ്ഞ്, നിർത്തിവെച്ച്, നീട്ടിവെച്ച് ചെയ്യുക എന്നല്ല അർത്ഥം. വിവേചന ശക്തി ഉപയോഗിച്ച്, ചിന്തിച്ച്, പ്രവൃത്തിയുടെ ക്രമവും വിധവും തീരുമാനിച്ച ശേഷം ശ്രദ്ധയോടെ, തെറ്റാതെ ചെയ്യുക എന്നതിനാൽ ഫലം തൃപ്തികരവും കുറിച്ച സമയത്തിനും ആയി നമുക്ക് ലഭിക്കുന്നു. ഓരോ പ്രാവശ്യവും ഇങ്ങ

നെ തെറ്റുകൂടാതെ ചെയ്യുമ്പോൾ നമ്മുടെ ആത്മവിശ്വാസം ശക്തമായി വരുന്നു.

### 3) ഏകാഗ്രത (ശ്രദ്ധയുടെ കേന്ദ്രീകരണം)

ഇന്നു പല ദിശയിൽ നിന്നും, പലപ്പോഴും, പലവിധത്തിലും മാറിമാറി അടിച്ചു കയറിവരുന്ന പരസ്യങ്ങളാൽ നാം വ്യതിചലിക്കപ്പെടുന്നതിന്റെ ഏറ്റവും ഹാനികരഫലമാണ്, പ്രവൃത്തിയിൽ പൂർണ്ണ ശ്രദ്ധ ചെലുത്താൻ വയ്യായ. ഇതിനാൽ കാര്യങ്ങളെ തൃപ്തികരമാംവിധം ചെയ്യാൻ കഴിയാതെ വന്ന് മനസ്താപം അധികമായിവരുന്നു. TV വഴി, പരസ്യങ്ങൾക്ക് നിരക്ക് അധികമായതിനാൽ പലവിധമായ ഓരോന്നും 8-10 സെക്കന്റ് മാത്രമായി നമ്മുടെ (attention span) ശ്രദ്ധയുടെ കാലയളവും, കുറച്ചു കൊണ്ടുവരുന്നു, മനസ്സിനെ ചിന്നിച്ചിതറാൻ കാരണമായി വരുന്നു. അപൂർവ്വം ചിലരെയൊഴിച്ച് നമുക്കെല്ലാം തെറ്റുകൂടാതെ, തൃപ്തികരമാം വണ്ണം, ശ്രദ്ധയോടെ ചെയ്യാൻ കഴിയുന്ന വിധമാണ് ഓരോന്നോരോന്നായി ക്രമമായി ഏകാഗ്രതയോടെ ചെയ്യുന്നത്. ഗാന്ധിജി ഗുരുവായി മാനിച്ച രായ്ചന്ദ ഭായിയെ 'ശതാവാധാനി' എന്നു (100 കാര്യങ്ങളിൽ ശ്രദ്ധ വെച്ച് ചെയ്യാൻ കഴിവുള്ളർ!) കരുതിയിരുന്നു. അതുപോലെത്തന്നെ ചില 'അഷ്ടാവധാനികൾ' (എട്ട് പ്രവൃത്തികളെ ഒന്നിച്ച് ചെയ്യാൻ സാധിക്കുന്നവർ) ഉണ്ടത്രെ! എന്നാൽ സാധാരണക്കാരായ നമ്മളിൽ മിക്കവർക്കും ഏറ്റവും ഉചിതവും തൃപ്തികരവുമായ വിധമാണ് കാര്യങ്ങളെ പ്രധാന്യതയുടെ ക്രമത്തിൽ ഓരോരോന്നോരോന്നായി ഏകാഗ്രതയോടെ ചെയ്യുന്നത്. വിദ്യുച്ഛക്തി കിരണങ്ങൾക്ക് 1,86,000 മൈൽ പ്രതിമണിക്കൂർ എന്ന വേഗതയുണ്ട്. അതിനെ ഉപയോഗിച്ച് multi plexing എന്ന 'അടവു' പ്രകാരം, ഒരു ചെറു കാലയളവിൽ തന്നെ പല വ്യത്യസ്ത കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നു. മനുഷ്യന്റെ ബുദ്ധിക്ക് ഇത് സാധിക്കില്ലെങ്കിലും തന്നെ ഇന്ന് പ്രചാരത്തിലുള്ള അനുചിതവും തീരെ തെറ്റായതുമായ മാർഗ്ഗം/പദമാണ് multi tasking! ഇതിനാൽ നാം കബളിക്കപ്പെടുന്നുവെന്നല്ലാതെ വാസ്തവത്തിൽ ഇത് അസാധ്യം തന്നെയാണ്.

ആഹാരം കഴിക്കുമ്പോൾ tv/phone ഉപയോഗിക്കാതിരിക്കുക, paper/പുസ്തകം/വായിക്കാതിരിക്കുക, അന്യരുമായി (പ്രത്യേകിച്ച് കുട്ടികളുമായി), സംസാരിക്കുമ്പോൾ പൂർണ്ണ ശ്രദ്ധ ചെലുത്തുക, എന്നിവ മനസ്സിന്റെ ഏകാഗ്രതക്കു വളരെ മുഖ്യമാണ്. കുട്ടികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ കൊടുക്കാതെ മനസ്സിനെ ചിതറാൻ അനുവദിച്ച് പഠിപ്പിച്ചാൽ, ഭാവിയിൽ വളരെയധികം ദോഷം ചെയ്യും. ആത്മവിശ്വാസത്തെ ബാധിക്കും.

### 4) ഇന്ദ്രിയ നിഗ്രഹം

പഞ്ചേന്ദ്രിയങ്ങളെ ഖണ്ഡിച്ച് നശിപ്പിക്കുക എന്നു തീരെയല്ല ഇത്. ജീവിതയാത്രയിൽ നമുക്ക് ചെയ്യേണ്ട അനേകം കാര്യങ്ങൾക്ക് നമ്മുടെ ഇന്ദ്രിയങ്ങളുടെ പൂർണ്ണ സഹകരണം അനിവാര്യമാണ്. ഇന്ദ്രിയങ്ങൾക്ക് ശക്തിക്ഷയം വരാതെ, ഇവയെ ഉചിത മാർഗ്ഗത്തിൽ നയിച്ചു നിയന്ത്രിക്കുന്നത് അത്യാവശ്യം ആണ്. നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്ക്, ന്യായീകരിക്കാൻ പറ്റുന്നതും വിശ്വാസനീയവുമായ ഒരു ആധാരം ഇല്ല എന്നു നാം അറിയുന്നില്ല. എന്നാൽ ഈ ഇന്ദ്രിയങ്ങളെ നമ്മുടെ വാസ്തവ ഗുണത്തിനായി പരിശീലിപ്പിക്കാൻ കഴിയുമെന്ന് മാത്രമല്ല, ഇത് നമ്മളേവരുടേയും ഒഴിച്ചുകൂടാത്ത ധർമ്മവും ആണ്. അല്ലാത്തപക്ഷം പല ദിക്കുകളിൽനിന്നും പല സമയത്തും വിധത്തിലും അടിച്ചുകയറിവരുന്ന പരസ്യങ്ങളും മറ്റും നമ്മളെ 'കുരങ്ങു കളിപ്പിക്കു'മെന്നു തീർച്ചയാണ്. ഇതിന്റെ നേർഫലമായി നമ്മുടെ ജീവിതത്തിലെ ഉചിത/ഉന്നത ലക്ഷ്യത്തെ അടയുവാൻ നമ്മൾ അസമർത്ഥരായി പശ്ചാത്തപിക്കേണ്ടിവരുന്നു. പഞ്ചേന്ദ്രിയങ്ങളാൽ വ്യതിചലിക്കപ്പെടുന്നതിന്റെ പ്രധാന കാരണമാണ് അസ്വസ്ഥ/അനിയന്ത്രിത മനസ്സ്. മെഹർ ബാബയുടെ അത്യുത്തമ ചേതാവനി. 'ദ്രുതഗതിയോടെ പരക്കം പായുന്ന മനസ്സ് രോഗിയാണ്, മന്ദഗതിയായ മനസ്സ് ആരോഗ്യ പൂർണ്ണമാണ്; നിശ്ചലമായ മനസ്സ് ദൈവീകമാണ്' നാം ഒരിക്കലും മറക്കരുത്.

നമ്മൾ വായിക്കുന്ന പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും, കാണുന്ന TV/ സിനിമ /video, എല്ലാം തന്നെ നമ്മുടെ ഇഷ്ടാനിഷ്ടങ്ങളെ ദുർദ്ദിശയിലായി ശക്തപ്പെടുത്തുന്ന തിനുപുറമെ, ക്രമേണ ശീലമാക്കി പാടെ അസ്ഥിരമാക്കുന്നു. മനോരഞ്ജനം ഗുണകരം തീർച്ചയായും ആവശ്യമാണ് എന്നാൽ നിസ്സംഗത (പാശമില്ലായ്മ)യില്ലെങ്കിൽ ആത്മവിശ്വാസത്തിന് തടസ്സമായി വരുന്നു. ഇഞ്ചിപ്പുളി (ഭോജനക്കുരടാവ്!) ദഹനത്തിനു സഹായമാണ്. എന്നാൽ അതിനെ മുഖ്യ ആഹാരമാക്കാമോ?? സ്വാദിന്മേൽ ഊന്നൽ കൊടുക്കാതെ, ദേഹത്തിനും മനസ്സിനും വാസ്തവ ഗുണം ചെയ്യുന്നതിൽ ശ്രദ്ധിക്കുക. ഇതേപ്രകാരം കഴിഞ്ഞു പോയതിൽ നിന്നും ഭാവിയിൽ ഉണ്ടാകാം എന്നു തോന്നിക്കുന്നതിൽ നിന്നും ശ്രദ്ധയെ അകറ്റി തൽസമയത്തിൽ പൂർണ്ണ മനസ്സ് ചെലുത്തുന്നത് ആത്മവിശ്വാസത്തെ ദൃഢപ്പെടുത്തുന്നു. നമ്മൾ ഉൾക്കൊള്ളുന്നത് ഇന്ദ്രിയങ്ങളിൽ നിന്നു മാത്രമല്ല മനസ്സിലൂടേയും ആയതിനാൽ അനുചിത ചിന്തകളേയും മനോകല്പനകളേയും ഒഴിവാക്കേണ്ടതാണ്. ഇഷ്ടാനിഷ്ടങ്ങളിൽ അനിവാര്യമായ പ്രഭുത്വം സ്ഥാപിക്കാൻ ഏറ്റവും എളുപ്പമായ ഒന്നാണ് ദൈനിക ആഹാരം വഴി, എന്തെന്നാൽ ഒരു ദിവസത്തിൽ ഇതിനു പല അവസരവും നമുക്ക് ലഭിക്കുന്നു. അങ്ങേ അറ്റത്തെ ഉത്തേജനവും ഇങ്ങേ അറ്റത്തെ അത്ര തന്നെ തീവ്രമായ വിഷാദവും ഒഴിച്ച്, 'സമചിത്തത' പാലിക്കാൻ ഇന്ദ്രിയ നിഗ്രഹം കൂടാതെ കഴിയില്ല. വാശിയും, മുരട്ടിപ്പിടിത്തവും, 'പൊട്ടിത്തെറിയും', വിഷണ്ണതയും ദർശിപ്പിക്കുന്നത് ഇന്ദ്രിയങ്ങളിൽ തീരെ സ്വാധീനമില്ല എന്നല്ലേ?

### 5) അന്യർക്ക് മുൻഗണന (സ്വാർത്ഥപരതയുടെ ഉൻമൂലനം)

ശ്രദ്ധയെ നമ്മളിൽ തന്നെ കേന്ദ്രീകരിക്കുമ്പോൾ നമ്മളറിയാതെ നമ്മേയും അന്യരേയും വേർപെടുത്തുന്ന മതിൽ നാം കെട്ടിപ്പൊക്കു

ന്നു. തുടക്കത്തിൽ തന്നെ ദൂരെയുള്ളവർക്കോ സ്നേഹബന്ധമില്ലാത്തവർക്കോ മുൻഗണന നൽകുന്നത് അസാധ്യമാണ്! അതിനാൽ തൊട്ടടുത്തുള്ള ബന്ധുമിത്രാദികളിൽ നിന്ന് ആരംഭിച്ച്, അവരുടെ പ്രധാന ആവശ്യങ്ങളെ സാധിപ്പിച്ചുകൊടുക്കാൻ ശീലിപ്പിക്കുന്നത് ഉത്തമമാണ്. എന്തെന്നാൽ ഈ അന്തരീക്ഷം സുപരിചിതവും സ്നേഹം നിറഞ്ഞതുമാണ്. പൊതുവിഷയങ്ങളിൽ (ആഹാരം, മനോരഞ്ജന വഴികൾ എന്നിവയിൽ) സ്വന്തം അഭിപ്രായത്തിനുപകരം അന്യരുടെ തീരുമാനത്തിന് വിട്ടുകൊടുക്കുന്നത് സഹായകരമാണ്. ഇപ്രകാരം നമ്മളെ അലട്ടുന്ന (ഹിമാലയം പോലെയെന്നു തോന്നിക്കുന്ന !) ചെറു ചെറു സ്വന്ത പ്രശ്നങ്ങളിൽ നിന്ന് നാം മുക്തരായി വരുന്നു! കുട്ടികളുടെ കളിയിൽ മനസ്സോടെ പങ്കുകൊള്ളുന്നത് ഗുണകരം ആണ്. അഭിപ്രായ വ്യത്യാസങ്ങൾ ഉള്ള ഇടത്തിൽ ഇവയെ അറിയിക്കുന്ന വിധം പ്രധാനമാണ്. ശ്രീ ഈശ്വരൻ വ്യക്തമാക്കുന്നതാണ്, 'To disagree, it is not necessary to be disagreeable!' (വിയോജിപ്പ് അറിയിക്കുന്ന വിധം ദുഃസ്സഹമാക്കരുത്!) ക്ഷമയോടെ കേൾക്കുന്ന പക്ഷം അഭിപ്രായ വ്യത്യാസങ്ങൾ തലയെടുത്ത് അത്ര ശക്തമായി പെരുകില്ല. പുറമെ വിയോജിപ്പുണ്ടെങ്കിലേ നമുക്ക് നമ്മുടെ പിഴകളും സ്പഷ്ടമാവുകയുള്ളൂ. ഒരു മുഖ്യചേതാവനി. നമ്മുടെ പ്രശ്നങ്ങളുടെ ദുസ്സഹം എന്ന് തോന്നിക്കുന്ന ഭാരം ഏറ്റേണ്ടത് നാം തന്നെയാണ്. എന്നാൽ അന്യരുടെ ചുമട് തൂക്കാൻ സഹായിക്കുമ്പോൾ വാസ്തവത്തിൽ ഭാരമേൽക്കുന്നത് നമ്മളേവരുടേയും തൊട്ടുപിമ്പിലുള്ള, ഈശ്വരൻ നിർമ്മിച്ച, അത്താണിയല്ലേ? സ്വന്തം 'ദുരിതങ്ങളുടെ' മാനസിക ആധി നമ്മെ ക്ഷീണിപ്പിക്കുന്നു. എന്നാൽ അന്യരെക്കുറിച്ചുള്ള അനുതാപം ശുദ്ധീകരിച്ച് ശക്തപ്പെടുത്തുന്നു. മഹാകവി വള്ളത്തോളിന്റെ മഗ്ദലനമറിയത്തെക്കുറിച്ചുള്ള 'അത്താണി' ഇതിനു വിശദീകരണം നൽകുന്നു.

**6) ഗുണമേന്മയേറിയ**

**രചനകളുടെ വായന**

ഇന്ന് ദൃശ്യ/ശ്രവണ/ ലിഖിത മാധ്യമങ്ങൾ ശരാശരി മനുഷ്യനെക്കുറിച്ച് നൽകിവരുന്ന ചിത്രം ഘൃണായോഗ്യമെന്ന നിലയിൽ താണതാണ്! ആത്മവിശ്വാസത്തെ കുറയ്ക്കുന്ന ഇതിന്റെ സ്ഥാനത്ത് നമ്മുടെ നന്മ നിറഞ്ഞ, വാസ്തവ, മുൻനില (original goodness)യെക്കുറിച്ച് ധ്യാനാകർഷണം ചെയ്തുകൊണ്ടിരിക്കേണ്ടത് ചുമതലാബോധമുള്ള നമ്മളേവരുടേയും ഒഴിച്ചു കൂടാത്ത ധർമ്മമാണ്. ജീവിതത്തിൽ നമ്മുടെ ഏക ലക്ഷ്യം ഇതിനെ വീണ്ടെടുക്കാനുള്ളതായിരിക്കണം. എല്ലാ മതസമ്പ്രദായങ്ങളിലും എല്ലാ ഭാഷകളിലും മനുഷ്യന്റെ ഈ ഉന്നത രൂപത്തെക്കുറിച്ച് വിവരിച്ചെഴുതിയ രചനകളുണ്ട്. എന്നാൽ ഇന്ന് ചൂടു ചൂടായി വിറ്റുവരുന്ന (selling like hot cakes) കൃതികൾ (കാല്പനിക!) അഴിമതികൾ/ അസഭ്യ പെരുമാറ്റങ്ങൾ/അശ്ലീലത നിറഞ്ഞു, ഉത്തേജനം, അധമവികാരം എന്നിവയെ ഉണർത്തി പോഷിപ്പിക്കുന്നവയാണ്! ഇന്നത്തെ ടി.വി./സിനിമ/അശ്ലീലത നിറഞ്ഞ വീക്ഷകരുടെ ഉത്തേജനം, അധമവികാരം എന്നിവയെ ഉണർത്തി പോഷിപ്പിക്കുകല്ലേ ചെയ്യുന്നത്? ഇത്തരം അനുചിത ഇനങ്ങളെ ചുരുക്കി ഇല്ലാതാക്കേണ്ട ആവശ്യത്തെക്കുറിച്ച് മുമ്പ് ഏക തത്ത്വയിൽ എഴുതിയതിന്റെ സാരാംശം ഇവിടെ കൊടുക്കുന്നു. (ശ്രീ. ഈശ്വരന്റെ ഉത്തമ കൃതികളിൽ നിന്ന് സാദരം). 'അസഭ്യമായ പെരുമാറ്റങ്ങൾ സമുദായത്തിൽ നടക്കാൻ പാടില്ലാത്തതിനാൽ നടക്കുന്നില്ല എന്ന വിശ്വസിച്ച് ഉയരുന്നതിനുപകരം, കഷ്ടിച്ച് എല്ലാവരും തന്നെ ഒളിഞ്ഞ് ഇവയെ ചെയ്യുന്നു എന്ന് വീണ്ടും വീണ്ടും എടുത്തു കാട്ടുന്നതിനാൽ, നാം മാത്രം ഇത്തരം ഭൗതിക ആസ്വാദനത്തിൽ നിന്ന് വഞ്ചിക്കപ്പെടുന്നുണ്ടോ എന്ന സംശയം, പതുക്കെ പതുക്കെ, നമ്മേയും അശ്ലീല വഴികളിലേക്ക് വ്യതിചലിപ്പിക്കപ്പെട്ട് താഴ്ത്താൻ സാധ്യതയുണ്ട്' നമ്മളോരോരുത്തരുടേയും അനുഭവങ്ങൾ/ അറിവുകൾ വെവ്വേറെയായതിനാൽ സ്വീകാര്യമാകാവുന്ന രചനകളും വെവ്വേറെയാണ്. അതിനാൽ ഒരു മുൻതീർപ്പുമില്ലാതെ (without bias) മഹാന്മാർ അനുഭവിച്ച്/ചിന്തിച്ച് രചിച്ച വിവിധ കൃതികളേയും വായിച്ചറിയേണ്ടതാണ്. ശ്രീ രാമകൃഷ്ണ പരമഹംസ ഉപദേശിച്ചതുപോലെ ഒരു പ്രായം വരെ പല സ്ഥലങ്ങളിലും വെള്ളത്തിനായി ആഴം കുറഞ്ഞ കിണറുകൾ കുഴിച്ച് നോക്കി, താമസിയാതെത്തന്നെ തിരഞ്ഞെടുത്ത സ്ഥലത്ത് ഉപരിതലം വിട്ട്, ആഴത്തിൽ കുഴിക്കാതെ വെള്ളത്തിന്റെ ശാശ്വത സ്രോതം (അതായതു വാസ്തവ ജ്ഞാനം) കണ്ടെത്തുകയില്ല. ആത്മീയ മാർഗ്ഗത്തിൽ മുന്നേറണമെങ്കിൽ മനസ്സിന്നിഷ്ടപ്പെട്ട വഴികളെ തേടി അലയാതെ, തിരഞ്ഞെടുത്ത വഴിയെ ഇഷ്ടപ്പെട്ട്, ആഴത്തിൽ പോകാതെ നിവൃത്തിയില്ല. ഇംഗ്ലീഷിൽ, 'Do not look to do what you like, but decide to like what you have to do!'

ഇതിനായി ദിവസേന 1/2 മണിക്കൂറെങ്കിലും നീക്കിവെക്കുന്നത് അനിവാര്യമാണ്. സാധിക്കുമെങ്കിൽ ഈ വായനയ്ക്കുശേഷം കിടക്കയിൽ കണ്ണടച്ചു കിടന്നു പ്രാർത്ഥിച്ചു, മനസ്സിൽ തന്നെ മന്ത്രം/ജപം ചെയ്തുകൊണ്ടു ഉറങ്ങുന്നത് ഏറ്റവും ഫലപ്രദം ആയിരിക്കും.

**7) സത്സംഗം**

ഏകദേശം ഒരുപോലെ ചിന്തിക്കുന്ന വ്യക്തികളുമായ സഹവാസം, കൂട്ടുകെട്ട്, ചേർന്ന് ചർച്ച, സദ്വിചാരങ്ങളുടെ കൈമാറ്റം എന്നിവ, ആത്മവിശ്വാസത്തെ വർദ്ധിപ്പിക്കുന്നു. എത്ര തന്നെ ദീർഘായുസ്സായാലും നമുക്ക് എല്ലാ മുഖ്യവിഷയങ്ങളെക്കുറിച്ച് സ്വശ്രമം കൊണ്ട് അറിയാൻ പ്രയാസമാണ്. ലോകവും ലോകരും വിവിധവും വിചിത്രവും ആയതിനാൽ അനുഭവങ്ങളെക്കുറിച്ചുള്ള കൈമാറ്റം ഉപയോഗമാണ്. 'മനോരഞ്ജനം എന്നുള്ളത് ഒരു മാറ്റത്തിനു നല്ലതാണ്. എന്നാൽ ഇവിടേയും ജാഗ്രത പാലിച്ചില്ലെങ്കിൽ ഇത് വെറും 'നേരം പോക്കായി'ത്തീരും. പോയ നേരം തിരിച്ചു കിട്ടുകയില്ല എന്ന കാരണത്താൽ ഇതിനായി ചിലവാക്കുന്ന സമയം എത്രയും ചുരുക്കുന്നത് ആവശ്യമാണ്. കാഴ്ച്ചപ്പാട് ഒരുപോലെയാവുമ്പോൾ 'കിംവദ

ന്തി'/വെട്ടിക്കൂട്ടം (Hear say, gossip and loose talk!) കുറച്ചേ തീരു! വ്യർത്ഥ തർക്കം, അതും ഗുണകരമല്ലാത്ത വിഷയങ്ങളെക്കുറിച്ച്, ഒഴിവാക്കണം. ജീവിതത്തിൽ extra time (ഫുട്ബോൾ, ഹോക്കി പോലെ!) ഇല്ല, ക്രിക്കറ്റ് പോലെ രണ്ടാം ഇന്നിംങ്ങ്സുമില്ല! എന്നുകരുതി പിരിമുറുക്കം/ടെൻഷൻ എന്നത് ഒഴിവാക്കണം! പൊതുവെ, സത്സംഗം ഗുണം ചെയ്യും.

### 8) ധ്യാനം

ഈ സന്ദർഭത്തിൽ, ഇത് ഋഷി/മുനിമാർക്കുള്ളതാണെന്ന് നിശ്ചയിച്ചു തള്ളിക്കളയാതിരിക്കാൻ അപേക്ഷ. എക്കണത്തു ഈശ്വരൻ busy ആയ ഇന്നത്തെ ഗൃഹസ്ഥാശ്രമികൾക്കും യുവാക്കൾക്കും യഥാസ്ഥിതിയിൽ തന്നെ അനുഷ്ഠിച്ചു മുന്നേറുവാനായി രൂപീകരിച്ച അത്യുത്തമ 'എട്ടംശ പരിപാടി'യിലെ മുഖ്യ അംശമാണിത്. ഇതിന് നാലുപ്രധാന ഗുണങ്ങൾ ഉണ്ട്. 1) പുൽപോന്ത്, കള്ളു കുടിച്ച് തേൾ കൊട്ടിയ കുരങ്ങൻ എന്നിവയെപ്പോലെ പിടിച്ചടക്കാൻ ബുദ്ധിമുട്ടുള്ള ചഞ്ചല മനസ്സിനെ അടക്കി അതിന്മേൽ പ്രഭുത്വം സ്ഥാപിക്കാൻ ഉള്ള മാർഗ്ഗം. 2) ജീവിതയാത്രയിൽ അടിച്ചുകയറി നമ്മുടെ കാഴ്ചപ്പാട്/ചിന്തനം/ചൊല്ല്/ചെയ്യൽ എന്നിവയെ വക്രീകരിച്ച് നമ്മെ കുഴക്കുന്ന 'സംസ്കാര' പാളികളെ അകറ്റി, നമ്മുടെ നന്മനിറഞ്ഞ 'മുൻനിലയെ' (original goodness) വീണ്ടെടുക്കൽ 3) ദിവസേന കാലത്ത് ബദ്ധപ്പെട്ട് എണീറ്റ് busy ആയ ദിനചര്യയിൽ കുടുങ്ങി, ശ്വാസം മുട്ടി 'പമ്പരം തിരിഞ്ഞു', മാനസിക നിലയെ കൂടുതൽ വഷളാക്കാതിരിക്കാൻ 4) നന്മ നിറഞ്ഞ മൗലിക മാനവ മൂല്യങ്ങളെ മനസ്സിൽ പാകി പോഷിപ്പിക്കാനും 'അധോഗതിയെ' തടുക്കാനും.

ഇതിന് ദിവസേന ആവശ്യമായ $^1/_2$ മണിക്കൂർ സമയം, എത്ര തന്നെ തിരക്കുപിടിച്ച ദിനചര്യയായാലും നമുക്ക് കണ്ടുപിടിച്ചുണ്ടാക്കാൻ കഴിയും. ഒരു കടലാസും പേനയും എടുത്ത് നമ്മുടെ 24 മണിക്കൂർ നാം എങ്ങിനെ ചിലവാക്കുന്നു എന്ന് ക്ഷമയോടെ കുറിച്ച് പരിശോധിക്കുക. അതിൽ അധികം ബുദ്ധിമുട്ടു കൂടാതെത്തന്നെ ചില പ്രവൃത്തികളുടെ സമയം മാറ്റി, ചിലതിനെ ഒഴിവാക്കി, ചിലവയെ കൂട്ടിച്ചേർത്ത് പരിഷ്കരിച്ച് (modify) രൂപീകരിക്കാൻ ശ്രമിച്ചാൽ, അത് അസാധ്യമല്ല എന്നു തെളിവാകും. ധ്യാനത്തിന് ഏറ്റവും ഉചിത സമയം കാലത്താണ്. വേണമെങ്കിൽ $^1/_2$ മണിക്കൂർ മുമ്പേ എഴുന്നേൽക്കുക. അതിനു സഹായമായി രാത്രി $^1/_2$ മണിക്കൂർ നേരത്തേ ഉറങ്ങുക! സൗകര്യമുണ്ടെങ്കിൽ ധ്യാനത്തിനായി കാറ്റോട്ടമുള്ള ഒരു ചെറു മുറിയോ അല്ലെങ്കിൽ മുറിയുടെ നിശ്ചിത ഭാഗമോ നീക്കിവെക്കുക. കൊതുകുശല്യം ഒഴിവാക്കാൻ കൊതുവലയോ അതിനുള്ള cream മറ്റോ പുരട്ടുക. ശീലമാക്കാൻ, ഈ ചിട്ടയിൽ ഒരുവിധ മാറ്റവും വരുത്താതിരിക്കുക. നിലത്തിൽ ഇരിക്കുകയാണെങ്കിൽ ഒരു cushion (മെത്ത) ഉപയോഗിക്കാം. മുതുകിന് താങ്ങായി ചുമരോ അല്ലെങ്കിൽ കൈയ്യുള്ള കസേരയോ ഉപയോഗിക്കുന്നത് സഹായമായിരിക്കും. സ്വല്പം അയവുള്ള വസ്ത്രം ധരിക്കുക. തുടക്കത്തിൽ തന്നെ പത്മാസനം പോലെ ബുദ്ധിമുട്ടുള്ള posture തീരെ ആവശ്യമില്ല! ഒരു മുഖ്യനിബന്ധനയാണ് തല, കഴുത്ത്, മുതുക് എന്നിവ ഒരേ വരിയിൽ നിവർന്നു വെച്ചിരിക്കുക. ധ്യാനം ദേഹത്തിന്റെ പേശികൾക്ക് അയവു വരുത്തുന്നതിനാൽ ഉറങ്ങിപ്പോയി വീഴാതിരിക്കാൻ സൂക്ഷിക്കുക. ഉറക്കം വരുന്നു എന്നു തോന്നിയതും പിന്നിലെ താങ്ങിൽ നിന്ന് കുറച്ചകന്ന് ധ്യാനം തുടരുക. പിരിമുറുക്കം ഒട്ടും പാടില്ല! കണ്ണടച്ച്, നമ്മളെ ഉയർത്തുന്നതും ധ്യാനത്തിന് ഉത്തമവുമായ ചില ശ്ലോകങ്ങൾ/രചനകൾ/പ്രാർത്ഥനകൾ എന്നിവയെ പതുക്കെ പതുക്കെ, സാവധാനത്തിൽ ചൊല്ലുക. മനസ്സ് അതിവേഗം പായാൻ പ്രവണതയുള്ള ഒന്നായതിനാൽ, വേഗത കുറച്ച് ചൊല്ലുന്നത് അത്യാവശ്യമാണ്. പുറമെ, തുള്ളിച്ചാടിക്കൊണ്ട് അന്യവിചാരങ്ങളിലേക്ക് മാറുന്ന മനസ്സിനെ വീണ്ടും സാവധാനത്തിൽ, ക്ഷോഭിക്കാതെ തിരിച്ചു പ്രാർത്ഥനയിലേക്ക് തന്നെ കൊണ്ടുവരുക. മുപ്പത് നിമിഷ സമയത്തിൽ ഇത് മുപ്പത് പ്രാവശ്യം ചെയ്യേണ്ടി വന്നാലും, തുടക്കത്തിൽ ഇത് സാധാരണയാണ്! ധ്യാനം ശീലമാക്കുന്നത് വളരെ മുഖ്യമാണ്.

ഗീത IV ശ്ലോകം 34ഉം 35ഉം: അർജ്ജുനൻ ചഞ്ചലമനസ്സിനെ അടക്കാൻ അസാദ്ധ്യം എന്ന് പരാതിപ്പെട്ടപ്പോൾ ഉത്തരമായി അത് 'അഭ്യാസത്താലും വൈരാഗ്യത്താലും' കഴിയും എന്ന് വിവരിക്കുന്നതിൽ പൂർണ്ണമായി വിശ്വസിച്ചു മുന്നേറാം. ധ്യാനത്തിന് ഏറ്റവും ഉചിതമായതാണ് ഫ്രാൻസിസ് പുണ്യവാളന്റെ പ്രാർത്ഥന. അതേപോലെ ഗീതയിൽ സ്ഥിതപ്രജ്ഞന്റെ വിവരണം അധ്യായം II ശ്ലോകങ്ങൾ 54 മുതൽ 72 വരെയും അധ്യായം XII (ഭക്തിയോഗം) ശ്ലോകങ്ങൾ 2 മുതൽ 20 വരെ എല്ലാമതക്കാർക്കും അവിശ്വാസികൾക്കും തന്നെ ഉപയോഗിച്ചു ഗുണമടയാം. ഏക തത്ത്വ പുസ്തകം 5 ലക്കം 1 Dec 2014ൽ വിവരച്ചതിനു പുറമെ ഈശ്വരന്റെ meditation എന്ന ഉത്തമ പുസ്തകം Palakkad Dist. Libraryൽ ഉള്ളത് നോക്കാനപേക്ഷ.

### സമാപനം

ആത്മവിശ്വാസത്തെ ദൃഢപ്പെടുത്താൻ ഉള്ള 'ഈ എട്ടംശ പരിപാടി'യെ സ്വീകരിച്ച് ശ്രദ്ധയോടെ പാലിക്കുവാൻ ശ്രമിക്കുന്നത് നമുക്കെല്ലാവർക്കും ഗുണകരമെന്നു മാത്രമല്ല, ഇന്നത്തെ കാലത്തേക്ക് അനിവാര്യം എന്നുതന്നെ കരുതാം. നാളേക്കായി നീട്ടിവെക്കാവുന്ന കാലം കഴിഞ്ഞു... എഴുന്നേൽക്കുവിൻ! ഉണരുവിൻ!! •


**Statutory Declaration**

FORM IV

Statement about ownership and other particulars about newspaper (Eka Thathwa)

1. Place of Publication : Palakkad
2. Periodicity of its Publication : Monthly
3. Printer's Name : E. T. Muralidharan
Nationality : Indian
Address :18/225 "Syamalalayam" A- 9 New Civil Nagar, Behind Civil Station, Palakkad 678 001.
4. Publisher's Name : E. T. Muralidharan
Nationality : Indian
Address :18/225 "Syamalalayam" A- 9 New Civil Nagar, Behind Civil Station, Palakkad 678 001.
5. Editor's Name : E. T. Muralidharan
Nationality : Indian
Address :18/225 "Syamalalayam" A- 9 New Civil Nagar, Behind Civil Station, Palakkad 678 001.
6. Names and Addresses of Individuals who own the newspaper and partners or shareholders holding more than one per cent of the total capital : Nil

I, E. T. Muralidharan, hereby declare that the particulars given above are true to the best of my knowledge and belief.

Date : 15-03-2018 Signature of Publisher

**അരവിന്ദൻ**
**9745935385, 0494-2682899**



# ചെറുകഥാസാഹിത്യവും മലയാളകഥകളും

**സാ**ഹിത്യത്തിലെ ഏറ്റവും പഴക്കം ചെന്ന ശാഖയാണ് കവിത. കവിതയെപ്പോലെത്തന്നെ നൂറ്റാണ്ടുകൾക്കുമുൻപ് തന്നെ കഥകളും പിറന്നിരുന്നു. നടന്ന സംഭവങ്ങൾ മറ്റുള്ളവർക്ക് വിവരിച്ചുകൊടുക്കുന്ന രീതിയിലാവാം അതിന്ന് തുടക്കമിട്ടത്. സംഭവങ്ങൾക്ക് മാറ്റുകൂട്ടാൻ പൊടിപ്പും തൊങ്ങലും വെച്ച് കഥ പറയൽ തുടങ്ങിക്കാണും. ഭാവനയിൽ നിന്ന് ഉരുത്തിരിഞ്ഞ കെട്ടുകഥകളും ഉണ്ടായിക്കാണും. കഥക്ക് 5000 വർഷത്തെയെങ്കിലും പാരമ്പര്യമുണ്ടെന്ന് ഏതോ ലേഖനത്തിൽ വായിച്ചതായി ഓർക്കുന്നു.

അമ്മൂമ്മമാരുടെ കഥകൾ കേട്ടാണ് മുമ്പൊക്കെ കുട്ടികൾ വളർന്നത്. ഗൃഹാന്തരീക്ഷത്തിലെ ഒരുഭാഗമായിരുന്നു മുത്തശ്ശിമാരുടെ കഥകൾ. അവരുടെ കഥകൾ കേൾക്കാൻ കുട്ടികൾ (വീട്ടിലെ വലിയവർ പോലും) മുത്തശ്ശിമാർക്ക് ചുറ്റും വട്ടമിട്ടിരുന്നിരുന്നു. സഹായസഹകരണത്തിന്റെ ആവശ്യകത, ആദർശ ശുദ്ധി, സത്യസന്ധത, സഹോദര്യം, ക്ഷമ, എളിമ, ആത്മാർത്ഥത, മനുഷ്യസ്നേഹം, പാതിവ്രത്യത്തിന്റെ മഹത്വം, സദാചാരബോധം, ഗുരുജനങ്ങളോടുപുലർത്തേണ്ട ബഹുമാനം, ദയ - അങ്ങിനെ ജീവിതത്തിലുടനീളം കാത്തുസൂക്ഷിക്കേണ്ട പല കാര്യങ്ങളും ബാല്യമനസ്സിൽ കഥകളിലൂടെ പതിയാനും നന്മകൾ നിറഞ്ഞ ഒരുപുതിയ തലമുറയെ വാർത്തെടുക്കാനും മുത്തശ്ശിമാർ പറഞ്ഞുവന്ന കഥകൾക്ക് കഴിഞ്ഞിരുന്നു. പക്ഷേ, ഇന്ന് കൂട്ടുകുടുംബങ്ങളിൽ നിന്ന് ഒളിച്ചോടിയ ജനം അണുകുടുംബാന്തരീക്ഷത്തിൽ ലയിച്ചപ്പോൾ നമുക്കുപലതും നഷ്ടപ്പെട്ടു. അനുഭവം കൊണ്ടും അറിവു കൊണ്ടും നാം നേടിയെടുത്ത സംസ്കാരവും ചിട്ടകളും സ്വഭാവരീതികളും ഇന്നന്യമായിക്കൊണ്ടിരിക്കുകയാണ്. കിട്ടിയതിനെ വിട്ട് പറക്കുന്നത് പിടിക്കാൻ വെമ്പുന്നവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണിവിടം. പാശ്ചാത്യ സംസ്കാരവും രീതികളും പാടേ അനുകരിക്കാൻ നാം ശ്രമിക്കുന്നു. അശ്ലീലം കുത്തിക്കയറ്റിയ ടി. വി. പരിപാടികൾ കണ്ടുകൊണ്ടാണ് നമ്മുടെ പുതിയ തലമുറ വളരുന്നത്. കൊലപാതകങ്ങളും പീഡനങ്ങളും അക്രമങ്ങളും ഇന്ന് നിത്യസംഭവങ്ങളാണ്. അവ കണ്ടും കേട്ടും വായിച്ചും ജീവിക്കുന്ന നമ്മുടെ കുട്ടികളുടെ ഭാവിയെക്കുറിച്ച് നാം കാര്യമായി ചിന്തിക്കേണ്ടിയിരിക്കുന്നു. അണുകുടുംബങ്ങളിൽ മൊട്ടിട്ടു വളരുന്നത് സ്വാർത്ഥതയാണ്. സ്വന്തം കാര്യം മാത്രം. മറ്റെല്ലാം നിസ്സാരം. ഒന്നിനും സമയമില്ല. വെട്ടിപ്പിടിക്കാനുള്ള ഓട്ടത്തിൽ എല്ലാ ബന്ധങ്ങളും അയഞ്ഞുവീഴുന്ന കാഴ്ച നമ്മെ വിസ്മയിപ്പിക്കുന്നു. പൈതൃകമായി ലഭിച്ച സംസ്കാരം തകരുന്നതുകാണുമ്പോഴാണ് നാം കൂട്ടുകുടംബത്തിന്റെ മഹത്വം മനസ്സിലാക്കുന്നത്. എന്തുതന്നെയായാലും അമ്മൂമ്മക്കഥകൾ എന്നും നമ്മുടെ സംസ്കാരത്തിന്റെ കരുത്തായിരുന്നു. ഇതിഹാസങ്ങളിൽ നിന്നടർത്തിയെടുത്ത ഏടുകൾ അവർ സമർത്ഥമായി തലമുറ തലമുറകളായി കൈമാറിക്കൊണ്ടിരുന്നു. വർണ്ണശബളമായ കെട്ടുകഥകളും ചിന്താദ്യോതകങ്ങളായ സൂക്തങ്ങളും ചരിത്രപ്രാധാന്യമുള്ള വസ്തുതകളും വ്യക്തിപ്രഭാവങ്ങളും എല്ലാം ഇന്ദ്രജാലക്കാരുടെ ചാതുരിയോടെ അവർ അവതരിപ്പിച്ചിരുന്നു.

കഥകൾ പറയാനും എഴുതാനും എന്നോ തുടങ്ങിയിരുന്നെങ്കിലും ചെറുകഥകൾ എന്ന സാഹിത്യ വിഭാഗം ഉടലെടുത്തത് പിന്നീടാണ്. നീണ്ട കഥകളും നോവലുകളുമാണാദ്യം രംഗത്തുവന്നത്. ബൃഹത്തായ നോവലുകളും നീണ്ട കഥകളും വായിക്കാൻ സമയവും സൗകര്യവും ഇല്ലാതായ ഒരുകാലഘട്ടത്തിൽ ജനിച്ച സാഹിത്യരൂപമാണ് ചെറുകഥ എന്നുപറയാം. The Short Prose Tale എന്നാണ് 1842ൽ എഡ്ഗാർ അലൻ പോ ചെറുകഥയെ വിശേഷിപ്പിച്ചത്. ഒറ്റയിരുപ്പിൽ വായിച്ചെത്തിക്കാവുന്ന കഥ. ആ നിർവ്വചനം ഇന്നത്തെ സാഹചര്യത്തിൽ ശരിയാണോ തെറ്റാണോ എന്നറിയില്ല.

ചെറുകഥയുടെ രൂപത്തെക്കുറിച്ച് സാഹിത്യപണ്ഡിതന്മാർ വൈവിദ്ധ്യമാർന്ന അഭിപ്രായങ്ങൾ നിരത്തിയിട്ടുണ്ട്. സംക്ഷിപ്തത, ഏകാഗ്രത, ഏകഭാവ നിഷ്ഠത എന്നിവ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. ഒരു നിർണ്ണായക നിമിഷത്തെ വേറിട്ടെടുത്ത് പരിശോധിക്കലാണ് ചെറുകഥയുടെ രീതി. രചനയിൽ വളരെ ജാഗ്രത പുലർത്തേണ്ട സാഹിത്യവിഭാഗമാണ് ചെറുകഥയെന്ന് പറയാം. ചുരുക്കിപ്പറയാനുള്ള വൈഭവം എഴുത്തുകാർക്കുണ്ടാവണം. ആറ്റിക്കുറുക്കിയ ഭാഷയിൽ രചിച്ച സുന്ദര കവിതയാണ് ചെറുകഥ. എം. പി. പോളിന്റെ ചെറുകഥാപ്രസ്ഥാനം തൊട്ട് ഒട്ടനവധി പുസ്തകങ്ങൾ ചെറുകഥാസാഹിത്യത്തെക്കുറിച്ചുണ്ട്.

മലയാള കഥാസാഹിത്യത്തെ പല ഘട്ടങ്ങളായി തരംതിരി

ക്കാം. ഒ. ചന്തു മേനോന്റെയും സമകാലികരുടേയും കഥകളെ ആദ്യഘട്ടമെന്നു കണക്കാക്കാം. പിന്നീടു വന്ന കേശവദേവ്, തകഴി, പൊൻകുന്നം വർക്കി, ബഷീർ, കാരൂർ, എസ്. കെ. പൊറ്റേക്കാട് എന്നിവരുടെ സൃഷ്ടികളാണ് യഥാർത്ഥത്തിൽ മലയാള കഥാസാഹിത്യത്തെ വളർത്തിയത്. ഉറൂബ്, എം. ടി., ടി. പത്മനാഭൻ, സി. രാധാകൃഷ്ണൻ, കാക്കനാടൻ, ഒ. വി. വിജയൻ, മുകുന്ദൻ, മാധവിക്കുട്ടി, കോവിലൻ, മലയാറ്റൂർ, ലളിതാംബിക അന്തർജ്ജനം, എൻ. പി. മുഹമ്മദ്, വിലാസിനി, വി. കെ. എൻ., കെ. സുരേന്ദ്രൻ, പി. ആർ. ശ്യാമള, ഉണ്ണികൃഷ്ണൻ പുതൂർ, യു. എ. ഖാദർ തുടങ്ങിയവരടങ്ങിയ മൂന്നാംഘട്ടം മലയാളകഥയുടെ സുവർണ്ണകാലമായിരുന്നുവെന്നുപറയാം. മുത്തശ്ശിക്കഥകളിൽ നിന്നുതുടങ്ങി പലഘട്ടങ്ങളിലൂടെ വളർന്ന്, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, അക്ബർ കക്കട്ടിൽ, പി. ആർ. നാഥൻ, സി. വി. ശ്രീരാമൻ, ടി. എൻ. പ്രകാശ്, ഗ്രേസി, പി. സുരേന്ദ്രൻ തുടങ്ങിയവർ വരെ നീണ്ടുകിടക്കുകയാണ് മലയാള കഥാസാഹിത്യം.

വിശ്വോത്തര കഥകളുടെ വിഭാഗത്തിൽ പെടുത്താവുന്ന എത്രയോ ചെറുകഥകൾ മലയാളത്തിലുണ്ട്. മനുഷ്യന്റെ മനസ്സിനേയും ബുദ്ധിയേയും ഒരേപോലെ വശീകരിക്കുവാൻ കഴിയുന്ന ആ കഥകൾ മലയാള സാഹിത്യത്തിന്റെ അഭിമാനമായി എന്നും നിലകൊള്ളും. പൊൻകുന്നം വർക്കിയുടെ ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കം, കാരൂരിന്റെ പൂവമ്പഴം, എം. ടി. യുടെ ഇരുട്ടിന്റെ ആത്മാവ്, മാധവിക്കുട്ടിയുടെ നീർമാതളം പൂത്തകാലം, പുനത്തിലിന്റെ മലമുകളിലെ അബ്ദുള്ള, കെ. ടി. മുഹമ്മദിന്റെ കണ്ണുകൾ, ടി. പത്മനാഭന്റെ ഗൗരി തുടങ്ങി ഒട്ടേറെ സൃഷ്ടികൾ വിശ്വോത്തര കഥകളുടെ കൂട്ടത്തിൽ പെടുത്താവുന്നതാണ്.

എഴുത്തുകാർ എഴുതുന്നത് വായിക്കപ്പെടണം എന്ന ഉദ്ദേശത്തോടെയാണല്ലോ. സാധാരണ വായനക്കാരെ പ്രത്യേകിച്ചും സ്ത്രീകളെ ആകർഷിച്ച എഴുത്തുകാരായിരുന്നു മുട്ടത്തു വർക്കി, കാനം, നാഗവള്ളി, പമ്മൻ, അയ്യനേത്ത് തുടങ്ങിയവർ. പട്ടാളക്കഥകളിലൂടെ നമ്മെ മറ്റൊരു ലോകത്തേക്കുനയിച്ച എഴുത്തുകാരായിരുന്നു നന്ദനാർ, പാറപ്പുറത്ത് കോവിലൻ, ഏകലവ്യൻ തുടങ്ങിയവർ. കാക്കനാടൻ, ഒ. വി. വിജയൻ, ആനന്ദ്, സക്കറിയ, വൈശാഖൻ, സേതു, നിർമ്മൽ കുമാർ എന്നിവരുടെ സൃഷ്ടികൾ ആധുനികതയിലേക്ക് മലയാളകഥാവിഭാഗത്തെ നയിച്ചപ്പോൾ, നർമ്മരസം തുളുമ്പുന്ന കഥകൾ എഴുതി വി. കെ. എൻ., വേളൂർ കൃഷ്ണൻ കുട്ടി, ബഷീർ, സുകുമാരൻ തുടങ്ങിയവർ നമ്മെ രസിപ്പിച്ചു.

ചെറുകഥാസാഹിത്യത്തിൽ വന്ന മാറ്റമാണ് മിനിക്കഥകളുടേയും നുറുങ്ങുകഥകളുടേയും അടിച്ചുകയറ്റം. കുഞ്ഞുണ്ണിക്കവിതകൾ പോലെ അവയിൽ പലതും മനോഹരമാണ്. എന്നാൽ അതിൽ നല്ലൊരു വിഭാഗം കഥകൾ വിരസത സൃഷ്ടിക്കുന്ന പതിരുകളാണ്. പി. കെ. പാറക്കടവിനെ പോലുള്ളവരുടെ മിനിക്കഥകൾ ആകർഷകവും ചിന്താദ്യോതകവുമാണ്. ആധുനീകതയുടെ പേരിൽ ദുരൂഹത കല്പിച്ചുകൂട്ടി സൃഷ്ടിക്കാനായി പടച്ചുവിടുന്ന സൃഷ്ടികളും ഒന്നും മനസ്സിലായില്ലെങ്കിലും അവയെ പുകഴ്ത്തുന്ന ബുദ്ധിജീവികളെന്നു നടിക്കുന്നവരും അവ പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണങ്ങളും വായനക്കാരെ മടുപ്പിക്കുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ല.

എഴുത്തുകാരനാവണമെന്നു കരുതിയതുകൊണ്ട് എഴുത്തുകാരനാവില്ല. പണ്ഡിതനായതുകൊണ്ട് എഴുതാൻ കഴിയണമെന്നില്ല. വിവരമുള്ളവർക്കെല്ലാം നല്ല അദ്ധ്യാപകരാകാൻ കഴിയുമോ ? നല്ല പ്രസംഗകരാവാൻ പറ്റുമോ ? എഴുത്തുകാരനാവാൻ ജന്മവാസന വേണം. ജന്മവാസനയുള്ളവർക്ക് അത് വളർത്തിയെടുക്കാൻ പറ്റും. അഭിരുചി വളർത്താൻ വായിക്കണം. വായിച്ചത് ഓർക്കാനും ഓർമ്മയിൽ നിലനിർത്താനും കഴിയണം.

വായന വാസനക്കുവളമാണ്. വായിച്ചാലും വായിച്ചില്ലെങ്കിലും വളരും. വായിച്ചുവളർന്നാൽ വിളയും, വായിക്കാതെ വളർന്നാലോ വളയും എന്ന് കുഞ്ഞുണ്ണി മാസ്റ്റർ പറയുന്നു. നിരന്തരം വായിക്കണം. എഴുതണം. എന്നാൽ മാത്രമേ വളയാതിരിക്കൂ. വളരാൻ കഴിയൂ.

ലളിതവും സുതാര്യവുമായ ഭാഷ, വായനക്കാരെ പിടിച്ചിരുത്തുന്ന ശൈലി, ആകർഷകമായ ഇതിവൃത്തം ഇതൊക്കെ ഒരു ചെറുകഥാകൃത്തിന് ഒഴിച്ചുകൂടാനാകാത്ത നിധികളാണ്. നമ്മുടെ അനുഭവങ്ങളിൽ നിന്ന്, സമൂഹത്തിലെ സ്പന്ദനങ്ങളിൽ നിന്ന്, കഥാകാരന് ഊർജ്ജം വലിച്ചെടുക്കാം. ഭാവനയുടെ തീച്ചൂളയിലിട്ട് അവയെ മിനുക്കിയെടുക്കാം.

നമുക്കുവശമായ ഭാഷയിൽ, നമ്മുടേതായ ഒരു ശൈലി കെട്ടിപ്പടുക്കണം. കഥകൾ പലവിധമെഴുതാം. എങ്ങിനെ എഴുതണം, ഏതുതരത്തിലാവിഷ്ക്കരിക്കണം എന്നത് കാര്യമായി ചിന്തിച്ചുതീരുമാനിക്കേണ്ടതാണ്. കഥയിലെ ഏറ്റവും നല്ല ഒരു മുഹൂർത്തം തുടക്കത്തിന് കണ്ടെത്താം. വായനക്കാരന്റെ മനസ്സിൽ ചലനങ്ങൾ സൃഷ്ടിക്കാൻ കഥക്ക് കഴിയണം. കഥാകൃത്തിന്റെ വിജയമാണാ ചലനങ്ങൾ.

ഇന്ന് സാഹിത്യത്തിൽ പ്രചുരപ്രചാരം നേടിയ വിഭാഗമാണ് ചെറുകഥ. ഒരു നോവലെഴുതുന്നതിനേക്കാൾ ബുദ്ധിമുട്ടാണ് ഒരു നല്ല ചെറുകഥയെഴുതാനെന്ന് എവിടെയോ വായിച്ചതായോർക്കുന്നു. അനുഭവത്തെ അങ്ങനെത്തന്നെ കടലാസിലേക്ക് പകർത്തിയാൽ അത് കഥയാവില്ല. ചെമ്പുചേർത്താലേ സ്വർണ്ണാഭരണങ്ങൾക്ക് ശക്തി കിട്ടുകയുള്ളു. അതുതന്നെയാണ് ചെറുകഥയുടേയും സ്ഥിതി.

*(ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വായിച്ച ലേഖനങ്ങളും പലപ്പോഴായി വായിച്ച പുസ്തകങ്ങളും ആസ്പദമാക്കിയാണീ ലേഖനം തയ്യാറാക്കിയത്)*

**ചൂലനൂർ രാമചന്ദ്രൻ**
**9745675439**



# ഭാരതീയ ചിന്തകൾക്ക് ചില ആമുഖങ്ങൾ

**ഭാഗം – 2**

**1600** ഡിസംബർ 31ന് 217 ഓഹരിക്കാരുമായി ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ ഒരു ബ്രാഞ്ച് ആരംഭിച്ചു. തുടർന്നവർ ഇന്ത്യയെ കടുത്ത ഇച്ഛാശക്തിയോടെ നൂറ്റാണ്ടുകളോളം ഭരിക്കുകയും ചെയ്തുവല്ലോ. ബ്രിട്ടീഷ് ഗവർണർ ജനറലായിരുന്ന വാറൻ ഹേസ്റ്റിങ്സ് പ്രഭു ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ഇങ്ങനെ എഴുതുകയുണ്ടായിട്ടുണ്ട് – 'ഭഗവദ് ഗീത' ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം നടത്തിയാൽ നമ്മൾക്ക് ഇന്ത്യക്കാരെ എന്നന്നേക്കുമായി ഒരുമിച്ച് ഭരിക്കുവാൻ കഴിയുമെന്ന്. യൂറോപ്പ് എന്നല്ല... ഈ ലോകം മുഴുവൻ ബ്രിട്ടീഷുകാർക്ക് ഇന്ത്യൻ പൈതൃകത്തിന്റെ സാംസ്കാരിക വക്താക്കളായി ഞെളിയാം എന്നും. പിന്നീട്... ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള മുറവിളി തുടങ്ങിയപ്പോൾ ഉണ്ടായ നെഉറ്റ് റിപ്പോർട്ടിലാകട്ടെ... ഭഗവദ് ഗീതയാണ് ഇന്ത്യക്കാരുടെ വിപ്ലവാത്മകമായ സ്വാതന്ത്ര്യചോദനക്ക് കാരണമെന്നും, അതുകൊണ്ട് – 'ഗീതയെ' – നിരോധിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ പാശ്ചാത്യർ ഒരേസമയം ജിജ്ഞാസയോടും സങ്കോചത്തോടുമാണ് ഇന്ത്യൻ ആത്മീയതയെ കൈകാര്യം ചെയ്തിരുന്നത്. ഇന്നും അത് തുടരുകയാണ്. ഭഗവദ് ഗീതയോളം മറ്റൊരു കൃതിയും ലോകസമക്ഷത്തിൽ ഇത്രമാത്രം ചർച്ച ചെയ്യപ്പെട്ടിട്ടില്ല. അത്തരത്തിൽ മൊഴിമാറ്റം നടത്തിയിട്ടുള്ള ഒരു ഇംഗ്ലീഷ് ഭഗവദ് ഗീതയാണ് ഗാന്ധിജി ബാരിസ്റ്റർ പഠനവേളയിൽ വിദേശത്തുവെച്ച് ആദ്യം വായിച്ചത്.

ബ്രിട്ടീഷ് ഇന്ത്യയിൽ നിന്നും 1947 ആഗസ്റ്റ് 15ന് ഇന്ത്യയെ സ്വതന്ത്രമാക്കാൻ നെടുനായകത്വം വഹിച്ച മഹാത്മ ഗാന്ധിജിയുടെ മഹത്വം അനുസ്മരിക്കാതിരിക്കാൻ എനിക്കാകില്ല. അദ്ദേഹം ഗീതയെ തന്റെ ജീവിത മാർഗ്ഗരേഖയാക്കിയിട്ടുണ്ട്. ബൈബിളിനെപ്പോലെ, ഖുറാനെപ്പോലെ-ഈടുറ്റ ഇന്ത്യൻ സംസ്കൃതിയായിട്ടാണ് ഗാന്ധിജി ഗീതയെ ഉയർത്തിപ്പിടിച്ചത്. 1948 ജനുവരി 30ന് സ്വതന്ത്ര ഇന്ത്യയുടെ മടിത്തട്ടിലാണല്ലോ ഗാന്ധിജിയെ വെടിവെച്ചു കൊന്നത്. ആ മതഭ്രാന്തരുടെ മുന്നിലും – 'ഹേ രാം' – എന്ന് ഉച്ചരിക്കാൻ മഹാത്മാ ഗാന്ധിജിയുടെ സ്ഥിതപ്രജ്ഞതക്കേ കഴിഞ്ഞിട്ടുള്ളു. സ്വാതന്ത്ര്യമാകുന്ന ഈശ്വരനെ... സമ്മതിദായക ഭാവത്തിൽ ഭാരതീയർക്ക് പരിചയപ്പെടുത്തിയ മഹാത്മജി, യഥാർത്ഥത്തിൽ ദേശീയ ഭക്തിപ്രസ്ഥാനത്തിനുടമയായിരുന്നു. ക്ഷേത്രദർശനങ്ങളിലോ... വിഗ്രഹാരാധനകളിലോ... ഗാന്ധിജി വിശ്വസിച്ചിരുന്നില്ല. എന്നാൽ കൂട്ടപ്രാർത്ഥനയിൽ മഹാത്മജിക്ക് ഉത്തമവിശ്വാസമുണ്ടായിരുന്നു. അത്തരത്തിലൊരു പ്രാർത്ഥനാവേളക്ക് ചെല്ലുമ്പോഴാണല്ലോ ലോകം നടുങ്ങിയ ക്രൂരകൃത്യം ഭാരതത്തിൽ അരങ്ങേറിയത്. ശ്രീബുദ്ധനുശേഷം ഭാരതം കണ്ടിട്ടുള്ള മഹാത്മജിയെ തൊട്ടറിഞ്ഞ മനസ്സുകൊണ്ടാണ്... ഞാൻ... കൃഷ്ണനേയും ക്രിസ്തുവിനേയും പ്രവാചകൻ മുഹമ്മദ് നബിയേയും അറിഞ്ഞുതുടങ്ങുന്നത്. മനുഷ്യവർഗ്ഗത്തെ മഹത്വത്തിലേക്ക് നയിക്കാൻ കഴിയുന്നവരേയെല്ലാം അവതാരപുരുഷന്മാർ തന്നെയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരുപക്ഷേ അതിനുള്ള പ്രാപ്തി എൻ മനസ്സിനേകിയത്... 'ഓമനത്തിങ്കൾ കിടാവോ...' പാടിയുറക്കിയ അമ്മയുടെ ഭാഷയുമാണ്. 'ഭാഷ' – ഒരുപ്രകൃതി ഭാവമാണ് – പര ചൈതന്യമാണ്. ആത്മാവിൻ പ്രത്യക്ഷാനുഭൂതിയാണ് !!! എന്നിലേക്ക് ആശയങ്ങൾ പ്രവേശിക്കാനും എനിക്ക് ആശയങ്ങൾ പ്രകാശിപ്പിക്കാനും മാതൃഭാഷ തന്നെയാണ് ഉത്തമം.

ശ്രീകൃഷ്ണാവതാരം ബുദ്ധന് മുമ്പായിരിക്കാം ശേഷമായിരിക്കാം, എന്നെല്ലാമുള്ള പ്രമുഖ വാദഗതികൾ നമ്മുടെ മുന്നിലുണ്ട്. ആടുകളേയും പശുക്കളേയും പരിപാലിക്കുന്ന വംശവാലി ബുദ്ധനുമുമ്പും ശേഷവും തികച്ചും നിലനിന്നിരിക്കുമല്ലോ. യാദവ കുലത്തിൽ വിവിധഘട്ടങ്ങളിലായി ഒരേ നാമത്തിൽ ഒട്ടധികം അവതാരസദൃശർ ഉണ്ടാകാൻ പാടില്ലെന്നുണ്ടോ? പ്രളയജലോപരി ആലിലയിൽ പെരുവിരൽ കുടിച്ചൊഴുകുന്ന ബാലകനാം കൃഷ്ണൻ – ഒരുപ്രബല സംസ്കാരത്തെ വിഴുങ്ങിയ വെള്ളപ്പൊക്കത്തേയും അതിനെ അതിജീവിച്ച അത്ഭുതജീവപ്രഭാവത്തേയുമാണല്ലോ ഒരേസമയം സൂചിപ്പിക്കുന്നത്. ഹാരപ്പൻ സംസ്കാരത്തിന്റെ തിരോധാനത്തിന് വഴിയൊരുക്കിയത്, സിന്ധുനദിയിലുണ്ടായ നിയന്ത്രണാതീതമായ വെള്ളപ്പൊക്കമായിരുന്നെങ്കിൽ മോഹൻജദാരോയുടെ നാശത്തിനിടവരുത്തിയത്, വർഷങ്ങളോളം നീണ്ടുനിന്ന കൊടും വരൾച്ചയായിരുന്നു. അതായത്, സൃഷ്ടിയും സ്ഥിതിയും സംഹാരവും പ്രകൃതിയുടെ സവിശേഷ സ്വഭാവങ്ങളാണ്. അപ്പോൾ ചലനാത്മകമല്ലാത്ത, പരിണാമരഹിതമായ മറ്റൊരു തരം അഖണ്ഡേകഭാവരസം, നിശ്ചലത്വം, നിർമ്മോഹത്വം, നിരഹങ്കാരത്വം, പൂർണ്ണാവബോധം പ്രകൃതിമാതാവിനും കാണും. അതെ ശൂന്യതയിൽ നിന്നൊന്നും സൃഷ്ടിക്കപ്പെടുന്നില്ല. ശൂന്യതയിലേക്ക് ഒന്നും പോകുന്നുമില്ല.

അവതാര കൃഷ്ണന്റെ ബന്ധനത്തോടുകൂടിയ ജനനവും കാര്യകർമ്മണനിർവ്വഹണങ്ങളും സ്വർഗ്ഗാരോഹണവും ഒടുവിൽ ദ്വാരക പോലും കടലിൽ മുങ്ങിത്താഴുന്നതായും ഇതിഹാസകാവ്യങ്ങളിൽ

വർണ്ണിക്കുന്നുണ്ടല്ലോ. സംസ്കാരങ്ങളുടെ ഉദയവും അസ്തമയവും സർവ്വസാധാരണമാണല്ലോ. സംസ്കാരങ്ങളുടെ അടിയറവുകൾക്ക് പ്രകൃതിക്ഷോഭങ്ങളും ആവാസ വ്യവസ്ഥിതിയുടെ വ്യതിയാനങ്ങളും, മനുഷ്യനിർമ്മിതമായ യുദ്ധ ദുരന്തങ്ങളും കാരണമായിട്ടുണ്ട്. എങ്കിലും... ഏതുതിരോധാനത്തിലും ചില ചൊല്ലുകളും മിത്തുകളും പിന്തുടരുമല്ലോ. അവ തലമുറകളിലൂടെ ശ്രുതികളായി സ്പന്ദിച്ചുകൊണ്ടിരിക്കും. ബുദ്ധനുമുമ്പുള്ള ശ്രീകൃഷ്ണ കഥകൾ മിക്കവാറും വാമൊഴി പ്രധാനമായിരിക്കും. ബുദ്ധനുശേഷമുള്ള കൃഷ്ണകഥകൾക്ക് അക്ഷരക്കൂട്ടിന്റെ പിൻബലവും കിട്ടിയിരിക്കും. ലിഖിതസ്വഭാവമുള്ള കഥകളിൽ ആശയക്രോഡീകരണത്തോടൊപ്പം കാലഘട്ടത്തിന്റെ സ്പന്ദനങ്ങളും അലിഞ്ഞുചേർന്നിരിക്കും. കഥയാകട്ടെ, കാര്യമാകട്ടെ പറഞ്ഞുപതിയുമ്പോൾ അതിൽ രക്തത്തിന്റെ ഉപ്പും ഭാവനയുടെ മധുരവും ഇടകലരുമല്ലോ ! അതെ... സ്വകീയമായ സ്പർശങ്ങൾ!

ബുദ്ധശാസനകളും ധർമ്മകഥകളും മറ്റും പാലി ഭാഷയിലാണല്ലോ മുഖ്യമായും കാണപ്പെട്ടിട്ടുള്ളത്. അതുകൊണ്ട്, ബുദ്ധകാലഘട്ടത്തിലെ (B. C. 600 -650) ഭാരതത്തിൽ നാം ഇപ്പോൾ വ്യവഹരിക്കുന്ന വിധത്തിലുള്ള സംസ്കൃത ഭാഷ നിലനിന്നിരിക്കാൻ ഇടയില്ല. അല്ലെങ്കിൽ സംസ്കൃതഭാഷ അത്രമാത്രം സാർവ്വത്രികമോ സമ്പുഷ്ടമോ അല്ലായിരിക്കാം. കൃഷ്ണന്റെ സ്വർഗ്ഗാരോഹണത്തോടെ കലിവർഷം ആരംഭിച്ചതായി പറയപ്പെടുന്നു. അത് 5000 വർഷങ്ങൾക്ക് മുമ്പായിരിക്കും എന്നാണല്ലോ ഊഹിക്കപ്പെടുന്നത്. എന്നുവെച്ചാൽ ക്രിസ്തുവിന് എത്രയോ മുമ്പ്. അതായത് ക്രിസ്തുവിനും 3000 – 3500 കൊല്ലം മുമ്പ്. അപ്പോൾ കൃഷ്ണനെപ്പോലെ ഒരു അവതാര വരേണ്യൻ ഉപയോഗിച്ചിരുന്ന ഭാഷ – അതായത് കൃഷ്ണന്റെ മാതൃഭാഷ സംസ്കൃതമായിരുന്നെങ്കിൽ ആ ഭാഷ നശിച്ചുപോകാൻ ഇടവരുമോ ? ഒരിക്കലും സാധ്യതയില്ലല്ലോ. അതുമല്ലെങ്കിൽ, ഭഗവാൻ ശ്രീകൃഷ്ണൻ ഉപയോഗിച്ചിരുന്ന ഭാഷ വേറെ ഏതായിരിക്കാം ? ശ്രീകൃഷ്ണന്റെ ഭാഷ ഹൃദയത്തിന്റെ ഭാഷയായിരിക്കും എന്ന നിഗമനമാണ് ഉത്തമം. ഏത് പരിണാമദിശയിലും ഹൃദയം പിന്തുടരുന്ന ഭാഷ. എഴുതപ്പെടാതെ വിവക്ഷിക്കപ്പെടുന്ന അതുല്യ ഭാഷ ! ശ്രീകൃഷ്ണ ഭാഷ !

ഇതിഹാസകാവ്യങ്ങളിലെല്ലാം ലോഹനിർമ്മിതമായ അമ്പ്, വില്ല്, വാള്, പരിച, കുന്തം, മാർച്ചട്ടകൾ, ചക്രങ്ങൾ എന്നുവേണ്ട ദിവ്യവസ്ത്രങ്ങൾ, രത്നകിരീടങ്ങൾ എന്നിവയെപ്പറ്റിയെല്ലാം നിർവിഘ്നം പരാമർശിക്കുന്നു. ധർമ്മാധർമ്മങ്ങളെ കുറിച്ചും, യാഗയജ്ഞങ്ങളെ കുറിച്ചും, തപസ്സിനെ കുറിച്ചും ആയോധന അഭ്യാസങ്ങളെക്കുറിച്ചും സവിസ്താരം വ്യവഹരിക്കുന്നുണ്ട്. അതിനാൽ ഇതിഹാസങ്ങളുടെ കാലഘട്ടം ബുദ്ധനുശേഷമാണെന്ന നിഗമനത്തിലെത്തുന്നതാണ് ശരി. അല്ലെങ്കിൽ, ഇതിഹാസങ്ങൾ അക്ഷരങ്ങളിൽ പകർത്തപ്പെടുന്നത് ബുദ്ധനുശേഷമാണെന്ന് കരുതാം. ലോകചരിത്രങ്ങളെ ക്രിസ്തുവിന് മുമ്പും പിമ്പുമായി ചർച്ച ചെയ്യപ്പെടുന്നതുപോലെ... ഭാരതീയ ചരിത്രാഖ്യാനങ്ങൾക്ക് ബുദ്ധന് മുമ്പെന്നും പിമ്പെന്നും വക തിരിക്കുന്നത് നല്ലതാണ്. ബുദ്ധനുമുമ്പ് രൂഢമൂലമായി ശക്തി പ്രാപിച്ച യാഗയജ്ഞങ്ങൾ, വൈദികത ബുദ്ധകാലഘട്ടത്തിൽ പൊതുജനങ്ങളെ ചൂഷണം ചെയ്യുന്ന തരംതാഴ്ന്ന നിലയിലെത്തിയതിനാലാണല്ലോ ശ്രീബുദ്ധന് തന്റേതായ സ്വധർമ്മാധിഷ്ഠിത ബോധോദയത്തിനായുള്ള ഇടപെടൽ നടത്തേണ്ടിവന്നത്. സംഘം ചേരലും ബോധോദയത്തിനായുള്ള സ്വയം ധ്യാന സമ്പ്രദായവുമാണല്ലോ... പൊതുജനങ്ങളുടെ മുന്നിൽ ബുദ്ധന്റെ വെച്ചുനീട്ടിയ സംസ്കരണപദ്ധതി. അതായത് ഹൃദയബിന്ദുവായും ആകാശസമാന വ്യാപ്തമായും ഉള്ള ഉപാസനക്രമം !

ശ്രീബുദ്ധന്റെ കാലഘട്ടത്തിൽ എന്തായാലും നമ്മുടെ മുന്നിലുള്ള വിധത്തിൽ ഈടുറ്റ സംസ്കൃതഭാഷ നിലവിലുണ്ടായിരുന്നില്ല. ഇനി ഭാരതത്തിന്റെ മാതൃഭാഷ സംസ്കൃതമായിരുന്നെങ്കിൽ തദ്ദേശവാസികളോട് മാതൃഭാഷയായ സംസ്കൃതം ശ്രവിക്കരുത്, ഉച്ചരിക്കരുത്, പഠിക്കരുത് എന്ന നിരോധം ഏർപ്പെടുത്താൻ ഏത് രാജാവിനാണ് ആത്മധൈര്യം ഉണ്ടാവുക ? വേദം കേൾക്കുന്ന ശൂദ്രന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണമെന്ന അത്യന്തം ഖേദകരമായ, ഹൃദയഭേദകമായ ചൊല്ല് പിന്നെ എങ്ങനെ വേദത്തിൽ കടന്നുകൂടി ? ഇത്തരം വേദനിഷേധം ഏത് മനഃസാക്ഷിക്കാണ് യോജിക്കുക ? വേദം ശ്രവിക്കരുത്, പഠിക്കരുത് എന്ന് ഒരു രാജാവിനും നിർദ്ദേശിക്കാനോ നടപ്പിലാക്കാനോ കഴിയില്ലല്ലോ ?

മഹാഭാരതത്തിലെ മുഖ്യ കഥാപാത്രമായ ശ്രീകൃഷ്ണൻ ഭാരതീയാന്തരീക്ഷത്തിലെ പ്രേമവായ്പിന്റെ നിത്യഹരിത സ്രോതസ്സാണ്. വസന്ത ഋതുവിലെ പ്രകൃതിയുടെ സുമംഗലി ഭാവം പോലെ, നിലാവിൽ കുളിച്ചുനിൽക്കുന്ന പൂക്കാലപുളകം പോലെ ശ്രീകൃഷ്ണൻ മനുഷ്യമനസ്സുകളിൽ മായമോഹന മധുരതരമാം വ്യക്തിമുദ്ര പതിപ്പിക്കുന്നു. പൂന്തേൻ നുകരുന്നതിനുമുമ്പ്, ശലഭം, പൂവിനുചുറ്റും നൃത്തം വെയ്ക്കുന്നതുപോലെ കരിനീല വണ്ടുകൾ സരളമധുരപ്രണയസംഗീതം നിറയ്ക്കുന്നതുപോലെ വർഷിക്കുന്നതിനുമുമ്പ് കാർമുകിൽ മാരിവില്ലൊരുക്കുന്നതുപോലെ മനുഷ്യരതിയും ആത്മാർപ്പണത്തിന്റേയും തുല്യപങ്കാളിത്വത്തിന്റേയും സ്നേഹമസൃണതയുടേയും പരമമായ ലയമാണെന്ന് കൃഷ്ണൻ ഒരു ജനതയെ സഹർഷം ഉദ്ബോധിപ്പിക്കുന്നു. പരസ്പര പ്രേമപൂർണ്ണ ലയത്തിന്റെ ചിഹ്നങ്ങളാണ് കൃഷ്ണന്റെ കൈയിലുള്ള ഓടക്കുഴലും ശിരസ്സിലെ മയിൽപ്പീലിയും മാറിലെ വനമാലയും മഞ്ഞപ്പട്ടുടയാടയും. പശുക്കളെ മേച്ചുനടന്ന കൃഷ്ണൻ മൃഗനായാട്ടു ചെയ്തികളെ പാടെ തുടച്ചുമാറ്റി മികച്ചൊരു കാർഷിക സംസ്കാരവും സമൂഹമദ്ധ്യത്തിൽ വിതച്ചു. ഭൂമിയെ മരുഭൂമിയാക്കുന്ന ചെയ്തികളിൽ നിന്നും മനുഷ്യരെ തടഞ്ഞു. പഞ്ചേന്ദ്രിയങ്ങളെ മുന്നിൽ നിന്നു നയിക്കുന്ന 'മനസ്സിനെ പശുവിൽ നെയ്യുപോലെ ഹൃദയാർദ്രമായി സൂക്ഷിക്കാൻ അദ്ദേഹം

ഒരു ജനതയെ ഹൃദയപൂർവ്വം പഠിപ്പിക്കുന്നു.

'യുദ്ധമല്ല' ജീവിതമെന്നും ത്യാഗത്തിന്റെ പേരിൽ ശരീരത്തെ വെറുങ്ങലിപ്പിച്ചും ശോഷിപ്പിച്ചും ശിരസ്സിലെ മുടി ജട പിടിപ്പിച്ചും സമൂഹമദ്ധ്യത്തിൽ നിന്നും കാടുകയറി നേടാവുന്നതല്ല കേവല മോക്ഷമെന്ന് ശ്രീകൃഷ്ണൻ താത്ത്വികമായും പ്രായോഗികമായും പരമസത്യമായും സ്വജീവിതം കൊണ്ട് നമ്മെ ബോധ്യപ്പെടുത്തുന്നു. താത്ത്വികാചാര്യന്മാരും സാമന്ത രാജാക്കന്മാരും അധികാര ചൂതാട്ടക്കാരുടെ ശിങ്കിടികളായി മാറിയ സാഹചര്യത്തിലായിരുന്നുവല്ലോ കൃഷ്ണന്റെ നായകപാടവത്വം അരങ്ങിൽ തെളിഞ്ഞുതുടങ്ങുന്നത്. സ്ത്രീയെ നഗ്നയാക്കലല്ല പൗരുഷമെന്ന് അക്കാലത്തെ ശ്രീകൃഷ്ണൻ നമ്മളേവരുടേയും സ്വബോധത്തിനായി അവിടെ, കൗരവസഭയിൽ ബോധിപ്പിക്കുന്നുണ്ട്. മഹാരഥന്മാർ പതിന്മടങ്ങടങ്ങുന്ന പ്രൗഢഗംഭീരമാം കൗരവസഭയിൽ വെച്ചാണല്ലോ പാഞ്ചാലിയുടെ വസ്ത്രാക്ഷേപം മറ്റൊരു ചൂതുകളിയായി നടക്കുന്നത്. ക്ഷത്രിയരായ ഭർത്താക്കന്മാരുൾപ്പടെയുള്ള സകലമാന മാന്യധീരന്മാരും ധർമ്മശാസ്ത്ര വിശാരദന്മാരും ജടവൽകൃതമൗനം പൂണ്ട്, നിഷ്ക്രിയരായി ഇരുന്നപ്പോൾ പുരുഷവർഗ്ഗം ഒന്നും ചോദ്യം ചെയ്യാൻ ധൈര്യമില്ലാതെ, പ്രതികരിക്കാൻ പ്രാപ്തിയില്ലാതെ, കേവലം നിഴൽ ചിഹ്നങ്ങളായി മാറിയപ്പോൾ അവസാനമില്ലാത്ത ആത്മവിശ്വാസത്തിന്റെ ഉടുവസ്ത്രം പാഞ്ചാലിക്ക് നൽകുന്നത് ശ്രീകൃഷ്ണനാണല്ലോ. അവിടെ മായയല്ല വിവേകത്തോടെയുള്ള പൗരുഷത്തിന്റെ ഇടപെടലാണ് കൃഷ്ണൻ പ്രകാശിപ്പിച്ചത്. മൊത്തം ഗതകാലങ്ങളിലേതടക്കം നിഷേധിക്കപ്പെട്ട സ്ത്രീസ്വാതന്ത്ര്യത്തിന് ഉടുവസ്ത്രം നൽകി സംരക്ഷിക്കുന്ന കൃഷ്ണൻ - സ്ത്രീ ഉടൽ മാത്രമല്ല എന്ന ധിഷണാപരമായ ന്യായമാണല്ലോ സമൂഹത്തിന്റെ മുന്നോട്ടുവെച്ചത് ! അതുവഴി ശപിക്കപ്പെട്ട ഒരു കാലഘട്ടത്തിന്റെ അന്ത്യവും അടിവരയിടുന്നു. സ്ത്രീയുടെ അംഗവസ്ത്രം പരുത്തിനൂൽ മാത്രമല്ലെന്നും, നിശ്ചയദാർഢ്യത്തോടെ സ്പന്ദിക്കുന്ന ഒരു ഉരുക്കു മനസ്സുകൂടി അവൾക്കുണ്ടെന്നും കൗരവസദസ്സിലെ സംഘർഷനിർഭരമായ പാഞ്ചാലി സംഭവവികാസങ്ങളിലൂടെ സമൂഹമദ്ധ്യത്തിൽ കൃഷ്ണൻ രചിച്ചെടുക്കുന്നു. ഒരുപിടി മനീഷികളുടെ മുന്നിൽവെച്ച് പാഞ്ചാലി ആത്മവിശ്വാസത്തിന്റെ നിറവീര്യമോടെ നിർവ്വഹിക്കുന്ന ശപഥം, വരുംകാലത്തിന്റെ നാലകത്തുകൂടി വൻകാഹളമായി ആഞ്ഞടിക്കുന്നു. സ്ത്രീക്കും തനത് വ്യക്തിത്വവും അസ്തിത്വവും ആത്മാഭിമാനവും ഉണ്ടെന്നും സമൂഹമദ്ധ്യത്തിൽ വ്യവസ്ഥ വൽക്കരിക്കപ്പെടുന്നു. സമുജ്ജ്വല സാമൂഹ്യസാംസ്കാരിക പരിഷ്കർത്താവായ ശ്രീകൃഷ്ണന്റെ നെടുനായകത്വമാണല്ലോ മഹാഭാരതത്തിലുടനീളം ഗീതകമാകുന്നത്. ഗീതങ്ങൾ... ആശയങ്ങൾ തുടങ്ങിയവയിലൂടെ ഒരു ജനതയുടെ മനഃസാക്ഷി ഉന്നത സാംസ്കാരിക തലങ്ങളിലേക്ക് കുതിച്ചുയരും. അസ്ഥികളഴിയിട്ട കൂട്ടിലെ കിളിക്ക് അക്ഷരസ്വാതന്ത്ര്യം കൈവരുന്നതോടെ ആത്മവിശ്വാസം ഉയരും. വിശ്വാസം ആകാശം പോലെ സർവവ്യാപകമാവും.

ഇന്നും ഭാരതത്തിൽ അങ്ങോളമിങ്ങോളം ഗ്രാമങ്ങളിലും നഗരങ്ങളിലും പ്രേമത്തിന്റെ ജൈവസ്രോതസ്സായി, ഹൃദയസംഗീതമായി ശ്രീകൃഷ്ണൻ വിലസുന്നു. 'പ്രേമം' എന്നാൽ ശ്രീകൃഷ്ണനും; ശ്രീകൃഷ്ണനെന്നാൽ പ്രേമവുമായി സുസ്ഥിരമായൊരു പ്രകാശോർജ്ജം ഈശ്വരപ്രകൃതിയിൽ സഹജമായി നിലനിൽക്കുന്നു. ഈശ്വരനെന്നാൽ ധ്യാനധന്യമായൊരു പ്രേമജീവിതമാണെന്ന ധർമ്മസാരം വിവേകികൾ അംഗീകരിക്കുന്നു. ഓടക്കുഴൽ നാദത്തെ സ്വന്തം ഹൃദയസ്പന്ദനങ്ങളോട് ചേർത്തിണക്കി, ജീവിതമാകുന്ന മന്ദാരമലരുകളുടെ പ്രണയകാന്തി സ്വയം ആവാഹിച്ചെടുക്കാൻ ശ്രീകൃഷ്ണസങ്കല്പം, നവീനയുവതയ്ക്ക് കൂടി ഉൾപ്രേരണ നൽകുന്നു. കാലത്തിന്റെ കുതിര സവാരിയും യുദ്ധമുറകളും മുറിപ്പാടുകളും തന്റേടത്തോടെ അതിജീവിച്ച ശ്രീകൃഷ്ണന്റെ ഓടക്കുഴൽവിളിയുടെ മനോമഞ്ജിര മണിനാദ സുധാരസം സുതാര്യതയോടെ മാനവഹൃദയ ഭൂമികളെ ആന്തരികമായും ബാഹ്യമായും ജാഗ്രതൂര്യഭാവത്തോടെ തൊട്ടുണർത്തുന്നു. അന്നേരം നിങ്ങളുടെ സ്വന്തം ഹൃദയനാദമഹിമ കൃഷ്ണമയമായി മാറുന്നു. കൃഷ്ണൻ ഒരു ഉണർവാണ്. നാദധർമ്മ ബോധമാണ്, നീതിശാസ്ത്രമാണ്. കൃഷ്ണൻ ഏവരുടേയും പ്രാണസ്വരൂപമാണ്. നിങ്ങളുടെ മിഴികളിലും, നിങ്ങളുടെ കണ്ഠത്തിലും, നിങ്ങളുടെ ചുണ്ടിലും, ഹൃദയത്തിലും നിങ്ങൾക്കെപ്പോഴും ബോധമയമായി ശ്രീകൃഷ്ണ സാന്നിധ്യം സ്വയം തിരിച്ചറിയാൻ കഴിയണം, കഴിയും. അപ്പോൾ മുതൽ നിങ്ങളിൽ നിരാലംബഭക്തി നിത്യാനന്ദമായി പ്രകാശിക്കും.

ജന്മം കൊണ്ട് നാം ഏവരും പശുപ്രായരാണ്. ഇന്ദ്രിയധർമ്മങ്ങൾക്കപ്പുറം മനസ്സിന്റെ പാലാഴി നാം കടഞ്ഞെടുക്കണം. നിജബോധവടിവമായി നാം ബുദ്ധിയുടെ സ്ഥിതപ്രജ്ഞയിൽ ഘനീഭൂതമാകണം. ഘനീഭൂതമായ സ്ഥിതപ്രജ്ഞ കൃഷ്ണാവബോധമായി ജീവനിൽ കുടികൊള്ളുന്നു. 'ജനനം' ഇന്ദ്രിയങ്ങളുടെ നൃത്തസന്ധിയാണെങ്കിൽ 'മനനം' മഹത്വത്തിലേക്കുള്ള മഹാപാതയാണ്. അന്ധവിശ്വാസങ്ങൾ കൊണ്ട് ശവമട മാന്താനല്ല, നിത്യപ്രേമം കൊണ്ടും അവസരോചിതമായ നീതിനിർവ്വഹണം കൊണ്ടും സ്വധർമ്മാനുഷ്ഠാനത്താലും ജീവിതത്തെ സൗന്ദര്യവൽക്കരിക്കാനാണ് ശ്രീകൃഷ്ണൻ നമ്മളെ ഉദ്ബോധിപ്പിക്കുന്നത്. ഗീത സ്വയം ശുദ്ധീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശികയാണ്! പ്രേമം നീതികരണത്തിന്റെ ബഹുസ്പർശിഭാവമാണ് ! ഭക്തിഹൃദയമുദ്രിതതാളമാണ് !!

(ശ്രീമതി. തുളസി കേരളശ്ശേരിയുടെ ഹതാശയെന്ന കവിതയും സഡൻ മ്യൂട്ടേഷൻ എന്ന് കവിതയും ഏക തത്ത്വ മാസികയിൽ 2018 ഫെബ്രുവരി, മാർച്ച് ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചിരുന്നു. ഈ രണ്ടു കവിതയെക്കുറിച്ചും രണ്ട് ലക്കങ്ങളിലായി കലാകൗമുദിയിൽ ശ്രീ. പായിപ്ര രാധാകൃഷ്ണൻ പരാമർശിക്കുകയുണ്ടായി. രാധാകൃഷ്ണൻ സാറിന് നന്ദിയും തുളസി ടീച്ചർക്ക് അഭിനന്ദനങ്ങളും അറിയിക്കുന്നു.)



തുളസി കേരളശ്ശേരി
9526144499

# മനോരഥക്കാഴ്ച

കവിതവേണമെന്നോതി നീ സ്നേഹിതാ
വിഷയവും തന്നു 'രാവിന്റെ സൗഭഗം'
വിഗതമേതോ മോഹപ്പിറാവുകൾ
കുറുകിയാർത്തു മനഃച്ചില്ലമേലെടൊ!

രാവഴകുള്ള കാമിനിയെന്നതും
പൂനിലാവിൽ കുളിക്കുമെന്നുള്ളതും
പുഞ്ചിരിത്താരകങ്ങളനവധി
മൊഞ്ചിലാമുഖത്തഞ്ചുമെന്നുള്ളതും


ചന്തമേറുമാ കാഴ്ചകണ്ടൻപിനാൽ
ആഴിമാനസം തുള്ളുമെന്നുള്ളതും
മേഘമാലയൊരുക്കിയിട്ടാകാശ
കാമുകൻ കാത്തിരിക്കുമെന്നുള്ളതും

രാത്രിമുല്ലക്കവിളിൽ തലോടുവാൻ
കാറ്റുമെല്ലെ പതുങ്ങുമെന്നുള്ളതും
നേർത്ത ശബ്ദത്തിലേതോ ഇണപ്പക്ഷി
സ്നേഹഗീതിക മൂളുമെന്നുള്ളതും

കേട്ടുകേൾവിയിൽ നിന്നു മനോരഥ-
ക്കാഴ്ച്ചകൾ മെനഞ്ഞിടുന്നു ഞാനെടൊ!
നിന്നിലാൺകാഴ്ച നൽകിയ നാട്ടറി-
വൊന്നുമീ പെൺമനമറിയാതെപോയ് !

ആർക്കുവേണമീ കാണാത്തക്കാഴ്ച്ചകൾ !
ആർത്തലയ്ക്കുന്നുണ്ടുള്ളിലൊരു കവി !
കത്തുമീ മോഹമുള്ളിൽ പുകയവേ
കൊണ്ടുപൊയ്കൊൾക
നീയെൻ കവിതയെ
കൊണ്ടുപൊയ്ക്കോൾക
നീയെൻ കവിതയേ !







## എന്റെ അഭിനയ സ്മരണകൾ

ഭാഗം 15

മുക്കം ഭാസി
9846138693

# ആദാമിന്റെ മകൻ അബു

**ഈ** തലക്കെട്ട് ഞാൻ കടമെടുത്തതാണ്. അഞ്ചിലേയോ, ആറിലേയോ മലയാളപാഠപുസ്തകത്തിൽ ഇങ്ങനെയൊരു തലക്കെട്ടുള്ള പാഠമുണ്ടായിരുന്നു. പ്രതിഫലേച്ഛയില്ലാതെ സർവ്വരേയും സഹായിയ്ക്കുന്ന ഒരു അബു. സകലർക്കും ഒരു കൈത്താങ്ങായ അബു! ആരും പറഞ്ഞിട്ടല്ല അബു സഹായിയ്ക്കുന്നത് സ്വയം തോന്നിയിട്ട്.

ഒരു ചുമട്ടുകാരൻ ചുമട് തലയിലേറ്റാൻ വിഷമിയ്ക്കുന്നത് കണ്ടാൽ അബു അവിടെയെത്തും. ചുമട് തലയിലേറ്റാൻ സഹായിയ്ക്കും. ഭാരം കയറ്റിയ കാളവണ്ടി കയറ്റം കയറാൻ ബുദ്ധിമുട്ടുമ്പോൾ വണ്ടിയുടെ പിന്നിൽ അബുവിന്റെ സഹായഹസ്തം റെഡി! ചുക്കില്ലാത്ത കഷായമില്ല എന്ന് പറയും പോലെയാണ്. എല്ലാറ്റിലും അബുവിന്റെ സാന്നിധ്യം ആർക്കും പ്രതീക്ഷിയ്ക്കാം.

അതുപോലെയായിരുന്നു ശേഖരൻ കിടാവ്. നാടകരംഗത്ത് അദ്ദേഹം അറിയപ്പെട്ടിരുന്നത് ശേഖരൻ ചാത്തോത്ത് എന്ന പേരിലാണ്. കിടാവ് എന്ന വാല് അയാൾ മുറിച്ച് കളഞ്ഞു!

വീട്ടിൽ എല്ലാം സുഭിക്ഷമായിരുന്നത് കൊണ്ട് കൈ കഴുകി ഭക്ഷണത്തിന്റെ മുന്നിൽ ഇരുന്നു കൊടുത്താൽ മതി. കൃഷിയും മറ്റു കാര്യങ്ങളുമൊക്കെ ജ്യേഷ്ഠൻ നോക്കിക്കൊള്ളും.

കാലത്ത് പ്രാതൽ കഴിച്ച് മൂപ്പർ പുറത്തിറങ്ങും. പിന്നീട് അബുവായി മാറും. കല്യാണ വീട്ടിലും മരണ വീട്ടിലും എന്നുവേണ്ട ഏത് തർക്കസ്ഥലത്തും കിടാവിന്റെ വ്യക്തിത്വം ജ്വലിച്ചു നിൽക്കും. വൈകുന്നേരമായാൽ ഏതെങ്കിലും നാടക റിഹേഴ്സൽ ക്യാമ്പിലാവും.

ഈയുള്ളവൻ എത്തിപ്പെട്ടത് അദ്ദേഹത്തിന്റെ തണലിലാണ് കിടാവറിയാത്ത ഒരു നാടക കലാകാരനും കലാസമിതിയും ചുറ്റുപാടുകളിലില്ല.

അഞ്ചാറു മൈൽ അകലെയുള്ള കാക്കൂർ എന്ന സ്ഥലത്ത് ഏതാനും കലാകാരന്മാർ അവരുടെ ക്ലബ്ബിന്റെ പേരിൽ ഒരു നാടകം കളിയ്ക്കുന്നു. സ്വാഭാവികമായും അവർ കിടാവിന്റെ സഹായം അഭ്യർത്ഥിയ്ക്കുന്നു.

കിടാവ് എന്നേയും കൂട്ടി അവിടെ പോവുകയും എന്നെ അവർക്ക് പരിചയപ്പെടുത്തുകയും ചെയ്യുന്നു.

കൃഷ്ണൻ കുട്ടി മാസ്റ്റർ, സോമരാജൻ, വിക്ടറി ഭാസി, മുഹമ്മദ്, അച്യുതൻ തുടങ്ങി സഹൃദയരായ ചില സുഹൃത്തുക്കളെയാണ് പരിചയപ്പെടുത്തിയത്.

'വിക്ടറി ആർട്സി'ന്റെ

ബാനറിൽ 'ബലിയാടുകൾ' എന്ന നാടകത്തിനാണ് നറുക്ക് വീണത്. കടവൂർ ജി. ചന്ദ്രൻ പിള്ളയുടെ വളരെ ശക്തമായ ഒരു നാടകമായിരുന്നു ഇത്.

നാടകം സംവിധാനം ചെയ്തതാവട്ടെ കൂത്താട്ടുകുളത്തുകാരനായ എം.ഡി.ജോസ് എന്നൊരധ്യാപകനും. നന്മണ്ട ഹൈസ്കൂളിലെ അധ്യാപകനായിരുന്നു അദ്ദേഹം.

നാടകത്തിലെ നായകവേഷം എനിയ്ക്കാണ് ലഭിച്ചത്. വർക്കി എന്ന കഥാപാത്രം. എന്നെക്കൂടാതെ കിടാവ്, സോമരാജൻ, കൃഷ്ണൻകുട്ടി മാഷ്, വിക്ടറി ഭാസി, കോഴിക്കോട് ശാരദ, ബാലുശ്ശേരി സരസ എന്നീ പ്രഗത്ഭരും ഇതിൽ വേഷമിട്ടു. കാക്കൂർ മുഹമ്മദും, ഗ്രാമസേവക് അച്യുതനും ഇതിന്റെ അമരക്കാരായി. മറ്റു പല സുഹൃത്തുക്കളും ഇതിന്റെ അണിയറ പ്രവർത്തകരായി. പ്രതിഭാശാലിയായ സോമരാജന്റെ അക്ഷരങ്ങളെ കേളുഭാഗവതരാണ് ചിലങ്കയണിയിച്ചത്. മനോഹരമായ ഈണം നൽകി സോമരാജന്റെ വരികളെ ഭാഗവതർ ആകർഷകമാക്കി.

*ചക്കരമാക്കൊമ്പ,ത്തെത്തിരനേരമായ്*
*കാക്ക വിരുന്നു വിളിയ്ക്ക്ണ്*
*അക്കരെ നിക്ക്ണോ,രാരെങ്കിലും*
*വരും*
*മക്കനെ കാരിയെ കാങ്ങുവാൻ!!*

എന്നൊക്കെയുള്ള വരികൾ കാക്കൂരിലെ ചിലരുടെയെങ്കിലും ചുണ്ടുകളിൽ ഇന്നും പൂത്തുലയുന്നുണ്ടാവും.

സ്ഫോടനാത്മകമായ ഇതിവൃത്തമായിരുന്നു ഇതിന്റെ കഥാതന്തു! ഒരു മുസ്ലീം യുവതിയും ക്രിസ്ത്യൻ യുവാവുമായുള്ള പ്രണയം. വെറും സാധാരണക്കാർ. പക്ഷെ, യാഥാസ്ഥിതികനായ മുസ്ലീം പിതാവ്-ഹമീദ്-ഒരിയ്ക്കലും ഇതിന്നു സമ്മതം മൂളില്ല എന്നുമാത്രമല്ല മൂത്ത് നരച്ച ഒരു മൊല്ലാക്കയെ കൊണ്ട്, മകളെ-നഫീസ്സയെ കെട്ടിയ്ക്കാൻ തീവ്രമായ ഒരു ശ്രമം നടത്തിയെങ്കിലും അത് വിജയിച്ചില്ല.

മതാന്ധതയുടെ രക്തസാക്ഷിത്വം നഫീസ്സ ഒരു മുഴം കയറിൽ അവസാനിപ്പിയ്ക്കുന്നതോടെ നാടകത്തിന്നു തിരശ്ശീല വീഴുന്നു. പേരെടുത്ത നാടകനടിയായ കോഴിക്കോട് ശാരദ ധാരാളം സിനിമകളിലും വേഷമിട്ടിട്ടുണ്ട്. 'എന്ന് നിന്റെ മൊയ്തീൻ' എന്ന സിനിമയിലും ശാരദ മിന്നിമറയുന്നുണ്ട്. അവരായിരുന്നു എന്റെ നായികയായ നഫീസ്സയുടെ റോൾ കൈകാര്യം ചെയ്തത്.

ഈ നാടകത്തിലെ കഥാപാത്രങ്ങളെ ജീവസ്സുറ്റതാക്കാൻ എല്ലാ നടീനടന്മാരും മത്സരിച്ച് അഭിനയിയ്ക്ക തന്നെ ചെയ്തു. ഹമീദിന്റെ വേഷമിട്ട കിടാവ് അഭിനയത്തിന്റെ എവറെസ്റ്റ് കൊടുമുടി കാൽചുവട്ടിലാക്കി. സോമരാജന്റെ മാത്തച്ചൻ, വിക്ടറി ഭാസിയുടെ മൊല്ലാക്ക, ശാരദയുടെ നഫീസ്സ... എല്ലാം എല്ലാം... പ്രേക്ഷകമനസ്സുകളിൽ തെല്ലൊന്നുമല്ല സ്ഫോടനാത്മകമായ ചലനങ്ങൾ സൃഷ്ടിച്ചത്!

ഒരു നാടകത്തിന്റെ വിജയം കൈയ്യടി മാത്രമല്ല; നേരെ മറിച്ച് നാടകവാസനം ഗ്രീൻ റൂമിലേയ്ക്കുള്ള പ്രേക്ഷകരുടെ തള്ളിക്കയറ്റം കൂടിയാണ്. എത്രയോ പേർ ഞങ്ങളെ നേരിൽ കാണാനും പരിചയപ്പെടാനും എത്തിയത് മറക്കാനാവാത്ത ഒരനുഭവം കൂടിയായിരുന്നു.

ശിവപുരത്ത് ഒരു പേരെടുത്ത ഗ്രന്ഥാലയമുണ്ട്. ദേശസേവിനി ഗ്രന്ഥാലയം. അതിന്റെ പ്രധാന പ്രവർത്തകൻ കൂടിയായിരുന്നു ശേഖരൻ ചാത്തോത്ത്. പരപ്പനങ്ങാടിക്കാരൻ ഗോപാലകൃഷ്ണൻ മാസ്റ്റർ ശിവപുരം സി.പി.ഉണ്ണി നാണുനായർ തുടങ്ങിയവർ.

ഇതോടനുബന്ധിച്ച് ഒരു ആർട്സ് ക്ലബ്ബ് കൂടി രൂപീകരിച്ചു. അതിന്റെ ജനറൽ സെക്രട്ടറിയായി എന്നെ ചുമതലപ്പെടുത്തി. വായനശാലയുടെ വാർഷികം ഗംഭീരമാക്കണമെന്നും നാടകവും മറ്റു കലാപരിപാടികളും അരങ്ങേറണമെന്നുള്ള മെമ്പർമാരുടെ ശക്തമായ അഭിപ്രായം മുഖവിലയ്ക്കെടുത്ത് ഞങ്ങൾ പ്രവർത്തനമാരംഭിച്ചു.

ഉറൂബിനെ കൊണ്ടു പരിപാടി ഉദ്ഘാടനം ചെയ്യിക്കണമെന്നും അതിന്റെ ചുമതല ക്ലബ്ബ് സെക്രട്ടറി എന്ന നിലയ്ക്ക് എന്നിൽ നിക്ഷിപ്തമാവുകയും ചെയ്തു.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഉറൂബിന്റെ ഉമ്മാച്ചു പൊടിപാറ്റുന്ന കാലം. അന്നദ്ദേഹം കോഴിക്കോട് ആകാശവാണി നിലയത്തിലാണ്.

ഉറൂബ് എന്ന പേരു കേട്ടതല്ലാതെ ഉറൂബിനെ എനിയ്ക്ക് നേരിട്ട് പരിചയമില്ലായിരുന്നു. പക്ഷെ ഉമ്മാച്ചു വായിച്ച് വിജ്രംഭിതനായിരുന്ന കാലമായിരുന്നു അത്. ഏതായാലും ഞാൻ കോഴിക്കോട് ആകാശവാണി നിലയത്തിലെത്തി. വൈകുന്നേരം അഞ്ചുമണിയായി കാണും.

ആകാശവാണിനിലയം ഞാൻ ആദ്യമായി കാണുകയാണ്! നിലയത്തിലേയ്ക്ക് ഞാൻ കാലെടുത്ത് കുത്തിയപ്പോൾ ഒരു ഖദർധാരി അല്പം കഷണ്ടി നെറ്റിയിൽ നിന്ന് മടിച്ച് മടിച്ച് മേലോട്ട് എത്തിനോക്കുന്നുമുണ്ട്, ഇറങ്ങിവരുന്നു. തറവാടിത്തം സ്ഫുരിയ്ക്കുന്ന മുഖഭാവം.

എന്നെ കണ്ടതും സൗമ്യമായി ഒരു ചോദ്യം എന്റെ നേർക്കെറിഞ്ഞതും ഒന്നിച്ചായിരുന്നു.

"എന്താണ്? ആരെ കാണാനാണ്?"

ഞാൻ പറഞ്ഞു, " സാർ എനിയ്ക്ക് ഉറൂബിനെ കാണണം." ഒരു കള്ളച്ചിരി ചുണ്ടിന്റെ കോണിൽ ഒളിപ്പിച്ചുവെച്ച് അദ്ദേഹം വീണ്ടും ചോദിച്ചു. "എന്താണ് കാര്യം?" ഞാൻ കാര്യം പറഞ്ഞു.

"എന്നാൽ ഞാൻ തന്നെയാണ് ഉറൂബ്!"

വാർഷികത്തിന്റെ തിയ്യതിയും മറ്റു കാര്യങ്ങളും ഞാനദ്ദേഹത്തെ ബോധ്യപ്പെടുത്തി. അദ്ദേഹം വരാമെന്നേറ്റു. ഒരു നിധി കിട്ടിയ സന്തോഷത്തോടെ ഞാൻ മടങ്ങി!!

*വാൽക്കഷണം-* ഈ നിലയത്തിൽ 25 വർഷക്കാലം നാടകത്തിൽ ശബ്ദം കൊടുക്കാൻ പിൽക്കാലത്ത് എനിയ്ക്ക് സാധിച്ചത് മറ്റൊരുനിയോഗ സൗഭാഗ്യം!!

(തുടരും)





# ഡോ. സാമുവൽ ഹാനിമാൻ
## (Dr. Samuel Hahnemann)
(1755 – 1843)

**ഡോ. സി. രാമകൃഷ്ണൻ**
**9447358663**

**അ**പകടരഹിതവും സുഗമവും സരളവുമായ ഒരു ചികിത്സാസംവിധാനം കണ്ടുപിടിച്ച ഒരു അവതാര പുരുഷനായിരുന്നു, ഹോമിയോപതിയുടെ ഉപജ്ഞാതാവായ ഡോ. സാമുവൽ ഹാനിമാൻ. ഒരു കാലത്ത് അവഗണിക്കപ്പെട്ടിരുന്ന ഈ ചികിത്സാസമ്പ്രദായം ഇന്ന് ഉന്നത പദവിയിലേക്ക് ഉയർന്നുകൊണ്ടിരിക്കുകയാണ്. ലോകത്തിലുള്ള മിക്ക രാജ്യങ്ങളും ഈ ചികിത്സാസമ്പ്രദായത്തെ ആദരിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നു. എന്നാൽ ഇന്ത്യയിൽ ഈ ചികിത്സാസമ്പ്രദായം ഇന്ന് പുരോഗമിക്കുന്നുണ്ടെങ്കിലും ദേശീയതലത്തിൽ ഇതിന് കിട്ടിക്കൊണ്ടിരിക്കുന്ന ആദരവ് കുറഞ്ഞതോതിലാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴും ഈ ചികിത്സാസംവിധാനത്തെപ്പറ്റിയുള്ള അറിവ് നൂറുശതമാനം ജനങ്ങൾക്ക് ലഭിച്ചിട്ടില്ല എന്ന കാര്യം വ്യക്തമാണ്. പരോക്ഷമായി ഇതിന്റെ വളർച്ചയ്ക്ക് ഭീഷണി നേരിടുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. ഈ ചികിത്സാസംവിധാനത്തെ അടിച്ചമർത്തുവാൻ ഒരു വൻശക്തി പിന്നിൽ പ്രവർത്തിക്കുന്നത് മൂലമായിരിക്കാം പുരോഗതിക്ക് തടസ്സം നേരിടുന്നത്. എങ്കിലും ജനങ്ങൾ സ്വമേധയാ ഈ ചികിത്സാ സമ്പ്രദായം ഫലപ്രദമാണെന്ന് തിരിച്ചറിയാൻ തുടങ്ങിയെന്ന് കാണുന്നതിൽ സന്തോഷിക്കാം.

ഈ വരുന്ന ഏപ്രിൽ 10ാം തിയതി, ഡോ. ഹാനിമാന്റെ 263ാം ജന്മവാർഷികം ആഘോഷിക്കപ്പെടുകയാണ് പ്രാദേശിക തലത്തിൽ. ദേശീയ തലത്തിൽ അദ്ദേഹത്തിന്റെ ജന്മവാർഷികം ആഘോഷിക്കപ്പെടുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല.

ഡോ. ഹാനിമാൻ തന്റെ വൈദ്യവൃത്തി ആരംഭിക്കുന്നതിനു മുമ്പ്, ഇംഗ്ലീഷ്, ഫ്രെഞ്ച്, ഇറ്റാലിയൻ, ഗ്രീക്ക്, ലാറ്റിൻ എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടുകയും പിന്നീട് അറബിക്, സിറിയാക്, കാൽഡേക്ക്, ഹീബ്രു എന്നീ ഭാഷകളിൽ കൂടിയും നൈപുണ്യം നേടിയിരുന്നു. ഉപജീവനമാർഗ്ഗേണ അദ്ധ്യാപനം, വിവർത്തനം എന്നീ ജോലികളിൽ വ്യാപൃതരായിരുന്നു. മനുഷ്യശരീരം പഠിക്കുവാനും, ചികിത്സയിൽ വ്യാപൃതനാകുവാനുള്ള താത്പര്യം മാനിച്ച് പിന്നീട് മെഡിക്കൽ കോളേജിൽ ചേർന്ന് പഠനം പൂർത്തിയാക്കി അലോപ്പതി ചികിത്സക്കായി എം. ഡി. ബിരുദം കൈക്കലാക്കി. എന്നാൽ അന്നത്തെ അലോപ്പതി ചികിത്സാരീതിയിൽ ഗുണത്തെക്കാളേറെ ദോഷഫലങ്ങൾ അനുഭവിക്കുന്നതായി നേരിട്ട് മനസ്സിലാക്കി. രക്തം ഒഴുക്കിക്കളയുക (Bloodletting) എന്ന പ്രക്രിയയാണ് ചികിത്സാരീതിയിൽ അന്ന് നടപ്പിലാക്കിയിരുന്നത്. ഈ കാരണങ്ങൾ കൊണ്ട് തുടർന്നുകൊണ്ടിരുന്ന ചികിത്സാസമ്പ്രദായത്തിൽ വിരക്തി തോന്നി ചികിത്സ ഉപേക്ഷിക്കുകയും പിന്നീട് വീണ്ടും ഭാഷാ വിവർത്തകനായ തന്റെ പഴയ ജോലിയിൽത്തന്നെ വ്യാപൃതനാവുകയും ചെയ്തു.

വൈദ്യ പ്രവൃത്തിയിൽ നിന്ന് പിൻമാറിയെങ്കിലും അദ്ദേഹത്തിന്റെ മനസ്സിൽ എളുപ്പവും ഫലപ്രദവുമായ ഒരു ചികിത്സാസമ്പ്രദായത്തെപ്പറ്റിയുള്ള ആശയം ഉദിക്കുകയും ചെയ്തു. ഇതിന്നൊരു നിമിത്തമായി, വില്യം കള്ളന്റെ മെറ്റീരിയാ മെഡിക്ക (William Cullen's A Treatise on the Materia Medica) എന്ന പുസ്തകവിവർത്തനവേളയിൽ പെറുവിയൻ എന്ന വൃക്ഷം (Cinchona) മലമ്പനിക്ക് ഔഷധമെന്ന് കണ്ടെത്തുകയും ഇതിന്റെ സാരാംശത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കുവാനായി സ്വയം പരീക്ഷണം നടത്തുകയും മലമ്പനിയുടെ ലക്ഷണങ്ങൾ അദ്ദേഹത്തിന് അനുഭവപ്പെടുകയും രോഗാവസ്ഥയിൽ ഇതേ വസ്തുവിനെത്തന്നെ തന്റെ ശരീരത്തിൽ പ്രയോഗിച്ചപ്പോൾ രോഗലക്ഷണങ്ങൾ ഇല്ലാതാവുകയും ചെയ്തത് കണക്കിലെടുത്ത് അദ്ദേഹം കൂടുതൽ പരീക്ഷണങ്ങൾ നടത്തിയതിന്റെ ഫലമായി 'ഏതൊരു വസ്തു ആരോഗ്യമുള്ള ശരീരത്തിൽ രോഗലക്ഷണങ്ങൾ കാണിക്കുമ്പോൾ അതേ വസ്തുവിന് പ്രസ്തുത രോഗലക്ഷണങ്ങൾ ഇല്ലാതാക്കുവാനും കഴിയും' എന്നുള്ള തത്ത്വം സ്ഥിരീകരിക്കുകയും ചെയ്തു. 'Like Cures Likes', ഇതിനെ അദ്ദേഹം ഹോമിയോപതി എന്ന നാമകരണം ചെയ്യുകയും ചെയ്തു.

### ഹോമിയോ മരുന്നുകളുടെ പ്രവർത്തനം

നേർമിക്കുന്തോറും മരുന്നിന്റെ വീര്യം വർദ്ധിക്കുന്നു എന്ന് അദ്ദേഹം കണ്ടുപിടിച്ചു. ഈ വീര്യം (Potency) ആവർത്തന പ്രക്രിയയിലൂടെയാണ് വർദ്ധിപ്പിക്കപ്പെടുന്നത്. മരുന്ന് രൂപത്തിലുള്ള ഒരു പദാർത്ഥത്തെ ശുദ്ധീകരിച്ച്, ശുദ്ധമായ ആൽക്കഹോളിൽ ലയിപ്പിച്ചാൽ ഒരു ലായിനി ആയിത്തീരുന്നു. ഇതിനെ മാതൃസത്ത് (Mother Tincture) എന്ന് വിളിക്കുന്നു. ഇതിൽനിന്ന് ഒരുഭാഗം എടുത്ത്, കൃത്യമായ ഒരളവിൽ ആൽക്കഹോളിൽ ലയിപ്പിച്ച് ഒരു പ്രത്യേകതരത്തിൽ ഇളക്കിയാൽ (succussion) പ്രസ്തുത മരുന്നിന്റെ പ്രാഥമിക വീര്യം ഉണ്ടാവുന്നു. ഇതിൽ

നിന്ന് ഒരുഭാഗം എടുത്ത് വീണ്ടും ആൽക്കഹോളിൽ ലയിപ്പിച്ച് ഇളക്കുന്നതോടുകൂടി വീര്യത്തെ വീണ്ടും വർദ്ധിപ്പിക്കുവാൻ സാധിക്കും. ഇങ്ങനെ ആവർത്തന പ്രക്രിയയിലൂടെ ഒന്നും മുതൽ ലക്ഷം വരെയോ അതിനുമുകളിലോ വീര്യം വർദ്ധിപ്പിക്കാൻ സാധിക്കും. വീര്യം വർദ്ധിക്കുന്തോറും മരുന്നിന്റെ അംശം ഉണ്ടാവുകയില്ല. ഇതുകൊണ്ടാണ് ഹോമിയോപതിക്ക് പാർശ്വഫലം ഇല്ലെന്ന് പറയുന്നത്. ഇത് തീരെ മനസ്സിലാക്കാതെ ചില ശാസ്ത്രജ്ഞന്മാർ ഹോമിയോ മരുന്നുകൾ വെറും പഞ്ചസാര ഗുളികകളാണ്, തട്ടിപ്പാണെന്നും സർക്കാർ പിന്തുണ പിൻവലിക്കണമെന്നുള്ള കുപ്രചരണം നടത്തി അവസാനം പരാജയം സമ്മതിക്കേണ്ടതായും വന്നു. അതുമാത്രമല്ല ചില അലോപ്പതി ഡോക്ടർമാർ ഹോമിയോപതി ശാസ്ത്രീയമായി തെളിയിക്കപ്പെടാത്ത ചികിത്സാ സംവിധാനമാണെന്ന് തെറ്റായ അഭിപ്രായപ്രകടനം നടത്തിവരുന്നു. ഈ ചികിത്സാസംവിധാനത്തെപ്പറ്റി നല്ലവണ്ണം മനസ്സിലാക്കാതെയുള്ള അഭിപ്രായം പ്രകടിപ്പിക്കുന്നത് ഉചിതമല്ല. പരീക്ഷണങ്ങളെല്ലാം ആരോഗ്യമുള്ള മനുഷ്യരിൽ കൂടിയാണ്. ഇതിന്ന് മീതെ എന്തു ശാസ്ത്രീയതയാണ് വേണ്ടത് ? എത്രയോ അലോപതി ഡോക്ടർമാർ ഹോമിയോ ചികിത്സാ സംവിധാനം അംഗീകരിച്ചുവരുന്നത് ഒരു നല്ലകാര്യം തന്നെയാണ്. രോഗികളുടെ ആരോഗ്യം ക്ഷയിപ്പിക്കുന്നതിന്നുപകരം സംരക്ഷിക്കുവാനുള്ള കഴിവ് ഹോമിയോപതിക്കുണ്ടെന്നുള്ള തിരിച്ചറിവ് ലഭിച്ചതുകൊണ്ടാണ് ഇതിനെ അംഗീകരിക്കുന്നത്.

ഡോ. ഹാനിമാൻ, ചികിത്സാരീതിയെ സംബന്ധിച്ചുള്ള ഓർഗനോൺ (Organon) എന്ന പുസ്തകം അഞ്ചുപതിപ്പുകളായി പ്രസിദ്ധീകരിച്ചു. ഇതിന്റെ ആറാമത്തെ പതിപ്പ് പ്രസിദ്ധീകരിക്കുന്നതിനിടയിൽ അദ്ദേഹം ലോകത്തോട് വിട പറയുകയും ചെയ്തു. ആറാമത്തെ പതിപ്പിൽ അത്ഭുതകരമായ ചികിത്സാ പരിഷ്ക്കാരങ്ങൾ വിവരിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ വരുവാനിരിക്കുന്നതേയുള്ളൂ.

സുരക്ഷിതവും ലളിതവും പാർശ്വഫലമില്ലാത്തതും വളരെ ചിലവുകുറഞ്ഞതും വളരെയേറെ ഫലപ്രദവുമായ ഒരു ചികിത്സാസമ്പ്രദായത്തെ സൃഷ്ടിച്ച ഒരു വലിയ മഹാനായ ഡോ. സാമുവൽ ഹാനിമാനെ അർഹിക്കുന്ന രീതിയിൽ നാം ആദരിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ ചികിത്സാ സംവിധാനത്തെപ്പറ്റിയുള്ള അറിവ് ഭൂരിഭാഗം ജനങ്ങൾക്കും ലഭിച്ചിട്ടില്ല എന്ന ദുഃഖസത്യം നിലനിൽക്കുന്നു. മാത്രമല്ല ഏറ്റവും തരംതാണ (Cheap) ചികിത്സയാണ് ഹോമിയോപതി എന്നുള്ള പ്രചരണവും അവഗണന എന്ന അവസ്ഥയിലേക്ക് നീങ്ങുവാനിടയാകുന്നു. വർഷങ്ങൾക്കുമുമ്പ് കണ്ട പരസ്യത്തെ പോലെയാണ് ഹോമിയോപതിയുടെ അവസ്ഥ. അതായത് മറ്റു ചികിത്സകൾ പരാജയപ്പെടുമ്പോൾ ഞങ്ങളെ സമീപിക്കുക എന്നുള്ള പരസ്യാവസ്ഥ. എങ്കിലും ജനം സ്വയം തിരിച്ചറിഞ്ഞ് ഈ ചികിത്സാ സംവിധാനത്തെ അംഗീകരിക്കുവാൻ തുടങ്ങിയെന്ന് കാണുന്നതിൽ സന്തോഷിക്കാം. ഹോമിയോ ചികിത്സയെ സംബന്ധിച്ചുള്ള ബോധവൽക്കരണ പ്രക്രിയയിൽ സർക്കാർ മുൻകൈയെടുക്കേണ്ടതുണ്ട്. ഇതിനെ സംബന്ധിച്ചുള്ള രാഷ്ട്രപിതാവിന്റെ പ്രസ്താവന ഒരിക്കൽ ഈ മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എങ്കിലും ഒരിക്കൽ കൂടി പ്രസ്തുത പ്രസ്താവന ഇവിടെ ചേർക്കുന്നു.

'Homoeopathy cures a larger percentage of cases than any other forms of treatment and is beyond doubt safer and more economical. Homoeopathy is the latest and refined method of treating patients economically and non violating Government must encourage and patronise it in our country.'

ഹോമിയോ ചികിത്സയുടെ വികസന മേഖല ഇനിയും വളരെയേണ്ടിയിരിക്കുന്നു. അതിന്നായി ശ്രമിക്കുന്നത് ഡോ. ഹാനിമാനോട് കാണിക്കുന്ന വിലയേറിയ ആദരവായിരിക്കും.





പി. എൻ. ഗംഗാലക്ഷ്മി
9447972209

# തക്കാളി അച്ചാർ

### ആവശ്യമുള്ള സാധനങ്ങൾ

തക്കാളി - 1 കി.

പിരിയൻ മുളക് - 10 എണ്ണം

കടല പരിപ്പ് - 1/4 കപ്പ്

ഉലുവ - 2 ടീസ്പൂൺ

കായപ്പൊടി - 1 ടീസ്പൂൺ

ജീരകം - 1 ടീസ്പൂൺ

പുളി - 1 ഉരുള (നെല്ലിക്ക വലുപ്പം)

എണ്ണ - 1 കപ്പ്

ഉപ്പ് - ആവശ്യത്തിന്

### പാകം ചെയ്യേണ്ട വിധം

തക്കാളി കഴുകി തുടച്ച് ചെറുതായി മുറിക്കുക. 2 സ്പൂൺ ഉപ്പ് ചേർത്ത് വെള്ളം ചേർക്കാതെ വേവിക്കുക. പാൻ ചൂടാക്കി 1 ടേബിൾ സ്പൂൺ എണ്ണ ഒഴിച്ച് കടലപ്പരിപ്പ് ചെറുതീയിൽ നല്ലതുപോലെ ചുവക്കുന്നതുവരെ വറുക്കുക. മുളകും, ഉലുവയും വറുത്തുകോരുക. തണുത്തതിനുശേഷം മൂന്നും കൂടി തരുതരുപ്പായി പൊടിക്കുക. തക്കാളി തണുത്ത ശേഷം അരയ്ക്കുക. പാനിൽ ബാക്കിയുള്ള എണ്ണയൊഴിച്ച് ജീരകവും കായപ്പൊടിയും മൂപ്പിക്കുക. ഇത് മൂത്തുകഴിഞ്ഞാൽ അരച്ചുവെച്ച തക്കാളിയും പൊടികളും ആവശ്യത്തിന് ഉപ്പും പുളി പിഴിഞ്ഞെടുത്തതും ചേർത്ത് ഇളക്കിക്കൊണ്ടിരിക്കുക. വെള്ളം വറ്റി എണ്ണ തെളിഞ്ഞുതുടങ്ങിയാൽ വാങ്ങിവെയ്ക്കാം. തണുത്തതിനുശേഷം കുപ്പിയിൽ നിറച്ചുവെയ്ക്കാം. രണ്ടാഴ്ച വരെ കേടുകൂടാതെ ഉപയോഗിക്കാം.



**ജോസ് ചാലക്കൽ**
**9020147667**





# ജൈവകൃഷിയുടെ കൂട്ടുകാരൻ കൂടുമാറുന്നു

**യു**വജനങ്ങൾക്ക് ജൈവകൃഷിയെപ്പറ്റി ബോധവൽക്കരണം നൽകി പഠനത്തോടൊപ്പം കൃഷിയും പഠിപ്പിക്കുന്ന ജൈവകൃഷിയുടേയും പക്ഷിമൃഗാദികളുടേയും കൂട്ടുകാരനും യുവജനങ്ങളുടെ റോൾ മോഡലുമായ യുവക്ഷേത്രകോളേജ് ഡയറക്ടർ ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ, ഒമ്പതുവർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം തന്റേതായ കൈയൊപ്പ് പതിപ്പിച്ച് യുവക്ഷേത്രകോളേജിൽ നിന്നും മംഗലംഡാം സെന്റ് സേവിയേഴ്സ് ഫൊറോനപ്പള്ളിവികാരിയും സെന്റ് സേവിയേഴ്സ് ഹൈസ്കൂൾ മാനേജരുമായി സ്ഥലം മാറുന്നു.

ചെറിയാനച്ചന്റെ പ്രവർത്തനകാലത്ത് യുവക്ഷേത്രകോളേജിന് അസൂയാവഹമായ വളർച്ചയും പ്രശസ്തിയും ലഭിച്ചതിനുപിന്നിൽ അച്ചന്റെ വിശ്രമമില്ലാത്ത പരിശ്രമവും ദീർഘവീക്ഷണവുമാണെന്ന് മനസ്സിലാക്കാം. സ്നേഹം കൊണ്ട് വിദ്യാർത്ഥികളേയും മറ്റും അച്ചടക്കത്തിൽ നിർത്താൻ അച്ചനു കഴിഞ്ഞിട്ടുണ്ട്. കളിക്കുമ്പോൾ നന്നായി കളിക്കുക, പഠിക്കുമ്പോൾ നന്നായി പഠിക്കുക, ആഘോഷിക്കുമ്പോൾ നന്നായി ആഘോഷിക്കുക എന്നതാണ് അച്ചന്റെ പോളിസി. ഇതിനുദാഹരണമാണ് ഓണാഘോഷം, ക്രിസ്തുമസ്, കോളേജ് ഡേ എന്നീ ആഘോഷങ്ങൾക്ക് വിദ്യാർത്ഥികൾക്കൊപ്പം നിന്നുകൊണ്ട് അവരിലൊരാളായി മാറി ആഘോഷങ്ങളിൽ പങ്കുകൊള്ളാറുള്ളത്. ശിങ്കാരിമേളം കൊഴുക്കുമ്പോൾ താളഹരം കയറി കൊട്ടുകാരനിൽ നിന്നും ചെണ്ട വാങ്ങി ഒപ്പം കൊട്ടുന്നതും മറ്റും അച്ചന്റെ കലാഹൃദയം നമ്മെ തുറന്നുകാട്ടുന്നതാണ്. എങ്കിലും ആരെങ്കിലും അതിരുവിടുന്നുണ്ടെന്ന് തോന്നിയാൽ അച്ചന്റെ ഒരു നോട്ടം മതി അതിരുവിടുന്നവൻ ശാന്തമാകാൻ.

2005ൽ 14 കുട്ടികളുമായി ആരംഭിച്ച കോളേജിൽ ഇപ്പോൾ 1650 കുട്ടികൾ പഠിക്കുന്നു. 2009ൽ ചെറിയാനച്ചൻ ചാർജ്ജെടുത്തതിനുശേഷം കോളേജിന്റെ വളർച്ചയുടെ സ്പീഡ് അതിവേഗമായിരുന്നു. ഇപ്പോൾ 12 ഡിഗ്രി കോഴ്സുകളും 2 പിജി കോഴ്സുകളും ഉണ്ട്. പഠനത്തിന് പറ്റിയ മികച്ച അന്തരീക്ഷവും കെട്ടിടങ്ങളും ജീവനക്കാരും ഒത്തുചേർന്നപ്പോൾ പഠനത്തിൽ നല്ല റിസൽട്ടുണ്ടാക്കാൻ കഴിഞ്ഞു. 2008 മുതൽ 2018 വരെ ഹോട്ടൽ മാനേജ്മെന്റ് വിഭാഗത്തിൽ റാങ്കോടുകൂടിയ വിജയമാണ് ഈ കോളേജിലെ വിദ്യാർത്ഥികൾ കരസ്ഥമാക്കിയത്. മാത്രമല്ല പഠനം പൂർത്തിയാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും വിദേശരാജ്യങ്ങളിലെ ഉന്നത ഹോട്ടലുകളിൽ ഉയർന്ന ശമ്പളത്തിൽ ജോലിയും ലഭിച്ചുവരുന്നു.

പഠനത്തോടൊപ്പം പ്രകൃതിയെ അറിയുക പ്രകൃതിയോടൊപ്പം ആയിരിക്കുക ആരോഗ്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനമാണ് യുവക്ഷേത്രയെ മറ്റുകോളേജുകളിൽ നിന്നും വ്യത്യസ്തമാക്കാൻ ഫാ. ചെറിയാൻ തെളിയിച്ച പുതുവഴി.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഗോൾഡൻ ജൂബിലി വർഷമായ ഈ വർഷം ഏറ്റവും നല്ല ഗ്രീൻ കാമ്പസായി യുവക്ഷേത്രയെ തിരഞ്ഞെടുക്കപ്പെട്ടു. 2017ലെ ജൂലൈ 5ന് വൈസ് ചാൻസിലർ മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള 225 കോളേജുകളിലെ നോഡൽ ഓഫീസർമാർ പങ്കെടുത്തു. യൂണിവേഴ്സിറ്റിയിൽ ആദ്യമായി ജൈവകൃഷി സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചത് യുവക്ഷേത്ര കോളേജിലാണെന്നത് കോളേജിന് ഒരു പൊൻതൂവൽ കൂടിയാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് കോഴ്സിൽ ഈ വർഷം 45 വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കിയത് കോളേജിന് വൻനേട്ടമായിരിക്കയാണ്.

ഹരിതാഭമായ കോളേജ് കാമ്പസും മരങ്ങളിൽ തത്തിക്കളിക്കുന്ന വിവിധയിനം കിളികളും അണ്ണാറക്കണ്ണനും മറ്റും മനസ്സിന് കുളിർമയും സന്തോഷവും നൽകുന്നു. ചുരുക്കിപ്പറഞ്ഞാൽ ഏദൻ തോട്ടത്തിൽ എത്തിയ ഒരു പ്രതീതിയാണെന്നാണ് പലരും പറയാറുള്ളത്.

യുവതലമുറക്ക് കാമ്പസ് പഠനത്തോടൊപ്പം തന്നെ കൃഷിയുടെ നല്ല പാഠങ്ങൾ പകർത്തുനൽകയാണ് ഈ വൈദീകശ്രേഷ്ഠൻ ചെയ്തുവരുന്നത്. അതിനുവേണ്ടി 20

ഏക്കർ വരുന്ന കോളേജ് കാമ്പസ് ഹരിതാഭമാക്കി മാറ്റി. കാർഷികപ്രധാനമായ നിരവധി പദ്ധതികൾ നടപ്പിലാക്കി 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള മഴവെള്ളസംഭരണി ദിവസം 1 ലക്ഷം ലിറ്റർ മലിനജലം ശുദ്ധീകരിക്കുന്ന ശാസ്ത്രീയ സയന്റിഫിക് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) ജൈവകൃഷിയുടെ ആവശ്യത്തിനായുള്ള നാടൻ പശുക്കളെ വളർത്തുന്ന ഡയറിഫാം, അവയിൽ വെച്ചൂർ, കാങ്കയം, ഉമ്പളാശ്ശേരി തുടങ്ങിയ നാടൻ പശുക്കൾ, ഉയർന്ന താപനിലയിൽ പ്ലാസ്റ്റിക് കത്തിക്കുന്ന ഇൻസിനറേറ്റർ, കൃഷിയിടങ്ങൾ നനക്കുന്നതിനുള്ള സ്പ്രിങ്കളറുകൾ എന്നിവ കാർഷികവൃത്തിക്ക് ശക്തിപകരുന്നു.

കുട്ടികൾക്ക് സ്വന്തം പേരിൽ വൃക്ഷം നൽകുന്ന 'എന്റെ മരം പദ്ധതി' ഏറെ ശ്രദ്ധേയമായിരുന്നു. കോളേജ് വഴിയുടെ ഇരുവശവും തണൽ മരങ്ങൾ വെച്ചുപിടിപ്പിച്ച കാമ്പസ് ഹരിത ഇടനാഴി, വിവിധയിനം പച്ചക്കറികൾ വിളഞ്ഞുനിൽക്കുന്ന പച്ചക്കറിത്തോട്ടം, നൂറിലധികം പഴവർഗ്ഗമരങ്ങൾ, 35 ലധികം ഇനം പ്ലാവുകൾ, റംബൂട്ടാൻ, മൂരിയാൻ, ഫ്ലാസർ, ജംബോട്ടിക്ക, പാഷൻഫ്രൂട്ട്, ബിജിപഴം, പീനെട്ട് ബട്ടർ, പിസ്ത, മാംഗോസ്റ്റിൻ, പപ്പായ, മാജിക് ഫ്രൂട്ട് തുടങ്ങി നിരവധി പഴവർഗ്ഗചെടികൾ.

പാവൽ, പയർ, വെണ്ട, വഴുതന, തക്കാളി, കാബേജ്, കോളിഫ്ളവർ, കാപ്സിക്കം, വെള്ളരി, മത്തൻ, കുമ്പളം, പച്ചമുളക് നിരവധി കിഴങ്ങുവർഗ്ഗങ്ങളിൽ ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, കപ്പ, മധുരകിഴങ്ങ് നിരവധി ഇനങ്ങൾ എന്നിവ ഈ കാമ്പസിലെ പച്ചക്കറിത്തോട്ടത്തിന് അലങ്കാരമാണ്.

നിരവധി കാർഷിക പ്രദർശനങ്ങൾക്ക് കാമ്പസ് വേദിയായിട്ടുണ്ട്. 2013ൽ ബാംബുഫെസ്റ്റ്, 2014ൽ അന്നം 2014, 2015ൽ അന്നം 2015, ഹോട്ടൽമാനേജ്മെന്റ് വിഭാഗത്തിന്റെ മെഗാഭക്ഷ്യമേള (ലെ ഓയേഴ്സ്) എന്നിവയും കുട്ടികളിൽ സ്നേഹവും സഹായവും കരുണയും ദാനശീലവും മാനവികതയും ഉണർത്താൻ സ്നേഹോത്സവം, സാന്ത്വനപരിചരണപരിപാടികൾ, രക്തദാനം, ഭവന നിർമ്മാണം, ചികിത്സാസഹായം എന്നിങ്ങനെ നിരവധി പരിപാടികൾ സംഘടിപ്പിച്ച് നല്ലൊരു ഭാവിതലമുറയെ വാർത്തെടുക്കാൻ ശക്തമായ പങ്കുവഹിക്കുകയാണ് യുവക്ഷേത്ര കോളേജ് ചെയ്തുവരുന്നത്.

പ്രശസ്ത സിനിമാതാരവും ജൈവകൃഷി പ്രോത്സാഹകനും ഹരിത ആരോഗ്യത്തിന്റെ വക്താവുമായ ശ്രീനിവാസൻ 2015ലെ കോളേജ് ദിനം ഉദ്ഘാടനം ചെയ്യാനെത്തിയപ്പോൾ 1001 കൂടകളിൽ ഒരുക്കിയ പച്ചക്കറിത്തൈകളുമായിട്ടാണ് സ്വീകരിച്ചത്. ശ്രീനിവാസൻ ആശംസിച്ച പ്രകാരം തന്നെ അവയിലെല്ലാം നല്ല വിളവും ലഭിച്ചു. ബൊക്കക്കുപകരം സ്റ്റേജിൽ നിരത്തിവെച്ചിരുന്നത് വിളഞ്ഞുനിൽക്കുന്ന കാബേജ് ചെടികളായിരുന്നു. ജീവിതത്തിലാദ്യമായിട്ടാണ് ഇത്തരം നല്ല ജൈവഅനുഭവം ഉണ്ടാകുന്നതെന്ന് ശ്രീനിവാസൻ പറഞ്ഞു.

'അന്നം 2015' ചക്കമഹോത്സവം കൂടിയായിരുന്നു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിയായിരുന്നു ഉദ്ഘാടകൻ. ചക്ക കൊണ്ടുള്ള വിവിധയിനം ഭക്ഷണ സാധനങ്ങളും ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

വിദേശത്തേയും ഇന്ത്യയിലേയും പ്രശസ്തമായ സ്ഥാപനമേധാവികളും ഇവിടെ സന്ദർശിച്ച് കാമ്പസ് ഇന്റർവ്യൂ നടത്തി ജോലി നൽകാറുണ്ട്. ദുബായിലെ ഹ്ളോറിയ ഗ്രൂപ്പ്, അൽജറുമൈറ, മദീനത്ത് ഫ്ളോറ, എസ്. എസ്. പി. എമിറേറ്റ്സ്, ഹിൽട്ടൻ, മെയ്ഡൺ ഹോട്ടൽ, വൺ ആന്റ് ഓൺലി, റോയൽ മിറേജ്, ഗ്രാന്റ് ബെൽവ്യൂ എന്നിവരും ദോഹയിലെ ഇന്റർകോണ്ടിനെന്റൽ, റൊട്ടാന എന്നിവരും ബെഹറിനിലെ ഷെറാട്ടൻ, കുവൈറ്റിലെ മോഹൻ പിക് എന്നിവരും ഇന്ത്യയിലെ വിഗ്രോയും ഇതിൽ പ്രമുഖരാണ്. വിവിധകാലയളവിലായി വിവിധമേഖലകളിലെ പ്രഗത്ഭരും ഈ കാമ്പസ് സന്ദർശിച്ചിട്ടുണ്ട്. കർദിനാൾ ജോർജ്ജ് ആലഞ്ചേരി, സിനിമ സംവിധായകരായ ലാൽജോസ്, മേജർ രവി, മലയാളകവികളായ അൻവർ അലി, പി. പി. രാമചന്ദ്രൻ, മൂവാറ്റുപുഴ ബിഷപ്പ് ഡോ. അബ്രഹാം മാർജൂലിയോസ്, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, വി. എസ്. അച്ചുതാനന്ദൻ, രമേഷ് ചെന്നിത്തല, മുൻ പശ്ചിമ ബംഗാൾ ഗവർണ്ണർ എം. കെ. നാരായണൻ, സിനിമാതാരങ്ങളായ ശ്രീനിവാസൻ, കാവ്യാമാധവൻ, മുൻകേന്ദ്രമന്ത്രി ജയറാം രമേഷ്, കെ. എം. മാണി, അനൂപ് ജേക്കബ്, കെ. സി. ജോസഫ്, എം. ബി. രാജേഷ്, ഷാഫി പറമ്പിൽ, വി. ടി. ബലറാം, ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ, മലയാളം സർവ്വകലാ വൈസ്ചാൻസിലർ, കെ. ജയകുമാർ, ഋഷിരാജ് സിംഗ്, മുൻകോഴിക്കോട് സർവ്വകലാശാല വൈസ്ചാൻസിലർ എം. അബ്ദുൾ സലാം, അഡീഷണൽ പ്രിൻസിപ്പാൾ ചീഫ് വനംവകുപ്പ് കൻസർവേറ്റർ കെ. ജി. മോഹൻലാൽ, മഹാരാഷ്ട്ര മുൻഗവർണ്ണർ കെ. ശങ്കരനാരായണൻ, കേരളാഗവർണ്ണർ പി. സദാശിവം, കുഴൽമന്ദം രാമകൃഷ്ണൻ, കഥാകൃത്ത് മുണ്ടൂർ സേതുമാധവൻ, സന്തോഷ് എച്ചിക്കാനം തുടങ്ങി വിവിധ തുറകളിലെ പ്രമുഖരെ ഉൾപ്പെടുത്തി പ്രോഗ്രാമുകൾ നടത്താൻ ചെറിയാൻ അച്ചന് പ്രത്യേക കഴിവും ഉന്നതരായ അടുത്ത ബന്ധങ്ങളുമാണ് എന്നതിന് സംശയമില്ല. അതുകൊണ്ടുതന്നെയാണ് വ്യത്യസ്തവും പുതുമയാർന്നതുമായ ഓരോ പരിപാടികൾ കാണുമ്പോഴും ജനങ്ങൾ ഒന്നടങ്കം പറയും അതാണ് 'ചെറിയാനച്ചൻ ടച്ച്' എന്ന്. ചൊട്ടയിലെ ശീലം ചുടല വരെ എന്നാണല്ലോ പഴമൊഴി. കൃഷിയും കാരുണ്യവും മറ്റും ചെറുപ്പം മുതൽ തന്നെ പാരമ്പര്യമായി അച്ചന്റെ രക്തത്തിൽ അലിഞ്ഞുചേർന്നതാണ്.

പാലക്കാട് ഷൊർണ്ണൂരിനടുത്തുള്ള കൂനത്തറയിലേക്ക് കോട്ടയം ചങ്ങനാശ്ശേരിയിൽ നിന്ന് കുടിയേറിയ പ്രഗത്ഭ കർഷക കുടുംബത്തിലെ അംഗമാണ് ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ. പ്രകൃതിയേയും ഭൂമിയേയും സംബന്ധിക്കുന്ന ഏതു കാര്യവും ചെറുപ്രായം മുതൽ ഇഷ്ടവിഷയമായിരുന്നു. ഭൂമി ശാസ്ത്ര


മായിരുന്നു ഇഷ്ടവിഷയം. ആലത്തൂർ എസ്. എൻ. കോളേജിലെ പ്രീഡിഗ്രി പഠനത്തിനുശേഷം ആലുവായിലെ സെമിനാരിയിൽ വൈദിക പഠനത്തിനുചേർന്നു. പത്തുവർഷത്തെ വൈദീക പഠനകാലത്ത് അവിടെ കൃഷികാര്യങ്ങളിൽ താൽപ്പര്യമുള്ളവരുടെ ഒരു കൂട്ടായ്മ ഉണ്ടാക്കി. സാമൂഹ്യപ്രതിബന്ധതയുള്ള ഇവരുടെ ഈ കൂട്ടായ്മയിൽ 'പാവപ്പെട്ടവന്റെ പങ്ക്' നൽകാനുള്ള സംവിധാനം ഉണ്ടാക്കി. സെമിനാരി പഠനത്തിനുശേഷം 1996 ഡിസംബർ 28ന് തിരുപ്പട്ടം സ്വീകരിച്ച് പാലക്കാട് സെന്റ് റാഫേൽ കത്തീഡ്രൽ പള്ളിയിൽ വൈദികനായി ആത്മീയ സേവനം ആരംഭിച്ചു. തുടർന്ന് വടക്കഞ്ചേരിയിലെ സെന്റ് മേരീസ് ഐ. ടി. സി. യുടെ ചുമതലയേറ്റെടുത്തുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അമരക്കാരനായി മാറി. 12 ഏക്കർ സ്ഥലമുള്ള ഈ സ്ഥാപനത്തെ വളർത്തി വലുതാക്കി പോളിടെക്നിക്കാക്കി മാറ്റി. ഈ പരിസരത്ത് അഭ്യസ്തവിദ്യരും കൃഷിയിൽ തൽപ്പരരുമായ ധാരാളം ചെറുപ്പക്കാർ ഉണ്ടായിരുന്നു. കർഷകൻ ആയതിൽ അഭിമാനം കൊള്ളുന്നവരായിരുന്നു അവരിൽ ഭൂരിപക്ഷവും. ഇവരെ സംഘടിപ്പിച്ച് 'ടീംഫാർമർ' എന്ന ഒരു കൂട്ടായ്മ ഉണ്ടാക്കി മാസത്തിലൊരിക്കൽ ഇവർ മറ്റ് പ്രദേശങ്ങളിലെ പ്രധാന കൃഷി ഫാമുകളിൽ പഠനയാത്രകൾ നടത്തിയിരുന്നു. സ്വാഭാവികമായും ഇവരുടെ ശ്രദ്ധ ജൈവകൃഷിയിലേക്ക് തിരിഞ്ഞു. മസാനോബുഫുക്കുവോക്കയുടെ ഒറ്റവൈക്കോൽ വിപ്ലവം ഇവരെ വളരെയധികം ആകർഷിച്ചു. ജീവാണുവളങ്ങളെ കുറിച്ച് ഇവർ പഠിച്ചു. മണ്ണിളക്കാതെയുള്ള കൃഷിരീതികൾ പ്രാവർത്തികമാക്കി. ജൈവകീടനാശിനി നിയന്ത്രണം നടത്തി. ഈ കൃഷി രീതികളെല്ലാം പോളിടെക്നിക് കോളേജ് കാമ്പസിലും പരിസരപ്രദേശങ്ങളിലും പ്രായോഗികമാക്കി. ടീം ഫാർമർ കൂട്ടായ്മ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഇതിനിടയിൽ പട്ടാമ്പി കോളേജിൽ നിന്നും മലയാളത്തിൽ എം. എ. ബിരുദവും നേടിയിട്ടുണ്ട്.

കർമ്മസ്ഥലം എവിടെയായാലും ദൈവമക്കൾക്ക് ആവശ്യമായ ദൈവ വചനവും അന്നത്തിനുള്ള വഴിയും നൽകുകയെന്നതാണ് ലക്ഷ്യമെന്ന് ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ പറയുന്നു. അതിനുവേണ്ടി കാസയേന്തുന്ന കൈകളിൽ കലപ്പയുമായി ദൈവമക്കളുടെ കൂട്ടത്തിലേക്ക് ഈ പുരോഹിതൻ കടന്നുചെന്ന് ദൈവവചനവും അന്നത്തിനുള്ള പരിശീലനവും വിതക്കുന്നു.

പുതിയ കർമ്മസ്ഥലത്തേക്ക് പോകുന്ന ചെറിയാനച്ചന് ഉജ്ജ്വലമായ യാത്രയയപ്പാണ് കോളേജിൽ ഒരുക്കിയത്. സമ്മേളനം കെ. വിജയദാസ്, എം. എൽ. എ. ഉദ്ഘാടനം ചെയ്തു. പഠനത്തോടൊപ്പം തന്നെ സാമൂഹ്യ പ്രതിബദ്ധതയും കൂടി പഠിപ്പിച്ച് നല്ലൊരു സമൂഹത്തെ വാർത്തെടുക്കുകയാണ് ഫാ. ആഞ്ഞിലിമൂട്ടിൽ ചെയ്തതെന്ന് ഉദ്ഘാടനപ്രസംഗത്തിൽ എം. എൽ. എ. പറഞ്ഞു. വിദ്യാർത്ഥികളെ പഠനവിഷയങ്ങൾ പഠിപ്പിക്കുന്നതോടൊപ്പം അവരെ ജീവിക്കാൻ പഠിപ്പിച്ച് സമൂഹവുമായി ബന്ധിപ്പിക്കുകയും കൃഷിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. കെ. മുഹമ്മദ് ബഷീർ അദ്ധ്യക്ഷത വഹിച്ചു. യുവക്ഷേത്ര കോളേജ് ഫൗണ്ടർ ഡയറക്ടർ ഡോ. ഫാ. സെബാസ്റ്റിൻ പഞ്ഞിക്കാരൻ മുഖ്യപ്രഭാഷണം നടത്തി. കെ. കൃഷ്ണൻകുട്ടി എം. എൽ. എ., കെ. എ. ചന്ദ്രൻ, റിട്ടേർഡ് ഡി. വൈ. എസ്. പി. മുഹമ്മദ് കാസിം, പഞ്ചായത്തംഗം വിനൂപ്, ജോയിന്റ് ആർ. ടി. ഒ. അനൂപ് വർക്കി, ഡോ. ശുദ്ധോധനൻ, കോളേജ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജയ്സൻ ചോതിരിക്കാട്ട്, സി. ജെ. സജോ, രശ്മി രഘുനാഥ് എന്നിവർ ആശംസകളർപ്പിച്ചു. ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ മറുപടി പ്രസംഗവും നടത്തി. വൈസ് പ്രിൻസിപ്പാൾ ഡോ. ഫാ. ലാലു ഓലിക്കൽ സ്വാഗതവും പ്രിൻസിപ്പാൾ ടോമി ആന്റണി നന്ദിയും പറഞ്ഞു.

■ കഥ



സുരേഷ് തെക്കീട്ടിൽ
9446330957

## തിരുത്ത്

"എടാ ആ കൈക്കോട്ടെടുത്ത് തൊടിയിൽ നിന്ന് ഒരു ചേന യിങ്ങോട്ടു പറച്ചാ. കൈക്കോട്ട് കാലിൻമേൽ കൊള്ളണത് നോക്കണം ട്ടൊ."

അമ്മയുടെ സ്നേഹം കലർന്ന നിർദ്ദേശം .

"കൈക്കോട്ട് കാലിൻമേൽ കൊള്ളുന്നത് നോക്കിയിട്ടെന്തിനാ ടീ... യ്യ് അത് കാലിൽ കൊള്ളാതെ നോക്കെടാ ചെക്കാ."

അച്ഛന്റെ ഗൗരവം കലർന്ന തിരുത്ത്.

## നിർബന്ധങ്ങൾ

"അതൊന്നും എനിക്കറിയണ്ട, അതൊന്നും എന്നോടു പറയണ്ട, ഒന്നും എനിക്ക് കേൾക്കേണ്ട, ഞാൻ നാളെ വരില്ല ലീവാണ്, എന്റെ അച്ഛന്റെ ശ്രാദ്ധമാണ്. എനിക്ക് പോയേ പറ്റൂ. വയ്യാതെ കിടന്നപ്പോഴും മരിച്ചപ്പോഴും എനിക്ക് ചെല്ലാനോ കാണാനോ ഒന്നും സാധിച്ചില്ല. ആസമയത്തൊക്ക മൂത്ത ഏട്ടനും ഞാനും തമ്മിൽ വലിയ തെറ്റും വഴക്കുമൊക്കെയായിരുന്നു. ഇത് എനിക്ക് ഒഴിവാക്കാൻ പറ്റില്ല. പോയേ പറ്റൂ. ഞാൻ നാളെ വരില്ല ലീവാണ്... ലീവാണ്... ലീവാണ്..."

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

എഡിറ്റർ

## അർബുദവായനയിലെ അത്ഭുത ചിന്തകൾ (അഞ്ച്)

# നോവൽ വായനയിലെ ആസുരകാലം

**കെ. വിജയകുമാരൻ**
**9448312631, 9444540631**

“**വി**ജയാ എനക്കൊരു ഉദവി വേണും !”

എന്നെ ‘ക്ലാസ്മുറിയിൽ പഠിപ്പിക്കാത്ത വിദ്യാർത്ഥി’ എന്ന് വിശേഷിപ്പിക്കുന്ന തമിഴ് ടീച്ചറാണ് ഫോണിൽ. കേരളാ യൂണിവേഴ്സിറ്റിയിൽ മലയാളം-തമിഴ് നോവലുകളിലെ പുതിയ പ്രവണതകളെപ്പറ്റി ഒരു പ്രഭാഷണത്തിന് അവരെ ക്ഷണിച്ചിരിക്കയാണ്. അതിലേക്ക് എന്റെ സഹായം അഭ്യർത്ഥിക്കുകയായിരുന്നു അവർ.

ഈയിടെയായി നോവൽ വായന തുലോം കമ്മിയാണെന്നും, പുതിയ നോവലുകളൊന്നുംതന്നെ വായിച്ചിട്ടില്ലെന്നും, വാങ്ങിക്കൂട്ടിയ പഴയ നോവലുകൾതന്നെ മോക്ഷം കാത്ത് അലമാറയിലിരിപ്പാണെന്നും, കൊല്ലത്ത് നടക്കാനിരിക്കുന്ന ഒരു സെമിനാറിന് തയ്യാറെടുക്കുകയാൽ മറ്റു വായനകളൊന്നും ഇപ്പോൾ നടപ്പില്ല എന്നും ക്രൂരമായി എങ്ങിനെ എനിക്ക് മറുപടിപറയാനായി എന്ന് അത്ഭുതപ്പെട്ടു. ആ ഒഴിവാക്കലിന്റെ സാധൂകരണമെന്നോണം കോഴിക്കോട് സാഹിത്യോത്സവത്തിനിടയ്ക്ക് വാങ്ങിയ ആറു പുസ്തകങ്ങളിൽ ഒരു നോവൽ മാത്രമേ ഉണ്ടായിരുന്നുള്ളു.

കൊല്ലത്തെത്തിയപ്പോൾ ടീച്ചർ വീണ്ടും വിളിച്ചു. ‘ഉന്നൈ നമ്പിത്താൻ നാൻ ഇന്ത ടാക്ക് ഒത്തുകിട്ടേൻ,’ എന്നു ദയനീയമായി പറഞ്ഞപ്പോൾ എന്റെ മനസ്സ് വല്ലാതെ ആർദ്രമായി. ഈ അദ്ധ്യാപകർ എന്ന വർഗ്ഗത്തോട് എന്താണെനിക്കൊരു ‘മൃദു മൂല’ എന്നത് എത്ര ചിന്തിച്ചാലും പിടികിട്ടാത്ത വിഷയമാണ് (ഇവിടെ എന്റെ അദ്ധ്യാപഹയലഹരി എന്ന കൃതി ഓർക്കുക). സെമിനാർ കഴിഞ്ഞ് ഒട്ടും സമയം പാഴാക്കാതെ ഒരു നോവൽ വായനായജ്ഞത്തിന് തുടക്കമിട്ടു. അവനവനാത്മസുഖത്തിനാചരിക്കു...’ എന്ന ഗുരുവചനം അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമാക്കാമെന്ന് കരുതി.

മലയാളത്തിൽ പഴയ കാരണവന്മാർ ഒന്നൊന്നായി കൊഴിഞ്ഞുകൊണ്ടിരിക്കെ ഒരു കാരണവവേഷം കെട്ടിയാടിയാലോ എന്നൊരു ചിന്ത മനസ്സിലുണ്ടായിരുന്നു. യജ്ഞം തുടങ്ങിയപ്പോൾ ഒരു വേഷം കെട്ടലിന് സ്കോപ്പില്ലാത്തവിധം പുതിയ നോവലിസ്റ്റുകൾ ഭീകരവാഴ്ച നടത്തുകയാണെന്ന് വെളിവായി. ‘ഹമ്മോ ! എന്തൊരു സ്പീഡ്’ എന്നു പറഞ്ഞ് തന്റെ ദേഹത്ത് ചെളിതെറിപ്പിച്ച് ഓടിമറയുന്ന വാഹനത്തെ നോക്കിനിന്ന കൊടിയേറ്റം ഗോപിയുടെ ആ കഥാപാത്രത്തെപ്പോലെയായി എന്റെ സ്ഥിതി. ആ ഭീകരന്മാർ (ഭീകരികളും) സൃഷ്ടിച്ച അമ്പരപ്പിൽ നിന്നും അല്പം ഇളവ് കിട്ടാനാണീ എഴുത്ത്.

### ഒടുവിൽ ഒരു ഒടിയൻ[1]

അമ്പത് അറുപതുകളിൽ പിറന്ന (അതിനുമുമ്പത്തെ കാര്യം നിശ്ചയമില്ലാട്ടാ) പാലക്കാടൻ കുട്ടികൾ കേട്ട പേടിക്കഥകളിലെ നായകനിരയിൽ ഒടിയനുമുണ്ടായിരുന്നു. പിന്നീട് ആ കഥകൾ കഥയില്ലായ്മയാവുകയും ഒടിയനുൾപ്പെടുന്ന പാത്രങ്ങൾ കഥാവശേഷരാവുകയും ചെയ്തു. അക്കാരണം കൊണ്ടാവും പുതിയ തലമുറയിലെ പിള്ളേർക്ക് ഒന്നിനേയും പേടിയില്ലാത്ത ഒരവസ്ഥ സംജാതമായത്. അവർ താടിവളർത്തി അപ്പന്മാരെത്തന്നെ പേടിപ്പിക്കാൻ തുടങ്ങിയല്ലോ ! (താടിയുള്ള അപ്പനേയേ പേടിയുള്ളു എന്ന പഴമൊഴിക്ക് പ്രസക്തിയില്ലാതായി) അങ്ങിനെ വിസ്മൃതിയിലാണ്ടുപോയ ഒരു ദുസ്മൃതിയായി ഒടിയൻ പരിണമിച്ചെന്നു കരുതുമ്പോഴാണ് പരുത്തിപ്പുള്ളിയിലെ പറത്തറയിൽ നിന്നും കണ്ണൻകുട്ടി ഒരൊടിയനെ പുനർജനിപ്പിക്കുന്നത്.

കാലം മറന്നുപോയ ഒരു സംസ്കാരത്തിന്റെ എല്ലും തോലും പെറുക്കിയെടുത്ത് സ്മൃതിയുടെ പ്രാണവായു നല്കി, സ്ഥല- കാല- സാമൂഹ്യപശ്ചാത്തലത്തിൽ പ്രതിഷ്ഠിച്ച ഒരസാധാരണ കൃതിയാണ് ‘ഒടിയൻ’. ഇന്നത്തെ തലമുറയ്ക്ക് അറിയാത്ത ചില ആചാരങ്ങൾ, സാമൂഹ്യരീതികൾ എന്നിവയിലേയ്ക്ക് വെളിച്ചം വീശുന്നതിൽ നോവൽ വിജയിച്ചിട്ടുണ്ട്. കണ്ണൻകുട്ടി ഒരു ജന്മനിയോഗം നിറവേറ്റിയതുപോലെ തോന്നി.

നോവൽ അവസാനിക്കുന്ന ഇരുപതാമത്തെ അദ്ധ്യായത്തിൽ ഒരു വാചകം മാത്രമേയുള്ളു: ‘കാവപേക്ഷിച്ച വെള്ളമായൻ ഇന്നും പരുത്തിപ്പുള്ളിയിൽ അലഞ്ഞുനടക്കുന്നുണ്ടത്രെ.’ ഇവിടെ ഒടിയനെ നാല്കാലി (പൂച്ച)യുടെ രൂപത്തിൽ കണ്ണൻകുട്ടി അനശ്വരനാക്കുമ്പോൾ, നൂറ്റിഅമ്പത്താറുകൊല്ലം മുമ്പ് ചെപ്പൻ എന്ന പറയപിതാമഹന് ഒരു നമ്പൂതിരിയിൽ നിന്നും കിട്ടിയ ശാപം പ്രയോഗവൽക്കരിക്കുകയാണ്.

### രാമകൃഷ്ണന്റെ സൗഗന്ധികം[2]

‘സുഗന്ധി എന്ന ആണ്ടാൾ ദേവനായകി’ ഒരു പ്രളയത്തെ അതിജീവിച്ച പുസ്തകം (പ്ര അ പു) ആണ്. രണ്ടായിരത്തിപ്പതിനഞ്ച് ആഗസ്റ്റ് ആറിന് മേടിച്ചതായി എന്റെ കയ്യൊപ്പിനുതാഴെ തിയതി സൂചിപ്പിക്കുന്നു. ചരിത്രവും മിത്തും കലർന്ന ഊടും സമീപകാല ശ്രീലങ്കൻ രാഷ്ട്രീയ പശ്ചാത്തലം പാവുമായി നെയ്തെടുത്ത അപൂർവ്വമായ ഒരു കൃതി. രണ്ടു തലങ്ങളിൽ ചാടിച്ചാടിയുള്ള കഥനരീതി ഏറ്റവും ഹൃദ്യമായി അനുഭവപ്പെട്ടു.

ദുരൂഹമായി കൊല ചെയ്യപ്പെട്ട ഡാ രജനി തിരണഗാമയെപ്പറ്റി ഒരു ചലച്ചിത്രം നിർമ്മിക്കുന്ന സംരംഭവുമായി ശ്രീലങ്കയിലെത്തുന്ന പീറ്റർ തന്റെ പഴയ കാമുകിയായ സുഗന്ധിയെ അന്വേഷിക്കുന്നതിലൂടേ കഥയുടെ ചുരുൾ നിവരുന്നു. കാന്തളൂരിലെ പടനായകന്റെ മകളായി, മഹേന്ദ്രവർമ്മ രാജാവിന്റെ റാണിയായി, ചോളരാജൻ രാജരാജന്റെ പട്ടമഹിഷിയായി, രാജേന്ദ്രചോളന്റെ ജ്ഞാനസരസ്വതിയായി, വ്യാപാരി ചാം പ്രസീഡിന്റെ വെപ്പാട്ടിയായി, സിഗിരിയിലെ സ്വപ്നനഗരിയിൽ മഹീന്ദ്രന്റെ പ്രേയസിയായി, ഗുരു നിശാങ്കന്റെ മോക്ഷദായകിയായ ശിഷ്യയായി, മുലകൾ അരിഞ്ഞുമാറ്റപ്പെട്ട കുറ്റവാളിയായി, നരഭോജികളായ കാടരുടെ ദൈവക്കോലമായി ചരിത്ര-മിത്തിലെ ദേവനായകി നോവൽ അടക്കിവാഴുന്നു. ഇയക്കതിന്റെ പ്രവർത്തകയായി, പീറ്ററിന്റെ കാമുകിയായി, പിടിക്കപ്പെട്ട കുറ്റവാളിയായി, വിദേശത്തേക്ക് ഒളിച്ചോടിയിട്ടും, കൈകൾ വെട്ടിമാറ്റപ്പെട്ടിട്ടും, ഉള്ളിലെ അഗ്നി കെടാതെ സൂക്ഷിച്ച് ചരിത്ര-ദേവനായകിക്ക് എഴുത്തിലൂടെ ജീവൻ നൽകുന്ന ഇന്നിന്റെ ദേവനായകി ഒടുവിൽ ഒരു സ്ഫോടനത്തിൽ അവസാനിക്കുന്നു. ഇതാണ് നോവലിലെ പച്ചക്കറിയും മാംസവും. മസാലയെപ്പറ്റിയോ പാകം ചെയ്ത രീതിയെപ്പറ്റിയോ അറിയാൻ പുസ്തകം വായിക്കുക. സംഗതി പറയാൻ എളുപ്പമല്ലാത്തവിധം വല്ലാത്തൊരു പടപ്പാണപ്പാ !

### ദുരന്തം വില്കാനുണ്ട് – കാശിനെട്ട്[3]

പഴത്തിനു പുറത്ത് വിത്തിരിക്കുന്ന അപൂർവ്വകനിവിളയും തോപ്പുകളിൽ വർഷങ്ങളായി തൂവുന്ന മാരക വിഷം ഒരു പ്രദേശത്തെ ജൈവപ്രതിഭാസത്തിൽ വരുത്തിയ ദുരന്തം മലയാളിമനസ്സിൽ മായാതെ നിൽക്കുന്നു. പത്രലേഖനങ്ങൾക്കു മാത്രം വഴങ്ങുന്ന ആ വിഷയത്തെ കേന്ദ്രീകരിച്ച് ഒരു നോവലെഴുതുക എന്ന സാഹസമാണ് 'എന്മകജെ' എന്ന കൃതിയിലൂടെ അംബികാസുതൻ നിർവഹിച്ചിരിക്കുന്നത്. വരണ്ട ലേഖനങ്ങൾക്ക് വർണ്ണിക്കാനാവാത്ത ജൈവസത്തയുടെ നനവാണ് ആ പേനയിലൂടെ ഒഴുകിയത്.

പ്രകൃതിയും മനുഷ്യനും നൂറ്റാണ്ടുകളായി സമവായത്തിൽ കഴിഞ്ഞിരുന്ന സ്വർഗ്ഗ എന്ന പ്രദേശത്തിൽ വിവിധ സംസ്കൃതികളും ഭാഷകളും ഇഴുകിച്ചേർന്ന് നാനാത്വത്തിൽ ഏകത്വം എന്ന ചൊല്ല് അന്വർത്ഥമാക്കിയിരുന്നു. ഭൂതങ്ങളും കാവുകളും വന്യമായ പ്രകൃതിയുമായി ആദരവോടെ, ഭയത്തോടെ, ഭക്തിയോടെ ഇടപെടാൻ ജനങ്ങളെ പ്രേരിപ്പിച്ചിരുന്നു. ജടാധാരി മലയുടെ അപ്രാപ്യതകളിൽ അവർ ആ വന്യശക്തിയുടെ മിത്തുകളെ പ്രതിഷ്ഠിച്ചു. നേരും നെറിയും നിലനിന്ന, കിണറുകളില്ലാത്ത ആ സ്വർഗ്ഗത്തിലാണ് സ്വാർത്ഥതയുടെ മൂർത്ത രൂപത്തിൽ ചിലർ അവതരിച്ചതും സ്വർഗ്ഗത്തെ നരകതുല്യമായി മാറ്റിയതും.

വായന കഴിയുമ്പോൾ കരുത്തുള്ള ഇക്കഥയിലെ മനുഷ്യകഥാപാത്രങ്ങൾ നിഴൽകൂത്തിലെ പാവകളെപ്പോലെ കാണപ്പെടുമ്പോൾ എന്മകജെയിലെ അജയ്യമായ പ്രകൃതി മാത്രം മനസ്സിൽ നിറഞ്ഞിരിക്കും, നിർവികാരയായി, നിർമ്മമയായി, നിരപേക്ഷായി.

### മനോജിന്റെ മലയാഴ്മ[4]

അസംസ്കൃതമായ ഒരു മലയാളമോ എന്ന് വാതുറന്നിരിക്കേ വായിൽ തേനൊഴുക്കുന്ന ഒരനുഭവം ഉണ്ടാക്കിയ നോവലാണ് മനോജ് കുറൂരിന്റെ 'നിലം പൂത്തു മലർന്ന നാൾ'. ഒരു ഈ-ബുക്കു വാങ്ങി വായിച്ചുകഴിഞ്ഞശേഷം പലപ്പോഴുമായി കയ്യിലെടുത്തു താലോലിക്കുവാൻ ഒരു ഹാർഡ് കോപ്പി മേടിക്കണമെന്ന് തോന്നിപ്പിച്ച അസുലഭ കൃതി.

പിഴപ്പുതേടി സ്വന്തം ഊരുവിട്ട് പല ഊരുകളിലൂടേ സഞ്ചരിച്ച്, അരചിയലിന്റെ അപ്രതീക്ഷിതമായ ചുഴികളിലും കയങ്ങളിലും അകപ്പെട്ട് നട്ടം കറങ്ങി ഒടുവിൽ സ്വന്തം ഊരിലെ ശാന്തവും സുനിശ്ചിതവുമായ ദാരിദ്ര്യത്തിലേക്ക് മടങ്ങുന്ന ഒരു പാണക്കൂട്ടത്തിന്റെ കഥയിലൂടെ സംഘകാല വൈഭവം മുഴുവനും കിറു കൃത്യതയോടെ വെളിവാക്കുന്ന ഒരു കൃതി. കഥ പറയുന്നത് കൊലുമ്പൻ, ചിത്തിര, മയിലൻ എന്നീ മൂന്നു കഥാപാത്രങ്ങളാണ്. കഥയിലും, കഥനത്തിലും, ഭാഷയുടെ പ്രയോഗത്തിലും മനോജ് ഒരു ആമാനുഷ ഭീകരനാണ്. മലയാഴ്മയുടെ വേരുകൾ കണ്ടറിയാൻ ഏതൊരു ഭാഷാസ്നേഹിയും ഇത് വായിച്ചിരിക്കണം.

### സുഭാഷിന്റെ മനുഷ്യൻ[5]

കുറേ നാളുകൾക്ക് ശേഷം വളരെ മന്ദഗതിയിൽ വായിച്ച ഒരു പുസ്തകമാണ് 'മനുഷ്യന് ഒരു ആമുഖം'. ഓരോ വാചകവും ഇത്ര കലാപരമായും കണിശമായും ഒരുക്കിയ ഒരു കൃതി മലയാളത്തിൽ വേറെ ഉണ്ടോ എന്നെനിക്കറിയില്ല (എന്റെ വായന അത്ര കേമമാണ്). തച്ചനക്കരയുടെ കഥ ഒരു ദേശത്തിന്റെ കഥപോലെ പറയുന്നതിനുമുപരി വാക്കുകളുടെ വ്യത്യസ്ത ചേരുവകളിലൂടേയും കഥനരീതിയിലൂടേയും ഭാഷയിൽ ഒരു ഇന്ദ്രജാലം തന്നെ സൃഷ്ടിച്ചിരിക്കുകയാണ്. സായിപ്പിന്റെ ഭാഷയിൽ പറഞ്ഞാൽ കൈരളിക്ക് 'മൾട്ടിപ്പിൾ ഓർഗാസം' നൽകാൻ കഴിവുള്ള ഈ എഴുത്തുകാരന്റെ താന്ത്രികവിദ്യ കരസ്ഥമാക്കാൻ ഒന്നു ശിഷ്യപ്പെട്ടാലും വേണ്ടില്ലെന്ന് തോന്നുന്നു. തന്ത്രക്കാരൻ തന്റെ കഥാപാത്രമായ ജിതനെക്കൊണ്ട് പറയിപ്പിക്കുന്നത് കേൾക്കൂ: 'മലയാളികൾ എക്കാലവും വായിക്കാൻ പോകുന്ന ഒരു കുടുംബകഥ ഞാൻ എഴുതിയിരിക്കും.' ഭാഷയെ ചൊൽപ്പടിക്ക് നിർത്താനും ആടിക്കാനും സിദ്ധിയുള്ള ഒരു ഭീകരന്റെ ആത്മവിശ്വാസമല്ലേ അത് ? പുസ്തകത്തെപ്പറ്റി ഇനി ഇവിടൊന്നും പറയുന്നില്ല. അവാച്യമായ ആ വായനാനുഭൂതി കുടുസ്സായ വാക്കുകളിൽ ഒതുങ്ങില്ല. നാലു പ്രമുഖ അവാർഡുകൾ നേടിയ, മലയാളത്തിൽ അമ്മിഞ്ഞ നുണയുന്ന കുഞ്ഞുമുതൽ അങ്ങോട്ട് നോക്കിയിരിക്കുന്നവർവരെ അഭിനന്ദിച്ച കൃതി വായിക്കാൻ ഒരു യജ്ഞം വരെ കാത്തിരുന്നതിന്റെ ചമ്മലാണെനിക്ക്.

പ്രിയ വായനക്കാരിൽ ആരെങ്കിലും ഈ പുസ്തകം ഇനിയും വായിച്ചിട്ടില്ലെങ്കിൽ വൈകിക്കേണ്ട. സ്നേഹപൂർവ്വം പുസ്തകം സമ്മാനിച്ച കൊല്ലം എസ്. എൻ. കോളേജിന് നന്ദി.

### ചോയി എന്ന ഭാരതീയൻ[6]

മുകുന്ദൻ മയ്യഴീൽ വീണ്ടും തിരിച്ചെത്തി. മയ്യഴിപ്പൊഴ അവിടെത്തന്നെ ഉണ്ട്, പഴയ ആളുകളുടെ പിന്മുറക്കാരും. എന്നാൽ കഥാകാരൻ ഇത്തവണ മുമ്പെങ്ങും പറയാത്ത ഒരു കഥയാണ് 'കുട നന്നാക്കുന്ന ചോയി'യിൽ പറയുന്നത്. മൂന്നാല് തീയക്കുടികളും അവയെച്ചുറ്റിപ്പറ്റിയ ജനങ്ങളും ഒരു ചെറുകഥയിൽ പറയാൻ മാത്രമുള്ള സംഗതികളുമായാണ് മൂപ്പരുടെ വരവ്. വല്ലഭൻ കയ്യിൽ പുല്ലും ആയുധം എന്നു പറഞ്ഞപോലെയാണ് സംഗതിയുടെ പരിണാമം. പരിചയമില്ലാത്ത സംസാരശൈലിയും പദങ്ങളും (രസകരമായ വിളിപ്പേരുകളും) ഭാഷയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

കുട നന്നാക്കുന്ന ചോയി കപ്പലുകയറി പരന്ത്രീസിലേക്കുപോയി. പോകും മുമ്പൊരു ലക്കോട്ട് കഥയിലെ നായകനായ മാധവനു രഹസ്യമായി കൈമാറുന്നു; തന്റെ മരണശേഷം മാത്രമേ അത് തുറക്കാവൂ എന്ന നിബന്ധനയോടെ. നാട്ടിമ്പുറങ്ങളിൽ ഒരു സംഗതിക്കും എന്നന്നേക്കും രഹസ്യമായിരിക്കാൻ അവകാശമില്ലല്ലോ! ലക്കോട്ടിലെ രഹസ്യമറിയാനുള്ള ജനങ്ങളുടെ മൗലികാവകാശമാണ് കഥ നിയന്ത്രിക്കുന്നത്. പരന്ത്രീസിൽ നിന്നും നാട്ടിൽ വന്ന അന്തോണി കൊണ്ടുവന്ന ചോയിയുടെ രണ്ടാമത്തെ ലക്കോട്ടോടെ കഥ ക്ലൈമാക്സിലെത്തുന്നു. ഓക്കുമരപ്പെട്ടിയിലടക്കിയ ചോയിയുടെ ശരീരം നാട്ടിലെത്തിയപ്പോൾ അത് ചെന്നു കാണുന്നതിനേക്കാൾ തുറക്കാത്ത ലക്കോട്ടിലെ രഹസ്യമറിയാനുള്ള തിടുക്കം കാണിക്കുന്ന ജനതയെ വിസ്മയത്തോടെ വായിക്കാം. ലക്കോട്ടിലെ രഹസ്യം പറയൂല്ല. പുസ്തകം വായിക്കൂ ! ഒടുവിൽ ചോയി എന്ന ഭാര'തീയനെ' കാവി മുക്കുന്ന സന്നിവേശം മലയാള നോവലിലെ മുന്തിയ ശിങ്കിടിമുങ്കനുമാത്രം സാദ്ധ്യമാകുന്ന ഒരു വിരുതാണ്. (വെള്ളാപ്പിള്ളി ഇത് വായിച്ചിട്ടുണ്ടാകുമോ എന്നാണ് എന്റെ ശംശയം.)

രണ്ടായിരത്തി ആറിൽ മംഗലാപുരത്തേക്ക് ചേക്കേറുമ്പോൾ മകൾക്ക് ഉ. കെ. ജി. (ഉന്നത കെ ജി എന്ന് അർത്ഥമാക്കും വിധത്തിലാണ് അവളുടെ ഉച്ചാരണം) യിലെ നഴ്സറി റൈം ലഹരി വിട്ടുമാറിയിരുന്നില്ല. പുതുമ തേടുന്ന അവൾക്കായി കെട്ടിച്ചമച്ച ഒന്നു രണ്ട് ഇംഗ്ലീഷ് റൈമുകൾ 'മാജിക് പോട്ട്'ൽ പ്രസിദ്ധീകരിച്ചിരുന്നു. കൂട്ടത്തിൽ അവൾ വളരെ ഇഷ്ടപ്പെട്ടു അഭിനയിച്ച് പാടി നടന്ന (അതിന്റെ കർത്താവെന്നതിൽ ഞാൻ ഗർവ്വം കൊണ്ട) ഒരു മലയാളം റൈം ഇതാണ്:

പത്രാസുകാരാ പത്രോസേ
പത്രത്തിലെന്തുണ്ടു വർത്തമാനം?
പത്രം പഠിക്കാനിരുന്നുപോയാൽ
പിന്നെ
പത്രാസുകാട്ടാൻ എവടെ നേരം?

മുകുന്ദന്റെ നോവലിലെ ഒരു കഥാപാത്രത്തിന്റെ പേര് പത്രാസുകാരൻ പത്രോസ് എന്നാണ്. കാരാശ്ശേരിയുടെ ഒരു പുസ്തകത്തിന്[7] അവതാരികയിൽ ഡോ. വി. ആർ. പ്രബോധചന്ദ്രൻ നായർ പറഞ്ഞതുപോലെ എനിക്കു പിറന്ന ഒരു 'ചിന്താ സന്താനം' പിന്നീട് മുകുന്ദനും പിറന്നതിൽ നിന്നും ഞാനും ഒരു ഭീകരൻ അല്ലേ/ആണോ എന്ന് ചോദിച്ചുപോവുകയാണ്.

### മീരയുടെ ഊരാക്കുടുക്ക്[8]

നോവൽ വായനായജ്ഞത്തിന് 'മൂവായിരവും കോപ്പും' ഇറക്കും മുമ്പ് സുഹൃത്ത് പറഞ്ഞിരുന്നു: കൊല്ലത്തുനിന്നു മടക്കയാത്രയിൽ നിന്റെ ശകടം എറണാകുളമെത്തുമ്പോൾ 'ആരാച്ചാരു'മായി ഞാൻ സ്റ്റേഷനിലുണ്ടാകും (ഞാൻ കാശിറക്കി പുസ്തകം മേടിച്ച് കുത്തുപാളയെടുക്കുന്നത് അല്പം വൈകിക്കണമെന്ന് ചിലരെങ്കിലും ആഗ്രഹിക്കുന്നുണ്ട്!) രാത്രി പത്തരയ്ക്ക് അവന്റെ കൈയിൽ നിന്നും അതേറ്റുവാങ്ങി അല്പം വായിച്ചു, പിന്നെ ഏഴു പുസ്തകങ്ങൾക്കുശേഷം വളരെ റിലാക്സ് ആയി വീണ്ടും വായനയിലേർപ്പെട്ടു. വായനയിലെ രക്ഷപ്പെടാനാവാത്ത കുരുക്ക് ഒന്നുകൂടെ മുറുകിയത് അപ്പോഴാണ്. കുരുക്കിട്ടത് മീരയും.

'നിന്നെ ഒരിക്കലെങ്കിലും അനുഭവിക്കണം' എന്നു പറയുന്ന കാമുകന്റെ കഴുത്തിൽ കുരുക്കിട്ട് എഴുനൂറ്റിയിരുപത്തേഴ് തവണ മനസ്സിൽ തൂക്കിലേറ്റുന്ന ഒരു പെണ്ണിനെ ചിത്രീകരിക്കുന്നത് എത്ര എളുപ്പത്തിലാണ് മീരയെന്ന ഭയങ്കരി സാധിച്ചിരിക്കുന്നത്. അമ്മയുടെ ഗർഭപാത്രത്തിലിരുന്ന് പൊക്കിൾ കൊടിയിൽ കുരുക്കിട്ടുകളിക്കുന്ന കുഞ്ഞിനെ ചിത്രീകരിക്കാൻ ചില്ലറക്കാർക്ക് കഴിയുമോ ? ചേതന ഗൃദ്ധാ മല്ലിക് എന്ന പെൺകുട്ടിയെ സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ മഹിളാ ആരാച്ചാരാക്കുന്ന മാന്ത്രികവിരുതിന് പുറകിൽ ഒരു തപസ്യ ഉണ്ടാവാതെ നിവൃത്തിയില്ല. ബംഗാളിന്റെ ചരിത്രവും, സംസ്കൃതിയും യഥാ-തഥമായി വിരിച്ച ഒരു വലിയ ക്യാൻവാസിലാണ് തലമുറകളായി ആരാച്ചാർ പണിചെയ്യുന്ന ഗൃദ്ധാ മല്ലിക്കുകളുടെ ചരിത്രം വിന്യസിച്ചിരിക്കുന്നത്.

അഞ്ചുദിവസം കഴിഞ്ഞ് നോവൽ വായനയുടെ കുരുക്കഴിച്ചുമാറ്റിയപ്പോൾ അദൃശ്യമായ ഒരു കയർ അവിടെത്തന്നെയുള്ളതുപോലെ തോന്നി. ഫാന്റം ലിമ്പ് എന്നു പറയുമ്പോലെ ഫാന്റം കുരുക്ക് ഉണ്ടെന്ന് അപ്പോൾ എനിക്ക് വെളിവായി. അത് ആജീവനാന്തം അവിടുണ്ടാകും. അതനുഭവിച്ചവർ കൃതിക്ക് അവാർഡുകൾ കൊടുക്കാതെന്തുചെയ്യും ? സുഭാഷിന്റെ മനുഷ്യന് കൊടുത്തപോലെ ഇന്നാ പിടിച്ചോ നാലെണ്ണം !

### ഒരു ഒറിജിനൽ ഫാന്റം ലിമ്പ്[9]

ഒരു പൈങ്കിളി പോലെ എഴുതാവുന്ന കടിഞ്ഞൂൽ കൃതിയിൽതന്നെ ഫാന്റം ലിമ്പിന്റെ നോവുകൾ രേഖപ്പെടുത്തിയ മൃദുല ഒരു ഭയങ്കരിയല്ലെന്ന് ആരെങ്കിലും പറയുമോ. സംശയമുള്ളവർ അവരുടെ 'സൂര്യൻ അസ്തമിക്കുന്നില്ല' വായിക്കുക.

തികച്ചും അപൂർവ്വവും സ്വനാശകരവുമായ വിധേയത്വത്തിന്റെ അവതാരങ്ങളായ അമ്മയും അമ്മൂമ്മ

യും അറിയെ അവകാശപ്പെട്ടതൊക്കെയും അമ്മാവൻ അറുത്തുമാറ്റുമ്പോൾ ജീവിതനദിയിൽ തുഴയാനുള്ള കൈകാലുകൾ നഷ്ടപ്പെട്ട വേദന അടക്കി എല്ലാം ഉപേക്ഷിച്ച്, സ്നേഹസന്ദേശം മാത്രം ഉരുക്കഴിച്ച് ജീവിക്കുന്ന സീത ഒരസുലഭ കഥാപാത്രമാണ്. രക്തബന്ധങ്ങളുടെ നിരർത്ഥതയ്ക്കുമപ്പുറം മറ്റൊരു കഥാപാത്രത്തിലൂടെ ഒരു വെളിപാടുണ്ടാകുന്നു. 'സ്നേഹം ഒരവകാശമല്ല. പുണ്യമാണ്. ഭാഗ്യം കൊണ്ടുമാത്രം കിട്ടുന്ന പുണ്യം.' ഇത് സ്വാനുഭവത്തിൽനിന്നും ഉരുത്തിരിയുന്ന പ്രവചനമാണ്. അറുത്തുമാറ്റിയ ബന്ധങ്ങളുടെ ഫാന്റം ലിമ്പിന് പുറമെ മുറിച്ചുമാറ്റപ്പെട്ട അംഗം നല്കിയ ഫാന്റം ലിമ്പ് കൂടിയായപ്പോഴും ഭൂമി പിളർന്ന് അകത്തുപോകാതെ ശുഭാപ്തിവിശ്വാസത്തിന്റെ ഉദയസൂര്യനെ (കലൈഞ്ജർ ഇത് വായിക്കേണ്ടതാണ്) നോക്കി ചരിക്കുന്ന നായിക ഒരസാദ്ധ്യ സൃഷ്ടിതന്നെ.

## സിൻഡിക്കേറ്റും പയ്യനും[10]

'പ്രശാന്തസുന്ദരമായ ഈ അന്തരീക്ഷത്തിൽ എവിടന്നാണ് ഒര് അക്‌ർച്ച്' എന്നു വി. കെ. എൻ ചോദിച്ചപോലെയാണ് എന്നെ ബാധിച്ച പൂതങ്ങളിൽ ചിലരുടെ കൃതികൾ ഓർക്കാപ്പുറത്ത് വന്നുചേർന്നത് (വായനക്കാരിൽ ചിലർക്കെങ്കിലും എന്റെ പൂതബാധ ഓർമ്മയുണ്ടാകുമെന്ന് കരുതട്ടെ). മുന്തിയ പൂതത്തിന്റെ 'സിൻഡിക്കേറ്റ്' എന്ന നോവൽ കിട്ടിയപ്പോൾ മറ്റെല്ലാം മാറ്റിനിർത്തി ഒരു വായനയായിരുന്നു.

നാട്ടിൽ സർവത്ര സോഷ്യലിസം നടപ്പാക്കുന്നതിന്റെ അങ്കലാപ്പിൽനിന്നും ബോസ്സിനെ ആശ്വസിപ്പിക്കുന്ന പ്രവാചകനായ പയ്യൻ 'ഇവിടെ ഒരു സമ്പൂർണ്ണവിപ്ലവം വരാതെ ഒരു ചുക്കും സംഭവിക്കാൻ പോകുന്നില്ല' എന്ന് പറഞ്ഞ് ഇന്നും പ്രസക്തമാണ്. ബാങ്കുകൾ ദേശസാൽക്കരിക്കുന്ന പശ്ചാത്തലത്തിലെഴുതിയ ഈ നോവലിലെ നിരീക്ഷണങ്ങൾ വിജയ് മല്യായും, നീരവ് മോദിയും മറ്റും എത്ര ഭംഗിയായാണ് സമീപകാലങ്ങളിൽ അന്വർത്ഥമാക്കിയത്.

ഓരോ തവണയും വി കെ എൻ പുസ്തകം വായിച്ചുതീരുമ്പോൾ 'ഹൂവിനു ശേഷം ഹൂ?' എന്നപോലെ മനസ്സിലൊരു ചോദ്യം അവശേഷിക്കുന്നു, ഉത്തരമില്ലാതെ ചില പൂതങ്ങൾ പുനർജനിക്കാറില്ല എന്നു വെളിവാകുമ്പോൾ ചാത്തൻസേവ പോലെ വല്ല സംഗതിയും നോക്കിയാലോ എന്നാവും ചിന്ത. അപ്പോൾ അതാ വരുന്നു മറ്റൊരു സേവ.

## ചാത്തന്മാരുടെ ഹനുമാൻസേവ[11]

സാഹിത്യപ്രവർത്തനത്തിൽ സഹകരണം ഇന്ത്യൻ കോഫീ ഹൗസ് നടത്തുന്നതുപോലെ സുഗമമല്ല എന്നത് പരക്കെ അറിഞ്ഞ സംഗതിയാണല്ലോ (എസ് പി എസ് എസ് കെറുവിക്കരുത്). എഴുത്തിൽ സഹകരണം പുനത്തിലും സേതുവും പരീക്ഷിച്ചതാണ്. എന്നാൽ തമ്മിൽ കാണാത്ത, അന്യോന്യം ഒരു കത്തിടപാടോ, ഫോൺവിളിപോലുമോ നടത്താത്തവർ തമ്മിൽ നോവലെഴുത്തിൽ സഹകരിക്കുകയെന്നത് അസംഭവം തന്നെ.

പേരിലുള്ള 'ള്ള' ഒഴികെ മറ്റൊരു സാമ്യവുമില്ലാത്ത രണ്ടു മുന്തിയ ചാത്തൻമാർ 'ഹനുമാൻ സേവ' എന്ന ഈ പുസ്തക സൃഷ്ടിയിൽ സഹകരിച്ചിരിക്കുന്നു. ഒരു ചാത്തൻ മുഴുമിക്കാതെ ഇട്ടേച്ചുപോയത് മറ്റേ ചാത്തൻ ഒരുനിയോഗം പോലെ പൂർത്തിയാക്കുന്നു. ഒരു എയർപോക്കറ്റുപോലുമില്ലാത്ത വിമാനയാത്രപോലെ വായന പോകുന്നത് കാണുമ്പോൾ അണ്ണാച്ചി പാടിയ പാട്ട് ഓർമ്മ വരുന്നു: 'നമ്പ മുടിയവില്ലെ!... ഇല്ലൈ ...'

വായന തുടരുന്നു. എഴുത്തിലെ പരിധിയെപ്പറ്റി ബോധവാനാകുന്നു. അടുത്ത വായനയെപ്പറ്റി അടുത്ത കൃതിയിലാവട്ടെ. ഒടുവിലൊരു കാര്യം പറഞ്ഞവസാനിപ്പിക്കാം. മുമ്പേ ചിന്തിക്കുന്നവർക്ക് പിമ്പേ പറക്കുന്ന ഒരു പക്ഷിയെന്ന് നിലക്ക് ഒന്നു പറയാം, ആത്മസുഖോപാധികളിൽ വായനയെ വെല്ലാൻ 'ഇന്ത ഭുവിയിൽ ഒന്റുമില്ലൈ.' സമൃദ്ധമായ തോതിൽ നവം നവങ്ങളായ കഥാബീജോത്പാദന നടത്തി വിത്തുകാളുകളെപ്പോലെ വിളയാടുന്ന ഈ (ജീവിച്ചിരിക്കുന്ന) എഴുത്തുകാരുള്ളിടത്തോളം കാലം കൈരളീ നിനക്ക് പേറൊഴിഞ്ഞ നേരമുണ്ടാകില്ല. എന്നെപ്പോലുള്ളവർക്ക് ഇവരുടെ വികൃതികൾ ആസ്വദിച്ച് (വായിച്ചു, വായിച്ചു, വായിച്ച്) പണ്ടാറമടങ്ങാതെ മറ്റെന്തുവഴി?

## കുറിപ്പുകൾ

*അർബുദവായന രണ്ടിനു ശേഷം മൂന്നും നാലും വരാതെ അഞ്ചെങ്ങിനെ വന്നു എന്നല്ലേ നിങ്ങളുടെ ചോദ്യം? ചില അർബുദങ്ങൾ അങ്ങിനെയാണ്. ഓർക്കാപ്പുറത്ത് വരും, ശറേന്ന് പടരും, പെട്ടെന്ന് കഥ തീരും. ഇതതുപോലൊന്നാ.


1. പി. കണ്ണൻകുട്ടി, 2002. ഒടിയൻ, ഡി സി ബുക്സ്, കോട്ടയം.
2. ടി ഡി രാമകൃഷ്ണൻ, 2014, സുഗന്ധി എന്ന ആണ്ടാൾ ദേവനായകി, ഡി സി ബുക്സ്, കോട്ടയം.
3. അംബികാസുരൻ മാങ്ങാട്, 2016., എന്മകജെ, (Kindle e-book), ഡി സി ബുക്സ്, കോട്ടയം.
4. മനോജ് കുറൂർ 2015 നിലം പൂത്തു മലർന്ന നാൾ, (Kindle e-book) ഡി സി ബുക്സ്, കോട്ടയം.
5. സുഭാഷ് ചന്ദ്രൻ, 2010, മനുഷ്യന് ഒരു ആമുഖം, ഡി സി ബുക്സ്, കോട്ടയം.
6. എം മുകുന്ദൻ, 2016, കുട നന്നാക്കുന്ന ചോയി, ഡി സി ബുക്സ്, കോട്ടയം.
7. എം എൻ കാരശ്ശേരി, 2012, മലയാളവാക്ക്, ഡി സി ബുക്സ്, കോട്ടയം.
8. കെ ആർ മീര, 2012, ആരാച്ചാർ, ഡി സി ബുക്സ്, കോട്ടയം.
9. മൃദുല മനോമോഹനൻ, 2017. സൂര്യൻ അസ്തമിക്കുന്നില്ല, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
10. വി കെ എൻ 2005, സിൻഡിക്കേറ്റ്, ഡി സി ബുക്സ്, കോട്ടയം.
11. എം പി നാരായണപിള്ള, പുനത്തിൽ കുഞ്ഞബ്ദുള്ള, 2000., ഹനുമാൻസേവ, ഗ്രീൻ ബുക്സ്, തൃശ്ശൂർ.



സജീവൻ കീഴ്പ്പള്ളി
9745016449

# ആയിഷ

**മീ**നമാസം. കത്തുന്ന വെയിൽ. വേലായുധൻ നായർ കട വരാന്തയിലൂടെ തലങ്ങും വിലങ്ങും നടന്നു. സമയം ഒരു മണിയാകാറായി. മാധവി ഇപ്പോൾ ഉച്ചഭക്ഷണവുമായി വീട്ടിൽ നിന്നും പുറപ്പെട്ടിട്ടുണ്ടാവും. അതാണ് പതിവ്. അയാളുടെ പലചരക്കുകടയിൽ നിന്നും വീട്ടിലേക്ക് ഏതാനും നാഴിക മാത്രമേ ഉള്ളുവെങ്കിലും ഊണ് കഴിക്കാനായി വേലായുധൻ നായർ വീട്ടിലേക്ക് പോകാറില്ല. കടയിലെത്തിയാൽ കടയും പരിസരവും അടിച്ചുവാരി വൃത്തിയാക്കിയതിനുശേഷമേ മാധവി തിരിച്ചുപോകാറുള്ളു.

ഈശ്വരാ... അവൾ കടയുടെ പിന്നാമ്പുറത്തുള്ള ചായ്പ്പിലെങ്ങാനും കയറിയാൽ... അയാൾക്ക് തലകറങ്ങുന്നതുപോലെ തോന്നി. പിന്നീട് കൂടുതൽ ആലോചിക്കാൻ നിൽക്കാതെ സാധനങ്ങൾ ഒന്നൊന്നായി പെറുക്കി കടയുടെ അകത്തേക്കു വച്ചു. ഷട്ടർ വലിച്ചു താഴ്ത്തി പൂട്ടും താക്കോലും കയ്യിലെടുക്കവെ ദൂരെ നിന്നും മമ്മദിന്റെ കബ്ദം കേട്ട് അയാൾ തിരിഞ്ഞു നോക്കി.

"എന്നാ നായരെ കട നേരത്തെ അടക്ക്ന്ന് ഞമ്മക്ക് രണ്ട് കെട്ട് ബീഡി തരീ."

"വയറ്റില് തീരെ സുഖമില്ലാത്തതു പോലെ. ഇങ്ങള് ആ മുകളിലെ പീട്യേന്ന് വാങ്ങിക്കോളീ." വേലായുധൻ നായരുടെ സ്വരത്തിന് വിറയൽ ബാധിച്ചിരുന്നു.

"ഓ... അങ്ങനെയാ... എന്നാല് ഇങ്ങള് വേഗം വിട്ടോളി. അള്ളാ... അള്ളാ..." മമ്മദ് തലയിലെ തോർത്തഴിച്ച് തോളിലിട്ട് വെയിലിലേക്കിറങ്ങി നടന്നു.

പോക്കറ്റ്റോഡിൽ നിന്നും കയറി കവുങ്ങിൻ തോപ്പിൽ കൂടെയുള്ള ഒറ്റയടിപ്പാതയിലൂടെ നടക്കുമ്പോൾ ദൂരെ നിന്നേ കണ്ടു വയൽ വരമ്പിലൂടെ തനിക്കുള്ള ഭക്ഷണവുമായി മാധവി നടന്നുവരുന്നു.

"ഓയ്.. ഇങ്ങട് വരണ്ട... ഞാൻ അങ്ങട്ടാ..." അയാളുടെ ശബ്ദം കേട്ട് മാധാവി നടത്തം നിർത്തി.

"എന്താപ്പോ ഇണ്ടായത്. ങ്ങള് നേർത്തേ പോന്നേ..."

"വയറ്റിലൊരു സുഖമില്ലായ്ക'.

"ഓ... അതാപ്പോ ഇത്ര ധൃതി'.

മാധവി ഉച്ചത്തിൽ ചിരിച്ചു. ചെന്നപാടെ വേലായുധൻ നായർ കട്ടിലിൽ നീണ്ടുനിവർന്നു കിടന്നു. മച്ചിന്മേലിരുന്ന് ഒരു ഗൗളി അയാളെ നോക്കി ചിലച്ചു.

"വയറ് സുഖായിന്ന് വെച്ചാൽ ഭക്ഷണം കഴിച്ചോളു." മാധവി വിടാനുള്ള ഭാവമില്ല.

"ഇപ്പവേണ്ട പിന്നെ കഴിച്ചോളാം." അയാൾ തിരിഞ്ഞ് കിടന്നു. സീലിംഗ് ഫാനിന്റെ തണുത്ത കാറ്റിൽ അയാളുടെ കൺപോളകൾക്ക് ഭാരം കൂടുകയും അവ പതിയെ കൂമ്പി അടയുകയും ചെയ്തു.

തടിച്ച് കൊഴുത്ത് കഴുത്തിൽ തുകൽപ്പട്ടയണിഞ്ഞ ഒരു പട്ടി അങ്ങ് ദൂരെ കവുങ്ങിൻ തോട്ടവും പിന്നിട്ട് പാടവരമ്പിലൂടെ അതിവേഗം ഓടി വരികയാണ്. പിറകെ കൈയ്യിൽ ലാത്തിയുമേന്തി പോലീസ് പടയും. പോലീസ് നായ വേലായുധൻ നായരുടെ നേരെ കുരച്ചു ചാടി.

"എന്നെ..... ഒന്നും ചെയ്യരുത്... ഞാൻ തന്നെയാണത് ചെയ്തത്... പറ്റിപ്പോയി... പറ്റിപ്പോയി." വേലായുധൻ നായർ ഉച്ചത്തിൽ നിലവിളിച്ചു. അയാളുടെ നിലവിളികേട്ട് മാധവി ഓടിയെത്തി.

"എന്താദ് കഥ... എന്തിനാ ഒറക്കത്തിക്കിടന്ന് നെലോളിക്കുന്നത്."

പട്ടി... പോലീസ്..... വേലായുധൻ നായർ പിറുപിറുത്തു.

"എന്താ... ങ്ങക്ക് പറ്റ്യത്.... എന്തിനാ ഇങ്ങനെ വെപ്രാളപെടണത്." മാധവിക്ക് ദേഷ്യം വന്നു.

സൂര്യൻ എരിഞ്ഞടങ്ങാൻ തുടങ്ങിയിട്ടും വേലായുധൻ നായർ കിടക്കവിട്ട് എഴുന്നേറ്റില്ല.

വയസ്സ് അറുപതിനു മുകളിലായി. രണ്ട് മക്കളുടെ അച്ഛനായി. ഇപ്പോഴിതാ രണ്ട് പേരക്കുട്ടികളുടെ മുത്തച്ഛനുമായി. വേലായുധൻ നായരെന്നു പറഞ്ഞാൽ നാട്ടുകാർക്കെല്ലാം ബഹുമാനമാണ്. അങ്ങനെയുള്ള ഞാൻ... നാളെ നേരം പുലരുമ്പോൾ, ഗ്രാമവാസികളൊന്നാകെ തന്റെ പല ചരക്കുകടയുടെ മുന്നിലായ് തടിച്ചു കൂടും. കയ്യാമം വെച്ച് പോലീസുകാർ റോഡിലൂടെ തന്നെ വലിച്ചിഴക്കും.

വേലായുധൻ നായർക്ക് മേലാസകലം വിറയലനുഭപ്പെട്ടു. മാധവി സുഖസുഷുപ്തിയിലാണ്. ദൂരെയെവിടെയോ കുറുനരികൾ ഓരിയിട്ടു. രാത്രിയേറെ ആയിട്ടും ആയാൾ ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. നേരം പുലരാറായപ്പോഴാണ് വേലായുധൻ നായർ അല്പമെങ്കിലും ഉറങ്ങിയത്.

ദൂരെ പള്ളിയിൽ സുബഹി ബാങ്ക് മുഴങ്ങി. വേലായുധൻ നായരുടെ വീട്ടിലേക്ക് പാലുമായി വന്ന ജാനകിയാണ് മാധവിയോട് ആ ദുരന്ത വാർത്ത പറഞ്ഞത്.

"ഉയ്യെന്റപ്പാ... നേരന്ന്യാ ഇഞ്ഞി പറേണത് ?"

ആ വാർത്ത മാധവിക്ക് വിശ്വസിക്കാനായില്ല. മാധവി നേരെ വേലായുധൻ നായരുടെ മുറിയിലേക്കോടി.

"ങ്ങളൊന്ന് എണീറ്റാട്ടേ... അറിഞ്ഞോ... മ്മ്ളെ... മമ്മദിന്റെ പെണ്ണിനെ ഇന്നലെ മൊതൽ കാണ്ന്നില്ല പോലും... പത്ത് പന്ത്രണ്ട് വയസ്സല്ലെ അതിനുള്ളു... ഇനി വല്ല കുട്ട്യാളെ പിടുത്തക്കാരും തട്ടിക്കൊണ്ട് പോയിറ്റ്ണ്ടോ... ആവോ...

മാധവി ഒറ്റ ശ്വാസത്തിൽ പറഞ്ഞൊപ്പിച്ചു. മാധവി പറഞ്ഞതു കേട്ട് മാധവൻ നായരുടെ പാതി ജീവൻ പോയതുപോലെയായി. അയാൾ വെറുതെ മച്ചും നോക്കി കിടന്നു. നാട്ടാര് കൊളത്തിലും തോട്ടിലുമൊക്കെ തെരയ്ണണ്ട് പോലും... നല്ല കുട്ട്യേനും അത്... പ്രായത്തിൽ കവി

ഞ്ഞ വളർച്ചയാ അതിന്. മാധവി പിന്നെയും പറഞ്ഞ് കൊണ്ടിരുന്നു. ആ നശിച്ച നിമിഷം വേലായുധൻ നായർ എത്ര തന്നെ മറക്കാൻ ശ്രമിച്ചിട്ടും വീണ്ടും വീണ്ടും മനസ്സിലേക്ക് ഓടിയണയുകയാണ്.

ആയിഷ കയറിവരുമ്പോൾ കടയിൽ മറ്റാരുമുണ്ടായിരുന്നില്ല. നായരേട്ടാ... ഐസുണ്ടോ എന്ന് ചോദിച്ചുകൊണ്ടാണ് അവൾ കടന്നുവന്നത്. "നോക്കട്ടെ മോളെ..." ഐസ് തണുത്തു കാണില്ല എന്നു പറഞ്ഞുകൊണ്ട് കടയുടെ പിന്നിലെ ചായ്പ്പിൽ ഫ്രീസറിൽ നിന്നും ഐസെടുക്കാൻ പോയ തന്റെ പിന്നാലെ ആയിഷ കയറിവരുമെന്ന് പ്രതീക്ഷിച്ചില്ല. വെറും പതിമൂന്ന് വയസ്സുള്ള പെൺകുട്ടി പ്രായത്തിൽ കവിഞ്ഞുള്ള അവളുടെ വളർച്ചയിലും അംഗലാവണ്യത്തിലും ഒരു നിമിഷം... ഒരു നിമിഷം താനൊരു മൃഗമായി. ഇത് ഞാനെന്തായാലും എന്റെ ഉപ്പാനോടും ഉമ്മാനോടും പറഞ്ഞുകൊടുക്കണണ്ട് എന്ന് പറഞ്ഞുകൊണ്ട് അവൾ ഓടാൻ ശ്രമിക്കുമ്പോളാണ് താൻ അപകടം മണത്തത്. ആയിഷയെ വെറുതെ വിട്ടാൽ അവൾ വീട്ടിൽ പറയും പിന്നെ... അതോർത്താണ് താനവളുടെ വായ മൂടിപ്പിടിച്ചത്. ഒടുവിൽ ശ്വാസം കിട്ടാതെ ഈ കൈകളിൽ കിടന്ന് പിടയുമ്പോഴും താനോർത്തില്ല... ഞാനുമൊരച്ഛനാണ്, മുത്തച്ഛനാണ് എന്നൊന്നും.

"ങ്ങ്ള് പീട്യ തൊറക്കാൻ പോന്നില്ലേ ?"

മാധവിയുടെ ശബ്ദം അയാളെ ചിന്തകളിൽ നിന്നും ഉണർത്തി.

പീടിക തുറന്നാൽ...? കടയുടെ പിന്നാമ്പുറത്തുള്ള ചായ്പ്പിൽ ആയിഷയിപ്പോൾ ചത്ത് മലച്ച് കിടപ്പുണ്ടാകും. നാട്ടുകാരറിയും... പിന്നെ എന്തായാലും വീട്ടിൽ തന്നെ അടച്ചുപൂട്ടിയിരുന്നാൽ അത് കൂടുതൽ കുഴപ്പമാകും. വേലായുധൻ നായർ വിറയ്ക്കുന്ന കാൽവെയ്പ്പുകളോടെ തന്റെ പലചരക്കുകട ലക്ഷ്യമാക്കി നടന്നു. ഭാഗ്യം കടയുടെ പരിസരത്തൊന്നും ആരുമില്ല. അയാൾ നേരെ കടയുടെ പിന്നാമ്പുറത്തേയ്ക്ക് നടന്നു. തുറന്നുകിടക്കുന്ന ജനൽ പാളികൾക്കിടയിലൂടെ പിറകിലെ വാതിൽ തുറന്ന് അകത്തേയ്ക്ക് കടന്നു.

ആയിഷയുടെ ശരീരം ചലനമറ്റ് തറയിൽ കിടക്കുകയാണ്. ജീവൻ പോയിട്ടും അവളുടെ മനോഹരമായ കണ്ണുകൾ തുറന്നു തന്നെ കിടന്നിരുന്നു. "എന്നെ ഒന്നും ചെയ്യല്ലെ നായരേട്ടാ..." എന്നുള്ള ഭാവമല്ലെ ആ കണ്ണുകളിൽ. അയാൾ വല്ലാതായി. അബദ്ധം പറ്റിപ്പോയി. ഇനിയെങ്ങനെ നാട്ടുകാരുടെ മുന്നിൽ തലയുയർത്തി നടക്കും. മാധവി അറിഞ്ഞാൽ... തന്റെ മക്കളറിഞ്ഞാൽ... എല്ലാം ഏറ്റ് പറഞ്ഞ് പോലീസിൽ കീഴടങ്ങിയാലോ... ശിഷ്ടകാലം ജയിലിൽ പോലീസുകാരുടെ അടിയും തൊഴിയുമേറ്റ്... അതോർത്തപ്പോൾ വേലായുധൻ നായരുടെ കണ്ണിൽ ഇരുട്ടുകയറുന്നതു പോലെ തോന്നി.

ഒന്നും വയ്യ രക്ഷപ്പെടണം... എന്താണ് വഴി... പെട്ടെന്ന് അയാൾക്കൊരുപായം തോന്നി. പിന്നെയെല്ലാം വളരെ പെട്ടെന്നായിരുന്നു. വാഴക്കുല പഴുപ്പിക്കാൻ വെക്കുന്ന കുഴിയിലേക്ക് ആയിഷയുടെ മൃതദേഹം വലിച്ചുകയറ്റി. പിന്നെ കടയിലുള്ള മുഴുവൻ ഉപ്പും ആ മൃതദേഹത്തിന് മുകളിലായി വിതറി. പിന്നെ അതിന്റെ വാതിൽ എന്നേക്കുമായി അടച്ചു. വാതിലടച്ച് കയ്യും മുഖവും കഴുകി പുറത്തിറങ്ങി. അപ്പോൾ ദൂരെ നിന്നും ചുമട്ടുകാരൻ ദാമോദരൻ ഓടിക്കിതച്ച് വരുന്നുണ്ടയിരുന്നു...

അല്ല.... നായരിതെവിടെയായിരുന്നു. പത്ത് കിലോ അരിയും കറിവെക്കാനുള്ള സാധനങ്ങളും പെട്ടെന്നെടുക്ക്. ഫയർഫോഴ്സുകാർക്ക് ചോറു കൊടുക്കാൻ. അക്കൂട്ടറ് രാവിലെ മൊതലെ പൊഴേല് മുങ്ങിത്തപ്പാൻ തുടങ്ങിയതല്ലെ. അതിനെ ആരോ തട്ടിക്കൊണ്ട് പോയതാണപ്പോ... അല്ലാണ്ടേട പോകാനാ... ദാമോദരൻ പറഞ്ഞു കൊണ്ടേയിരുന്നു.

അരിയും സാധനങ്ങളും എടുത്തുകൊടുത്ത് വേലായുധൻ നായരും ദാമോദരനോടൊപ്പം നടന്നു. ആയിഷയുടെ മൃതദേഹത്തിനായുള്ള തിരച്ചലിൽ അയാളും സജീവമാവുകയാണ്.

●



**വാസന്തി മോഹൻ**
**9142223960**

# പക്ഷി പഠിപ്പിച്ച പാഠം

കഷ്ടമിത്രയും വിഡ്ഢിയോ നീ പതംഗമേ?
കൊക്കിലെ വെള്ളം കെടുത്തീടുമോയഗ്നി?
എത്രനാൾ യത്നിച്ചീടിലും സാധ്യമാകുമോ ?
പുച്ഛത്തോടെ ചോദ്യങ്ങൾ ഹാസ്യത്തിന്നകമ്പടി

അറിയാമെനിക്കെന്റെ പരിമിതികളെപ്പറ്റി
അണയ്ക്കാനുള്ള ശ്രമം വൃഥാവിലാണെന്നതും
എങ്കിലുമെനിക്കാകും വിധമെന്തേലും ചെയ്തെന്നു-
മാശ്വസിക്കാമല്ലോ 'നിരുദ്ധകണ്ഠയായവൾ.'

ഒന്നും ചെയ്യാതാരാനെപ്പഴി പറഞ്ഞും
വിധിയെ വിധാതാവിനെ കുറ്റമോതിയും
സമയം വൃഥാ കളയുന്നതിലും ഭേദമല്ലേ
സ്വധർമ്മം പാലിച്ചെന്നെങ്കിലുമാശ്വസിച്ചൂടെ.

അമ്മയൊന്നും ചെയ്തില്ലെന്നുമുപേക്ഷിച്ചെന്നും
അവർ ദുഃഖിക്കാതിരിക്കുമല്ലോയതിനായി
അൽപ്പമാകിലും അപര്യാപ്തമെന്നാകിലും
അവസാന ശ്വാസം വരേയും ശ്രമിക്കും ഞാൻ.

ഖാണ്ഡവ ദഹന പശ്ചാത്തലമൊരുവേള
ഗാണ്ഡീവിയെപ്പോലും ചിന്തിപ്പിച്ചിട്ടുണ്ടാകാമേറെ
ലോകത്തെ മുഴുവൻ പഴി പറഞ്ഞും ഭർത്സിച്ചും
നേരം പാഴാക്കുവോരെ കേട്ടുകൊണ്ടീടുക.

ഫലമെന്തോ ആകട്ടെ നല്ലതോ ചീത്തയോ
ഗുണമോ ദോഷമോ ജയപരാജയങ്ങളോ
സ്വധർമ്മമനുഷ്ഠിക്കലത്രേ സർവ്വഥാ ശ്രേഷ്ഠം
'ജരിത' പഠിപ്പിച്ച പാഠമിതുൾക്കൊണ്ടാലും.

**ഇ.എൻ.നാരായണൻ**
**9539307005**



# (അ)പരാജിത(ൻ)

തന്നോടൊപ്പം ഓട്ടോയിലിരിക്കുന്ന പ്രാകൃതരൂപി പണ്ടത്തെ ഏകാന്ത കാമുകനായ ശശികുമാറാണെന്നു വിശ്വസിക്കാനേ സാധിക്കുന്നില്ല ഇന്നത്തെ പ്രൗഢയായ രാജേശ്വരിക്ക്. എന്തെല്ലാം അവിശ്വസനീയമായ സംഭവങ്ങൾക്കാണ് താൻ ദൃക്സാക്ഷിയായത്!

പൗരമുഖ്യനായ കേശവനുണ്ണിയുടെ ധർമ്മപത്നി. അമ്പതു വർഷത്തോളമായി വാഴ്ത്തപ്പെട്ടവളായി ജീവിക്കുന്ന മാതൃകാപത്നി! പരപുരുഷനായ ഒരു പ്രാകൃതനോടൊപ്പം ഒറ്റയ്ക്ക് ഓട്ടോയിൽ മുട്ടിയുരുമ്മിയിരുന്ന് എങ്ങോട്ടോ യാത്രയാവുന്നു! ഒരു മണിക്കൂർ മുമ്പുവരെ ഭാവനയിൽ പോലും വന്നിട്ടില്ലാത്ത ആകസ്മികമായൊരു വഴിത്തിരിവ്.

ഇന്നായിരുന്നു ഞങ്ങളുടെ അമ്പതാം വിവാഹ വാർഷികം. ത്യാഗത്തിന്റേയും സഹനത്തിന്റേയും എവറസ്റ്റു കീഴടക്കിയ അവിസ്മരണീയ ദിനം! ആഘോഷങ്ങളോട് പ്രതിപത്തിയൊന്നുമില്ലെങ്കിലും ഉണ്ണ്യേട്ടന്റെ വാശിക്ക് മുന്നിൽ പിടിച്ചുനിൽക്കാനായില്ല. നഗരത്തിലെ ഏറ്റവും വലിയ ഓഡിറ്റോറിയമായ സുമംഗലിയിൽ വെച്ചായിരുന്നു ആഘോഷം. സ്വീകരണയോഗം, പൊന്നാടയണിയിക്കൽ, അതിഗംഭീരമായ സൽക്കാരം.... ഒന്നിനും ഒരു കുറവുമുണ്ടായില്ല. നിറഞ്ഞ മനസ്സോടെത്തന്നെയാണ് ഉണ്ണിയേട്ടനോടൊപ്പം കാറിൽ തിരിച്ചെത്തിയത്. അമേരിക്കയിലുള്ള മിഥുനം പാരീസിലുള്ള ഗൗരിയും അച്ഛനമ്മമാർക്ക് ലഭിച്ച ആദരായണത്തിന്റെ തത്സമയ സംപ്രേക്ഷണം കണ്ട് ആശംസകളറിയിച്ചിരുന്നു. പങ്കെടുക്കാൻ പറ്റാത്തതിന്റെ ഖേദവും പ്രകടിപ്പിക്കാൻ മറന്നില്ല.

സ്വീകരണമുറിയിലെ സെറ്റിയിൽ ഉണ്ണ്യേട്ടനോടൊപ്പമിരുന്ന് അമ്പതാം വാർഷികത്തിനു കിട്ടിയ ഉപഹാരങ്ങളും പൊന്നാടകളും ബൊക്കകളും മറ്റും താലോലിച്ച് നിർവൃതിയടയുന്ന നേരത്താണ് ഉണ്ണ്യേട്ടന്റെ മൊബൈൽ ഫോൺ രാഗവിസ്താരം തുടങ്ങിയത്. ശഹാനരാഗത്തിന്റെ മാസ്മരികതയിൽ അലിഞ്ഞുപോയ നേരം. പരിപാടിയിൽ പങ്കെടുക്കാൻ പറ്റാത്ത ഏതെങ്കിലും സുഹൃത്ത് വിളിച്ച് ആശംസകളറിയിക്കുന്നതാവാം... പക്ഷേ... ഫോൺ സംഭാഷണം ശ്രവിക്കുന്ന ഉണ്ണ്യേട്ടന്റെ മുഖം പെട്ടെന്ന് വിവർണ്ണമാകുന്നതാണ് കണ്ടത്. മഴക്കാലത്തിന്റെ കുളിർമ്മയിലും അദ്ദേഹത്തിന്റെ നെറ്റിയിൽ സ്വേദബിന്ദുക്കൾ മൊട്ടിട്ടു. ആകാംക്ഷയോടെ ഉണ്ണ്യേട്ടന്റെ മുഖത്ത് ഉറ്റുനോക്കി.

“നീ ബെഡ്റൂമിൽ പോയി കുറച്ചുനേരം വിശ്രമിച്ചോ പഴയൊരു സുഹൃത്ത് ഇപ്പോൾ എന്നെ കാണാൻ വരുന്നുണ്ട്. ഗൗരവമുള്ള ഒരുപാടുകാര്യങ്ങൾ പറയാനുണ്ട് ഞങ്ങൾക്ക്. നിനക്കതു ബോറാവും. വിളിക്കുമ്പോൾ മാത്രം പുറത്തുവന്നാൽ മതി കേട്ടോ.”

ഉണ്ണ്യേട്ടന്റെ വാക്കുകൾ കേട്ടപ്പോൾ അജ്ഞാതമായ ഏതോ ഭീതിയുടെ അദൃശ്യകരങ്ങൾ തന്റെ കഴുത്തിൽ പിടിമുറുക്കുന്നതുപോലെ തോന്നി. വാദപ്രതിവാദങ്ങൾക്കൊന്നും പ്രസക്തിയില്ലാത്ത സമയമായതുകൊണ്ട് അനുസരണശീലയായ ഭാര്യയായി മാറി (തൽക്കാലത്തേയ്ക്കെങ്കിലും!) ബെഡ്റൂമിലേയ്ക്ക് ഉൾവലിയുകയായിരുന്നു. പക്ഷേ കണ്ണുകളേയും കാതുകളേയും പറിച്ചെടുത്ത് ഷോകേസിലെ ശില്പത്തിൽ ഒട്ടിച്ചുവെച്ചിട്ടാണ് താനൊഴിഞ്ഞുപോന്നത്. ആരായിരിക്കും വരുന്നത്? എന്താണയാൾക്ക് പറയാനുണ്ടാവുക? ആകാംക്ഷയുടെ മുൾമുനയിൽ നിന്നും താഴെയിറങ്ങാൻ ഏറെനേരമെടുത്തു.

ഗേറ്റിനു പുറത്ത് ഓട്ടോയുടെ കടകട ശബ്ദം. ശിലായുഗത്തിലെ ഓട്ടോയാണെന്നു തോന്നുന്നു. ശകടത്തിൽ നിന്നും താഴെയിറങ്ങിയതും ഒരു ശിലായുഗമനുഷ്യൻ തന്നെയായിരുന്നു. ചുളിഞ്ഞ വസ്ത്രങ്ങൾ ധരിച്ച, തലമുടി പാറിപ്പറക്കുന്ന ഒരു താടിക്കാരൻ പരിക്ഷീണനായി ഓട്ടോയിൽ നിന്നുമിറങ്ങി, സിറ്റൗട്ടിലേയ്ക്ക് വേച്ചു വേച്ചു നടന്നുവരുന്നു. പക്ഷെ അയാളുടെ കണ്ണുകൾ തീക്ഷ്ണമായിരുന്നു. കണ്ണകിയുടെ കണ്ണിലെ അഗ്നിജ്വാലകളാണ് അതിൽ ദൃശ്യമായത്. ഭീതിയുടെ കോമ്പല്ലുകൾക്കിടയിൽ ഞെളിപിരി കൊള്ളുകയായിരുന്ന താനപ്പോൾ.

കെണിയിലകപ്പെട്ട എലിയുടെ അവസ്ഥയിലായിപ്പോയി. സ്വീകരണമുറിയിലിരുന്ന് ഉണ്ണ്യേട്ടനും പ്രാകൃതനും എന്തൊക്കെയോ സംസാരിക്കുന്നുണ്ട്. ധാർമ്മികരോഷത്തിന്റെ തീപ്പൊരികൾ ചിതറുന്നുണ്ടെന്നുതോന്നി. പക്ഷേ ബെഡ്റൂമിന്നുള്ളിൽ തളയ്ക്കപ്പെട്ടിരിക്കുകയാണല്ലോ താൻ. എന്തെങ്കിലും കാരണമുണ്ടാക്കി പുറത്തിറങ്ങേണ്ടിയിരിക്കുന്നു. വല്ലാത്ത പരീക്ഷണം തന്നെ!

പെട്ടെന്നൊരു വെളിപാടുണ്ടായി. മൊബൈൽ ഫോൺ കയ്യിലൊതുക്കി താൻ സ്വീകരണമുറിയിലെ സംഘർഷരംഗത്തെത്തി. മണിച്ചിത്രത്താഴിൽ നാഗവല്ലിയായിത്തീർന്ന ഗംഗയെപ്പോലെ പ്രാകൃതൻ ഭീകരനായി മാറിയിരിക്കുന്നു!

“നിന്നോട് ഇപ്പോൾ ഇങ്ങോട്ടു വരരുതെന്നല്ലേ അസത്തേ ഞാൻ പറഞ്ഞിരുന്നത്? അകത്തുപോ.” ഉണ്ണ്യേട്ടന്റെ ഗർജ്ജനം കേട്ട് നടുങ്ങിപ്പോയെങ്കിലും പറഞ്ഞൊപ്പിച്ചു.

“അല്ല... ചായയോ കാപ്പിയോ മറ്റോ വേണോയെന്നറിയാനാണ്... ഞാൻ പോയേക്കാം.”

“ചായ നൽകി സൽക്കരിക്കേണ്ട മാന്യൻ ! അവകാശവാദവുമായി വന്നിരിക്കുന്നു! നീ അകത്തു പോ.”

അനുസരണശീലയായ പ

ത്നിയായി മാറി താൻ അകത്തേയ്ക്ക് തന്നെ ഉൾവലിഞ്ഞു. പക്ഷേ അതിനിടയ്ക്ക് മൊബൈലിലെ സൗണ്ട് റിക്കാർഡർ ഓൺ ചെയ്ത് മേശപ്പുറത്തുവെക്കാൻ മറന്നില്ല. അതിഥിയും ആതിഥേയനും അതൊട്ട് ശ്രദ്ധിച്ചതുമില്ല. ഇനി കുറച്ചുനേരം ബെഡ്റൂമിൽ പോയി സ്വസ്ഥമായി വിശ്രമിക്കാം. തന്റെ ചെവി മേശപ്പുറത്തിരിക്കുന്ന വിവരം വഴക്കാളികളുണ്ടോ അറിയുന്നു ! ഭർതൃസംസർഗ്ഗം കൊണ്ട് കുറച്ചൊക്കെ ക്രിമിനൽ ബുദ്ധി ആർജ്ജിക്കാൻ കഴിഞ്ഞതിൽ അഭിമാനിച്ച നിമിഷമായിരുന്നു അത്.

ഒരു മണിക്കൂറോളം സ്വീകരണമുറിയിലെ വാഗ്വാദം തുടർന്നു. പിന്നീട് നിറഞ്ഞ നിശ്ശബ്ദതയായി.

"രാജേശ്വരി ഇവിടെ വാ. ഗൗരവമുള്ള ചില കാര്യങ്ങൾ പറയാനുണ്ട്. എന്റെ സുഹൃത്തെന്നു പറയുന്ന ഇവൻ നമ്മുടെ സ്വസ്ഥത കെടുത്താനായെത്തിയതാണ്.'

"നിങ്ങൾ പറയണമെന്നില്ല. ഈ മൊബൈൽ ഈ ദൗത്യം ഏറ്റെടുക്കുന്നു." എന്നുപറഞ്ഞ് താൻ മൊബൈലിൽ രേഖപ്പെടുത്തിയ സംഭാഷണം അവിരെ കേൾപ്പിച്ചു; തികഞ്ഞ നിസ്സംഗതയോടെത്തന്നെ. താനും നേരിട്ടു കേൾക്കാത്ത സംഭാഷണമാണല്ലോ. എന്തെല്ലാമായിരിക്കും ഭർത്താവും 'സുഹൃത്തും' പറഞ്ഞിട്ടുണ്ടാവുക? ജിജ്ഞാസ തുടൽ പൊട്ടിച്ചോടുന്നു. സംസാരശേഷി നഷ്ടപ്പെട്ടതുപോലെ ഉണ്ണ്യേട്ടനിരിക്കുന്നു. പ്രാകൃതനായ ജേതാവ് തന്റെ കണ്ണുകളിലേയ്ക്ക് ഉറ്റുനോക്കുന്നു. ഒരിക്കലും അണയാത്ത പ്രണയാഗ്നി ജ്വാലകളാണോ എനിക്കുനേരെ കുതിച്ചെത്തുന്നത് ? ഇനിയുള്ള കഥ പറയേണ്ടത് എന്റെ മൊബൈൽ ഫോണാണ്. നമുക്കതിനു കാതോർക്കാം. വേതാളകഥയിലെന്നപോലെ ചോദ്യങ്ങളുമുണ്ടായേക്കാം.

"താനെന്റെ ആത്മസുഹൃത്താണെന്നു തെറ്റിദ്ധരിച്ചു പോയി. അതുകൊണ്ടാണ് രാജേശ്വരിയോടുള്ള എന്റെ ഇഷ്ടമറിയിക്കാൻ അന്ന് തന്നെ ഏല്പിച്ചത്. പക്ഷേ താൻ ചെയ്തതോ ? എന്റെ ദൂതനായി ചെന്ന് അവളെ താൻ സ്വന്തമാക്കി!" പ്രാകൃതന്റെ ശബ്ദം. എന്റീശ്വരാ ! ഈ രാജേശ്വരി താനോ മറ്റോ ആണോ ?

"എടോ ശശികുമാറേ. ഞാൻ ഒരാളുടേയും ആത്മസുഹൃത്തല്ല. എന്റെ സുഹൃത്ത് ഞാൻ മാത്രമാണ് ; അന്നും ഇന്നും. പിന്നെയൊരു കാര്യം, പെണ്ണിനെ സ്നേഹിച്ചതുകൊണ്ടുമാത്രം കാര്യമില്ല; അവളെ സ്വന്തമാക്കാനുള്ള സാമർത്ഥ്യം കൂടി കാണിക്കണം. ആ സാമർത്ഥ്യം എനിക്കുള്ളതുകൊണ്ടാണ് തന്റെ രാജേശ്വരി എന്റെ ഭാര്യയായത്. തന്നെക്കൊണ്ട് ഞാൻ സാക്ഷി ഒപ്പിടുവിച്ചത്. അസൂയപ്പെട്ടിട്ടു കാര്യമില്ല. പിന്നെ ഞാനന്ന് തനിക്കൊരു ഓഫർ തന്നിരുന്നു. ഞങ്ങളുടെ അമ്പതാം വിവാഹവാർഷികത്തിനു ക്ഷണിക്കുമെന്നും അന്നുവരുന്ന പക്ഷം രാജേശ്വരിയെ തനിക്ക് കൈമാറാമെന്നും പറഞ്ഞത് ഓർമ്മയുണ്ടോ? അവൾക്ക് വിരോധമില്ലാത്ത പക്ഷം താനവളെ കൊണ്ടുപൊയ്ക്കോ. എനിക്ക് യാതൊരു വിരോധവുമില്ല. ആക്രിക്കാരന്റെ മുഷിഞ്ഞ നോട്ടുകളൊന്നും താൻ തരികയും വേണ്ട."

എന്റെ ദൈവമേ! ഞാനെന്താണ് കേൾക്കുന്നത് അന്നത്തെ ശശികുമാറാണോ പ്രാകൃത വേഷധാരിയായി ബാഹുകനെപ്പോലെ ഈ ദമയന്തിയുടെ മുന്നിൽ അവതരിച്ചിട്ടുള്ളത്!

"കേശവനുണ്ണീ ! താനെന്താണ് വിചാരിച്ചത് ? ഞാൻ തോറ്റു പിന്മാറുമെന്നോ? ഞാൻ തന്നെപ്പോലെ ചെറ്റയല്ലെടോ ഞാനൊരു ആണാണ്. തന്നെപ്പോലെ ട്രാൻസ്ജെന്ററല്ല. രാജേശ്വരി എന്നോടൊപ്പം ഇറങ്ങിവരുന്നത് തനിക്കു കാണണ്ടേ?"

മൊബൈലിൽ നിന്നുമുയർന്ന വെല്ലുവിളി കേട്ട് നടുങ്ങിപ്പോയി. കണ്ണകിയുടെ നേത്രാഗ്നിശരങ്ങളെ നേരിടാനാവാത്ത പാണ്ഡ്യരാജാവിന്റെ പരുങ്ങൽ ഉണ്ണ്യേട്ടന്റെ (ഇനിയങ്ങനെ കരുതണോ??) മുഖത്തു ദൃശ്യമായി. വെട്ടിയിട്ട വാഴപോലെ കശ്മലൻ താഴെ വീണു.

അമ്പതാം വാർഷികത്തിന്റെ ചൂടാറും മുമ്പ് രാത്രി തന്നെ യാത്രപോലും പറയാതെ താൻ പ്രാകൃതനോടൊപ്പം ഓട്ടോയിൽ തിരിക്കുകയായിരുന്നു.

'ഠോ...' കശ്മലന്റെ റൈഫിളിന്റെ ഗർജ്ജനമല്ലേ വീട്ടിൽ നിന്നും ഇപ്പോൾ കേട്ടത്? ആരായിരിക്കും ഇര?

ചാരം മൂടിക്കിടന്ന കനൽക്കട്ടകൾ ആളിക്കത്താൻ തുടങ്ങിയിരുന്നു. ഓട്ടോ കിതച്ചു പായുകയായിരുന്നു; ഏതോ ശിലായുഗാന്ധകാരത്തിലേയ്ക്ക്.

*(അവലംബം : മനോരമ ആഴ്ചപ്പതിപ്പിൽ വന്ന കേസ് ഡയറി.)*

■ കവിത

# വാർദ്ധക്യം

സൗമിനി അലക്സാണ്ടർ
9496871803

ഓടിനടന്നൊരു കാലങ്ങളൊക്കെയും
ഓർമ്മയായ് മാറുന്ന വാർദ്ധക്യമേ
ഓർമ്മകൾ പോലുമിന്നന്യമായീടുന്നു
ഓരോ ദിനങ്ങളും തള്ളിടുമ്പോൾ.

കണ്ണിന്റെ കാഴ്ചകൾ മങ്ങിയാൽപോലുമേ
ഉൾക്കാഴ്ചതന്നു നീ പോറ്റിടുന്നു.
കാതിന്റെ കേഴ്‌വി കുറഞ്ഞിടുമെങ്കിലും
നിൻവിളിക്കായി ഞാൻ കാതോർത്തിടും.

അന്നം വിളമ്പിയ കൈകളോ ഇന്നിതാ
അന്നത്തിനായിട്ടു നീട്ടിടുന്നു.
താളം ചവുട്ടിയ കാലുകളൊക്കെയും
താനേ ചലിക്കുവാൻ വെമ്പിടുന്നു.

ചിറകറ്റപക്ഷി പോൽ കൂട്ടിൽ കിടന്നുനാം
ചിലതൊക്കെയോർത്തു വിതുമ്പിടുമ്പോൾ
ചിലരൊക്കെയെത്തി സമാശ്വസിപ്പിച്ചിടും
ചിരിമാഞ്ഞൊരാമുഖം കണ്ടിടുമ്പോൾ.

ബന്ധുക്കളൊക്കെയും അന്യരായീടുമ്പോൾ
ബന്ധുവായ് രോഗങ്ങൾ വന്നിടുന്നു.
വാദങ്ങളുന്നയിച്ചോരോന്നു നേടിയോർ
വാതം പിടിച്ചു കിടന്നിടുന്നു.

അനുഭവങ്ങൾ പഠിപ്പിച്ചൊരു പാഠങ്ങൾ
അനുദിനം നമ്മേ നയിച്ചിടുന്നു.
അറിയാത്ത ലോകത്തിലെന്താകുമോ എന്ന്
അറിയാതെ ചിന്തിച്ചുപോയിടുന്നു.

അശോപ്പി ചേർത്തല
9388909583



# ശരറാന്തൽ

**കി**ഴക്ക് വെള്ള കീറുകയാണ്. പ്രപഞ്ചം ഒരു ദിവസത്തേക്ക് കൂടി ഉണർന്നെണീക്കുന്നു. പറവകൾ ഇരതേടി കൂടുകൾ വിട്ട് പറന്നകന്നു. അർക്കകിരണങ്ങളെ വരവേൽക്കാൻ വൃക്ഷലതാദികൾ തയ്യാറായി നിന്നു.

വീശിയടിക്കുന്ന പുലർകാല മന്ദമാരുതന്റെ കരപരിലാളനങ്ങളേറ്റ് അവൾ കിടക്കയിൽ നിന്ന് പതുക്കെ എണീറ്റുചുറ്റും നോക്കി. അഴിഞ്ഞു വീണു കിടന്നിരുന്ന ചേലകൾ വാരിച്ചുറ്റി കിടക്ക വിരിക്കിടയിൽ നിന്ന് ആഭരണങ്ങൾ ഓരോന്നായെടുത്തണിഞ്ഞു. ആകാംക്ഷയോടെ മേശവലിപ്പ് മെല്ലെ വലിച്ചുതുറന്ന് ആ പൊതിയെടുത്ത് നിവർത്തി. കണ്ണു മഞ്ഞളിച്ചു പോയി. അഞ്ഞൂറിന്റെ പത്തു നോട്ടുകൾ!

അയാൾ എന്തു നല്ല മനുഷ്യനാണ്. ആദ്യമായാണ് ഒരാൾ ഇത്രയും പ്രതിഫലം തരുന്നത്. അതും തന്റെ ശരീരത്തിൽ ഒന്നു തൊട്ടു നോക്കുക പോലും ചെയ്യാതെ. അതിനുമുൻപ് വന്നവരൊക്കെ ആർത്തിയോടെ എത്ര ഹീനമായാണ് പെരുമാറിയത്. തന്റെ നിമ്നോന്നതങ്ങളിൽ കായിക ബലം കൊണ്ട് ശിവതാണ്ഡവമാടുമ്പോഴും ദീനാനുകമ്പയുടെ ഒരു നീരുറവപോലും അവരിൽ നിന്നു പൊടിഞ്ഞില്ല. പകരം തന്റെ മേനിയുടനീളം നിസ്സഹായതയുടെ വിയർപ്പുചാലുകൾ ഒഴുകുകയായിരുന്നു.

വിധി വൈപരീത്യം പോലെ സകല ജീവജാലങ്ങളും പകൽ ഇര തേടിയിറങ്ങുമ്പോൾ ഇരവിന്റെ ശ്യാമാംബരം വലിച്ചുകീറി ആക്രാന്തത്തോടെ തന്റെ മുന്നിലേക്ക് ചാടിവീഴുകയായിരുന്നു. നിയമത്തിന്റെ കാർക്കശ്യ സ്വഭാവം മറന്നുപോകുന്നു നിയമപാലകർ, ആരോഗ്യരക്ഷ പ്രദാനം ചെയ്യേണ്ട ഭിഷഗ്വരൻമാർ, ഏറെ പറയുകയും ഒന്നും പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന സാംസ്ക്കാരിക നായകൻമാർ. നഖക്ഷതങ്ങളേറ്റ് ചുടുനിണമണിയുന്ന, ദന്തക്ഷതങ്ങളുടെ ഉമിനീര് പൊടിയുന്ന കരിമ്പിൻ ചണ്ടിയായിരുന്നു ഏവരും എന്നും തേടിക്കൊണ്ടിരുന്നത്.

കാലഗതികൾക്കനുസരിച്ച് ഒന്നൊന്നിനോടു ചേർന്നുവന്ന ദുരന്തങ്ങൾ അനാഥത്വത്തിന്റെ തീക്കുണ്ഠത്തിലേക്ക് വലിച്ചെറിയുമ്പോൾ, ആ അഗ്നി നാളങ്ങളിൽ കിടന്ന് പിടയാനായിരുന്നു തന്റെ വിധി. ഊരുവിലക്കു പോലെ ഒഴിയപ്പെട്ട ആ ദേശത്തു നിന്ന് പറന്നുവന്ന് നരാധമൻമാർ തീർത്ത ഈ പട്ടടയിലെത്തി എരിഞ്ഞു തീരാൻ വിധിക്കപ്പെട്ട ഈ യാം പാറ്റ സഹായ ഹസ്തങ്ങൾക്കു പകരം ഞെരിച്ചുടയ്ക്കാൻ വിധം ദയരഹിതമായ ക്രൂരകരാളഹസ്തങ്ങൾ. ദൈന്യതയാർന്ന വേദനയോടെ സഹിക്കുവാനേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. കറപുരണ്ടതെങ്കിലും അവർ വലിച്ചെറിഞ്ഞ പിച്ചക്കാശുകൾ ഏതോ ദിക്കിൽ തളർന്നുമരവിച്ചുകിടക്കുന്ന തന്റെ വളർത്തുമാതാപിതാക്കൾക്ക് ഉപേക്ഷിക്കാനാവാത്ത ഒരാശ്വാസമായിരുന്നു.

ഇരുൾ പരന്നുകിടക്കുന്ന ഇടവഴികൾക്കപ്പുറം ആൾ സഞ്ചാരമില്ലാത്ത കുത്തനെയുള്ള കുന്നു കയറി വന്നത് ഒരു ദേവദൂതനാണെന്ന് അറിയാൻ വൈകി. അവസാനത്തെ ഊഴമായിരുന്നു അയാളുടേത്. ചാരിയിട്ടിരുന്ന ചെറ്റവാതിൽ മെല്ലെ തുറന്ന് അയാൾ ആകത്തു കയറി. ഇനിയുമൊരു താഡനം സഹിക്കവയ്യാതെ വിയർത്തൊലിച്ചു തളർന്നു കിടന്ന തന്റെ തലയ്ക്കരികിലെ മേശപ്പുറത്തിരുന്ന ശരറാന്തൽ പതുക്കെ തുടച്ചെടുത്തു. പോക്കറ്റിൽ നിന്നും തീപ്പെട്ടിയെടുത്ത് തിരിയുയർത്തി കത്തിച്ചുവെച്ചു. മേശവലിപ്പ് തുറന്ന് എന്തോ ഒരു പൊതി തിരുകിവെച്ചു. കിടക്ക വിരി പൊക്കി കനമുള്ള ഒരു പ്ലാസ്റ്റിക്ക് ഡെപ്പി നിക്ഷേപിച്ചു. എന്താണ് അയാൾ ചെയ്യുന്നതെന്നു മാത്രം മനസിലായില്ല.

റാന്തൽ വിളക്ക് തന്റെ മുഖത്തോട് ചേർത്തുപിടിച്ചെങ്കിലും നഗ്നമായ പൂമേനി അയാൾ ശ്രദ്ധിച്ചില്ല. ചുടുചുംബനങ്ങളുടെ തീക്ഷ്ണതയോ കരവിരുതകളുടെ താളപ്പെരുക്കങ്ങളോ ഇല്ലാത്ത ശാന്തമുഹൂർത്തം. മുഖത്ത് വീണ അരണ്ട വെളിച്ചത്തിൽ ആഴമുള്ള കണ്ണുകൾ വിടർത്തി അയാൾ പറഞ്ഞ വാചകങ്ങൾ തന്റെ മനസ്സിന്റെ അഗാധതലങ്ങളും കടന്ന് അന്തരാത്മാവിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയായിരുന്നു.


സദാചാരത്തിന്റെ സൻമാർഗ്ഗ മൂല്യങ്ങൾ... മനുഷ്യജൻമത്തിന്റെ മഹനീയ വഴിത്താരകൾ... സുകൃതക്ഷയത്തിന്റെ പരിണിത ഫലങ്ങൾ... അയാളുടെ വാക്കുകളുടെ വജ്ര സൂചികൾ തുളയ്ക്കുന്ന കാഠിന്യം തന്റെ ശാരീരത്തേയും ശരീരത്തേയും ഒരുപോലെ മുറിവേൽപ്പിച്ചു. തന്റെ പാപക്കുമ്പാരങ്ങൾക്കുമേൽ ആ തിരിനാളത്തിൽ നിന്നും അയാൾ അഗ്നി പകർന്നു. കത്തിച്ചാമ്പലായി കഴിഞ്ഞ ആ രാത്രിയുടെ ഏതോ യാമത്തിൽ നിന്ന് ഈ പുലരി വെളിച്ചത്തിലേക്കുണരുമ്പോൾ എന്നിലെ സ്ത്രീത്വം ഉറച്ച ഒരു പുതിയ തീരുമാനത്തിലേക്ക് എത്തിക്കഴിഞ്ഞിരുന്നു.

**ഏക തത്ത്വയിലേയ്ക്ക് മികവുറ്റ സൃഷ്ടികൾ അയച്ചുതരിക.**

**വരിസംഖ്യ എടുത്തും വരിസംഖ്യ യഥാസമയം പുതുക്കിയും സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**

**രാജൻ.സി, എത്തനൂർ**
**9645149319**



# വാരാന്ത്യം

"**ചേ**ട്ടാ, കാപ്പി"

ചുമരിലെ ഇലക്ട്രോണിക്ക് ക്ലോക്കിലേക്ക് നോക്കി. സമയം 5.30.

"മക്കളെ ഒന്നു മാറ്റിക്കിടത്തു എങ്കിലേ എനിക്ക് എഴുന്നേൽക്കാൻ കഴിയൂ"

"മക്കളുടെ ഈ ശീലം നല്ലതു തന്നെ കൊഞ്ചിച്ച് വഷളാക്കും"

പ്രതീവ് നെഞ്ചിൽ തലവെച്ച് നല്ല ഉറക്കം. പ്രവീൺ കൈയ് കഴുത്തിൽ ചുറ്റി കാല് മേത്ത് കയറ്റി വെച്ച് അവനും നല്ല ഉറക്കം. കിടക്കുമ്പോൾ രണ്ടാളും കഥ കേട്ടുറങ്ങിയതാണ്. എഴാം കടലിനക്കരെ വെള്ളക്കുതിരയിൽ രാജകുമാരിയേയും തിരഞ്ഞുപോയ രാജകുമാരന്റെ കഥ.

എഴുന്നേൽക്കാൻ കഴിയുന്നില്ല ദേഹമാസകലം കടച്ചിൽ. നാഡി മിടുപ്പ് ക്രമാതീതമായി തോന്നുന്നു. യൂണിഡ്രിനാൾ ഗുളികയുടെ സൈഡ് ഇഫക്റ്റ്. ഗുളിക കഴിക്കാതെ കിടക്കാനും ഭയമാവുന്നു. ആസ്തമയുടെ നീരാളിപ്പിടുത്തം അത്ര വലുതാണ്. സുലഭമായി കിട്ടുന്ന പ്രാണവായുവിനുവേണ്ടി വെപ്രാളപ്പെടുമ്പോൾ ഹൃദയമുള്ളവർ കരഞ്ഞുപോകും.

എഴുന്നേറ്റ് കാപ്പിവാങ്ങി കുടിച്ചു. ഓമനയുടെ മുഖത്ത് മന്ദഹാസത്തിന്റെ വെള്ളാമ്പൽ പൂക്കൾ. പിന്നേയും കിടക്കയിലേക്ക് ചരിഞ്ഞപ്പോൾ "മതി മതി. ഇന്ന് ഓഫാണന്നു കരുതി മുഴുവനുമങ്ങ് ഉറങ്ങി തീർക്കാനാണ് ഭാവം".

ക്ഷീണം അവളെ അറിയിച്ചില്ല. എന്തിന് അവൾ കൂടി വേദനിക്കണം. എഴുന്നേറ്റ് സിറ്റൗട്ടിലെ ഗ്രില്ലിൽ പിടിച്ച് പുറത്തേക്കുനോക്കി. ചന്ദ്രനേക്കാൾ മനോജ്ഞമായൊരു ചന്ദ്രൻ.

കുളി കഴിഞ്ഞു. നെറ്റിയിൽ നേർത്ത ചന്ദനം ചാർത്തി വാഴയില കൂമ്പിന്റെ നിറമുള്ള ബ്ലൗസും നേർത്ത കസവു കരമുണ്ടും മാത്രം ഉടുത്ത് മുടി കാറ്റിൽ പറത്തി ടെറസ്സിലെ ചെടികൾക്ക് വെള്ളമൊഴിക്കുന്ന ഇന്ദുവിനെ കണ്ടപ്പോൾ മറന്നുപോയ സിനിമാഗാനത്തിന്റെ ഈരടികൾ ഓർമ്മ വന്നു.

'മഞ്ഞൾ പ്രസാദവും നെറ്റിയിൽ ചാർത്തി മഞ്ഞക്കര മുണ്ടു ചുറ്റി'. കണ്ണേ മടങ്ങു, മനസ്സേ ശാന്തമാകൂ.

ടീപ്പോയിൽ നിന്ന് പേപ്പറുമെടുത്ത് ടെറസ്സിലെ ഈസി ചെയറിലിരിക്കുമ്പോൾ മനസ്സറിയാതെ ദൈവത്തെ വിളിച്ചു, ഇന്നെങ്കിലും പഞ്ചാബിലെ നരഹത്യ വായിക്കാനിടവരരുതേ...

'പഞ്ചാബിൽ കൂട്ടക്കൊല 33 മരണം.' മറ്റു വാർത്തകളൊന്നും വായിക്കാതെ പേപ്പർ ചെടിച്ചട്ടികൾക്കിടയിൽ തിരുകി കണ്ണുമടച്ചു കിടന്നു. കരിയില മടിയിൽ വീണപ്പോൾ ഞെട്ടി കണ്ണതുറന്നു. അടുത്ത ടെറസ്സിലെ ജലജ പൊട്ടിയ അയ കെട്ടാനുള്ള ശ്രമം. സാധിക്കില്ലെന്നു അറിയാം.

"എഴുന്നേറ്റ് വന്നേ ടെറസ്സിലും പോയി ഇരുന്ന് സ്വപ്നം കാണുകയാണോ" - ഓമന.

"ഗ്യാസ് തീർന്നു. സ്റ്റൗവ് കത്തുന്നില്ല. എത്രയായി പറയുന്നു കുറച്ച് വിറകുവാങ്ങാൻ. ഈ സ്റ്റൗ ഒന്ന് കത്തിച്ചു തരൂ."

സ്റ്റൗവ് കത്തിക്കുന്നതിന്നിടയിൽ പറഞ്ഞു. "അപ്പുറത്തെ കൂട്ടർ എങ്ങോ പോവാൻ കാലത്തെ തയ്യാറായിരിക്കുന്നു. ഗുരുവായൂരിലേക്ക് ആവും. ഇവിടെയുള്ള ആൾക്ക് അതൊന്നുമില്ലല്ലോ തലയിലങ്ങനെ വിപ്ലവമല്ലേ. പ്രവീണിന് അസുഖമായപ്പോൾ ഒരു ആൾരൂപം നേർന്നതാണ് അമ്മ. എത്രയായി ഒന്നു പോവാൻ കൂട്ടാക്കുന്നുണ്ടോ? പറഞ്ഞാൽ തുടങ്ങും കമ്യൂണിസവും പ്രത്യയശാസ്ത്രവും".

"ശാസ്ത്രങ്ങളുടെ ശാസ്ത്രമാണ് കമ്യൂണിസമെന്ന് നിനക്കറിയാമോ?"

"മതി-മതി-മകനുമായി ചെസ്സ് കളിക്കുമ്പോഴും ഇതുതന്നെയല്ലേ മാവോയുടെ ചിന്ത ചെസ്സിൽ പ്രയോഗിക്കാൻ.

കാപ്പി കുടി കഴിഞ്ഞ് ഡ്രെസ്സ് ചെയ്ത് പുറത്തേക്ക് ഇറങ്ങുമ്പോൾ,

"എങ്ങോട്ടാണ് രാവിലെ?"

"ഇന്ന് പാർട്ടിയുടെ സെൽ മീറ്റിംങ്ങ് ഉണ്ട്."

"വേണ്ട വേണ്ട. ഇവിടെ അടുക്കളയിൽ ഒന്നും ഇല്ല. റേഷൻ കടയിൽ നിന്ന് അരിവാങ്ങണം. മണ്ണെണ്ണയും പാമോയിലും വന്നിട്ടുണ്ടത്രെ. പിന്നെ പ്രദീപിനെ ഒന്ന് ഡോക്ടറെ കാണിക്കണം. എത്ര ദിവസമായി ജലദോഷവും പനിയും തുടങ്ങിയിട്ട്. മറ്റവന് വർഷപ്പരീക്ഷ തുടങ്ങാൻ പോവുന്നു. ഇന്നലെതന്നെ പറയുന്നതുകേട്ടു കുറെ കണക്കുകളും ഇംഗ്ലീഷും ചോദിക്കാനുണ്ടെന്ന്."

തിരിച്ച് വീട്ടിനകത്തേക്ക് കടന്ന് "ശരി പറയൂ ആദ്യം ഏതുചെയ്യണം." റേഷൻ കടയും, ആശുപത്രിയും, ഇംഗ്ലീഷും കണക്കും സംശയം തീർന്നപ്പാൾ ഉച്ച കഴിഞ്ഞു.


ഉച്ചയുറക്കിന്റെ ആലസ്യത്തിൽ മാറിൽ നിന്ന് എം.ടി.യുടെ രണ്ടാം മൂഴം നിലത്തു വീണ ശബ്ദത്തിൽ എഴുന്നേറ്റ് വാച്ച് നോക്കി. സമയം 5.45.

ഓമന കുളിയും കഴിഞ്ഞ് നേർത്ത ഷിഫോൺ സാരിയും ഉടുത്ത് മക്കളേയും ഒരുക്കിയിരിക്കുന്നു.

"വരൂ, നടക്കാനിറങ്ങാം, വീട്ടിനകത്തിരുന്ന് മുഷിഞ്ഞു. സ്വല്പം ശുദ്ധവായു ശ്വസിക്കട്ടെ. വരുമ്പോൾ ഓപ്പൺ എയർ തിയേറ്ററിൽ 'മനു അങ്കിൾ' സിനിമയും കഴിഞ്ഞ് വരാം." ലൈബ്രറിയിലെ പോക്കുമുടങ്ങിയതിന്റെ വേദനയിൽ അറിയാതെ നീട്ടി മൂളി.

"ഉം നടക്കു"
വഴിയിലൂടെ നടക്കുമ്പോൾ മനസ്സു മുഴുവൻ വിവാഹത്തിനുശേഷം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇത്തരം ഓഫുകളുടെ പട്ടികകളായിരുന്നു. നീണ്ട പതിനഞ്ചു വർഷത്തെ നിർജ്ജീവമായ വീക്കിലി ഓഫുകൾ.

## ■ കവിതകൾ



**പ്രമോദ് പുനലൂർ**
**9746363220**

### മാവ്

മാമ്പൂ കൊഴിഞ്ഞാൽ
എന്നും ഒറ്റയ്ക്ക്

### ബൂമറാങ്

തൊടുക്കുന്നവനു നേരെ
മുന തിരിയുന്ന
സ്നേഹം

### ജാതി

പച്ചക്കറി ഹിന്ദു
മീൻ ക്രിസ്ത്യാനി
ഇറച്ചി മുസ്ലീം
പായസം ബ്രാഹ്മണൻ

### എഴുത്തുകാരൻ

വായനക്കാരന്റെ കോളനിയിലെ
ദയനീയമായ കാലൊച്ച

### വീട്

വിടുപണി ചെയ്ത്
പണിയുന്നത്
വിടുപണി ചെയ്ത്
പുലരുന്നത്
വിടചൊല്ലുന്നേരം
വിടുവാക്ക് പറയുന്നത്

## ■ കത്തുകൾ

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

1) ഏക തത്ത്വ പുസ്തകം 8 ലക്കം 2 ജനുവരി 2018 പേജ് 12ലെ പ്രൊഫ ശശികുമാറിന്റെ 'ഒരു വിളംബകാല ചിന്ത'യെക്കുറിച്ച് ചിന്തകൾ! (തലക്കെട്ടിൽ തെറ്റില്ലേ??)

ഞാൻ മനസ്സിലാക്കിയത് ശരിയാണെങ്കിൽ 'യഥാ രാജാ തഥാ പ്രജാ' എന്ന ചേതാവനി ചാണക്യന്റെ 'അർത്ഥശാസ്ത്രത്തിൽ ചക്രവർത്തി ചന്ദ്രഗുപ്ത മൗര്യന് കൊടുത്തവയിൽ ഒന്നാണ്. അതായത് നിലയിൽ നാം എത്ര ഉയരുന്നുവോ, അത്ര തന്നെ നമ്മുടെ ചുമതലാബോധവും വർദ്ധിക്കണം. അല്ലാത്തപക്ഷം, നമുക്ക് 'താഴെ'യുള്ളവരിൽ നിന്ന് സദാചാരം പ്രതീക്ഷിക്കുന്നത് പാടെ തെറ്റാണ്. എന്റെ അഭിപ്രായത്തിൽ 'യഥാ രാജാ തഥാ പ്രജാ' എന്ന പ്രസ്താവന സുവർണ്ണാക്ഷരത്തിൽ എഴുതി നമ്മുടെ IAS ഉം മറ്റും അന്യ ഉയർന്ന ഉദ്യോഗസ്ഥരുടെ പ്രാരംഭ ശിക്ഷാകേന്ദ്രമായ Central Services Training Academy, Mussoorieൽ എല്ലാവരുടേയും ശാശ്വത ശ്രദ്ധക്കായി പ്രദർശിപ്പിക്കേണ്ടതാണ്...

നമ്മുടെ ഇന്നത്തെ ആവശ്യമാണ്, പൊതുജനങ്ങൾക്കായി മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ലോയ്ഡ് ജോർജ്ജി (Lloyd George) ന്റെ നിർദ്ദേശം. 'You can't make an A1 nation with C3 men.' (അധമ നിലയിലുള്ള പൗരന്മാരാൽ ഒരുത്തമ രാഷ്ട്രം സൃഷ്ടിക്കുന്നത് അസാധ്യമാണ്). അല്ലാത്ത പക്ഷം 'We get the government we deserve.' (നമുക്കർഹതയുള്ള ഭരണഘടനയേ നമുക്ക് ലഭിക്കുകയുള്ളൂ!) ഗാന്ധിജി, നെഹ്റു, പട്ടേൽ, ആസാദ് തുടങ്ങിയ എത്ര സ്വാർത്ഥരഹിത മഹാത്മാക്കളുടെ ത്യാഗത്താൽ ലഭിച്ച സ്വാതന്ത്ര്യത്തോടുകൂടി തന്നെ തുടങ്ങിയില്ലെ നാട്ടിൽ സ്വാർത്ഥികളുടെ പിടിച്ചുപറി?

രാഷ്ട്രീയ പാർട്ടികളിൽ നിന്നും ഭരണകർത്താക്കളിൽ നിന്നും മൗലിക മാനവ മൂല്യങ്ങളുടെ ഉറച്ച അടിത്തറ പ്രതീക്ഷിക്കാമോ? ഇന്നത്തെ നമ്മുടെ അധ:പതനത്തിന് ഒരു മുഖ്യകാരണം അവർ തന്നെയല്ലേ? വേലി തന്നെ വിളവ് തിന്നാൽ രക്ഷ തീർച്ചയായും കുറയും എന്നുള്ളത് വാസ്തവം. പക്ഷെ ഇന്ന് വിളവ് തിന്നുന്നത് വേലി മാത്രമാണോ? എല്ലാ ഇടത്തിൽ നിന്നും ഉള്ള പിടിച്ചുപറി നിർത്തണമെങ്കിൽ ശ്രദ്ധ ചെലുത്തേണ്ടത്, നമ്മൾ കെട്ടിപൊക്കാൻ ശ്രമിക്കുന്ന 'വാനം ചുമ്പി' (Sky Scraper)യുടെ അസ്ഥിവാരം/അടിത്തറയിലല്ലേ? മേൽക്കൂര മാത്രം paint ചെയ്തു മിനുക്കിയതു കൊണ്ട് കെട്ടിടം സുരക്ഷിതമാകുമോ?

ആധുനിക ഭൗതികതയുടേയും ഉപഭോക്താ സംസ്ക്കാരത്തിന്റേയും അത്യാകർഷക, പക്ഷെ നശ്വരമായ നേട്ടങ്ങൾക്കായി (ധനം, പെരുമ/പ്രശസ്തി,അധികാരം,സുവിധാസാമഗ്രി,സുഖഭോഗം) മതി മറന്ന് മധ്യവർഗ്ഗത്തിലെ അച്ഛനമ്മമാർ, കേവലം ഭൗതിക നേട്ടങ്ങൾക്കായി ആത്മീയ/ആന്തരിക/മാനസികദിശയിലെ പ്രഗതിയെക്കുറിച്ചുള്ള ശ്രദ്ധയെ കുബേര/മന്മഥ ബലിപീഠത്തിൽ ബലി കൊടുത്ത ശേഷം, സുരക്ഷിത ഭാവിയെ പ്രതീക്ഷിക്കുന്നത് ഉചിതമാണോ? യുവതലമുറയുടെ പോറ്റലിൽ ഉപേക്ഷ കാട്ടിയ ശേഷം സമുദായത്തിന്റെ നട്ടെല്ലായ മധ്യവർഗ്ഗം, അവരിൽ നിന്ന് ത്യാഗം, പ്രേമം സദാചാരം, കരുതൽ എന്നിവ പ്രതീക്ഷിക്കാമോ? വിതച്ചതല്ലെ കൊയ്യാൻകഴിയൂ? സ്ഥിതി പരിഹാരാതീതമായി വരുന്നത് അറിയുക. ചിന്തിക്കുക! ഉണരുക!!

ആധുനിക ഭൗതികതയുടെ മാരക ആകർഷണത്തിൽ കണ്ണഞ്ചിപ്പോയി അന്ധരാകുന്നത് നാം അറിയുന്നുണ്ടോ? ചിന്തകരേ! ബുദ്ധിജീവികളേ! എഴുന്നേൽക്കുക! ഉണരുക!!

2) 'ദൈവനാമത്തിൽ'. പേജ് 41

ഒരു പക്ഷെ എല്ലാ മത വിശ്വാസികളും ഇവിടെയുള്ള നമ്മുടെ പെരുമാറ്റത്തിന് മരണശേഷമുള്ള 'വിചാരണയെ' ഭയന്നു ജീവിക്ക

ണമെന്ന് കരുതുന്നുണ്ട്! എന്നാൽ എന്റെ അഭിപ്രായത്തിൽ കബീർദാസിന്റെ വരികളാണ് ഏറ്റവും ഉചിതം. സ്വർഗ്ഗം, നരകം എന്നുള്ളവയെ നാം ഈ ലോകത്തിൽ തന്നെയാണ് സൃഷ്ടിക്കുന്നത്. സൽകർമ്മത്താൽ ഇവിടെത്തന്നെ ഒരു ചെറു സ്വർഗ്ഗത്തെ (സ്വന്തം ചുറ്റുപാടിൽ) സൃഷ്ടിക്കാൻ ശ്രമിക്കാതെ, ഇവിടെ നരകമനുഭവിച്ച്, മരണശേഷം 'യമനഗരി'യിലല്ലേ നാം എത്തിച്ചേരുക? നമ്മുടെ ആവശ്യങ്ങളെ ചുരുക്കി, സദ്ഗുണങ്ങളെ വളർത്തിയെടുത്ത്, ഇവിടെത്തന്നെ ചെറു സ്വർഗ്ഗമനുഭവിക്കാൻ ശ്രമിക്കാത്തവർക്ക് എവിടെ സ്വർഗ്ഗം?

മഹാന്മാരുടെ ഉപദേശങ്ങളെക്കുറിച്ച് ഗാഢമായി ചിന്തിച്ച് വാസ്തവ ഉദ്ദേശം മനസ്സിലാക്കി സന്മാർഗ്ഗം സ്വീകരിച്ച് തുടരാതെ, വക്രീകരിക്കപ്പെട്ട വിചാരധാരയാൽ എന്തു ഗുണം? ചിന്തിക്കുക! ഉണരുക!!

എം. എം. മേനോൻ
0491–6451469, 0491–2572939

ഏക തത്ത്വ ജനുവരി ലക്കം കിട്ടി. പതിവുപോലെ ആദ്യം വായിച്ചത് പത്രാധിപരുടെ എനിക്കു പറയാനുള്ളത് എന്ന പതിവു പംക്തിയാണ്. ഇതിൽ പറയുന്ന കാര്യങ്ങൾ ഇവിടെ ഓരോരുത്തർക്കും പറയാനുള്ളത് തന്നെ. പേടിയോ ശങ്കയോ മൂലം പറയുന്നില്ല എന്നേയുള്ളു. പകലും വാഹനങ്ങൾ ലൈറ്റ് തെളിച്ചുപോകണം എന്നു പറയുന്നതിലെ ശാസ്ത്രീയത എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. മഴയുള്ളപ്പോഴും മൂടൽമഞ്ഞ് ഉള്ളപ്പോഴുമാണ് പകൽ ലൈറ്റ് തെളിക്കേണ്ടതിന്റെ ആവശ്യകത വരുന്നത്. ഇത് എപ്പോഴും വേണമെന്ന ശാഠ്യം എന്തിനാണ്? ആരെ സഹായിക്കാനാണ് ? അതുപോലെ സീറ്റ് ബെൽറ്റ് നിർബന്ധമാക്കുന്നത് ഗുണമുണ്ട് ചിലപ്പോൾ അത് ദോഷവുമായി ഭവിക്കാറുമുണ്ട്. ചില ഭരണാധികാരികൾ അലറിവിളിച്ച് പറയുന്നത് എന്തിനെന്ന് മനസ്സിലാകുന്നില്ല. ഇത് പറഞ്ഞ് പറ്റിക്കലാണ്. സൗമ്യതയില്ല പകരം ക്രൗര്യമാണ് കാണുന്നത്. അത് ചിലർ അനുകരിക്കാനും തുടങ്ങിയിരിക്കുന്നു. കഷ്ടം.

ഏക തത്ത്വയിലെ സൃഷ്ടികൾ പലതും വളരെ നിലവാരം പുലർത്തുന്നവയും ശ്രദ്ധേയവുമാണ്. ശ്രീ. എം. എം. മേനോന്റെ ഇത്തവണത്തെ ലേഖനം നന്നായിരുന്നു. അറിവ് പകരുന്നതും ഓർമ്മപ്പെടുത്തലുമാണ്. തുളസി കേരളശ്ശേരിയുടെ കവിത എന്നും ശ്രദ്ധിക്കപ്പെടുന്ന ഒന്നാണ്. അതുപോലെ മംഗളൻ തൈക്കലിന്റെ കവിത 'ദേവലായങ്ങൾ' കാലികപ്രസക്തം എന്നു പറയാതെ കഴിയില്ല. മനുഷ്യൻ തല ചായ്ക്കാനിടമില്ലാതെ, ഒരു കൂര കുത്താൻ ഇടമില്ലാതെ കഴിയുമ്പോൾ അവന് ഒരുകൈ സഹായം നൽകാൻ ആരും മുന്നോട്ടുവരില്ല. ഒരു കൊച്ചുവീട് നിർമ്മിച്ചു കൊടുക്കാൻ ആർക്കും സഹായിക്കാൻ താല്പര്യമില്ല. നല്ല നിലയിൽ ഉള്ള ദേവാലയങ്ങൾ ഇടിച്ചുനിരത്തി അതിനു മോടികൂട്ടാനും സ്വർണ്ണം പൂശാനും എത്ര മുടക്കാനും തയ്യാർ. മുറ്റം ടൈലു നിരത്താനും ഒരുക്കം.

എന്തു വിരോധാഭാസമാണിത്. ക്ഷേത്രം വേണ്ട എന്ന് പറയുന്നില്ല. പക്ഷെ, മനുഷ്യനും വേണം എന്ന് ആദ്യം ചിന്തിക്കണം. അതിനപ്പുറം ഒന്നുമില്ല.

ഓർമ്മപ്പെടുത്തലുകളും തിരിച്ചറിവുകളുമായി – അറിയിക്കലുമായി – ഇനിയും നല്ല നിലയിൽ ഈ പ്രസിദ്ധീകരണം മുന്നോട്ടുപോകട്ടെയെന്ന് ആശിക്കുന്നു, ആശംസിക്കുന്നു.

എം. ഡി. വിശ്വംഭരൻ
9446142131

പ്രിയ മുരളീധരൻ സാർ,

ഏക തത്ത്വ ഫെബ്രുവരി ലക്കം കൈപ്പറ്റി. പ്രൊഫ. വാഴക്കുന്നത്തെക്കുറിച്ചു കേട്ടിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ മാന്ത്രികവിദ്യയുടെ മായാക്കാഴ്ചകളിലേക്ക് ഇറങ്ങിച്ചെല്ലുന്നതായിരുന്നു ശ്രീ. നാരായണൻ കുട്ടിയുടെ ജാലവിദ്യയും പ്രൊഫ. വാഴക്കുന്നവും എന്ന ലേഖനം. അതുപോലെ മലയാളിയുടെ പഴയ സിനിമാ തട്ടകമായിരുന്ന മദിരാശിയിലെ പഴയ അനുഭവക്കുറിപ്പുകൾ വളരെ തന്മയത്വത്തോടെ മധുരതരമായി ശ്രീ. ടി. ജെ. നായർ അവതരിപ്പിച്ചു. 'തിരിച്ചറിവ്' എന്ന കഥയിലൂടെ ശ്രീ. ടി. വി. ഹരികുമാർ സമൂഹമനഃസ്സാക്ഷിക്കുനേരെ കൂർത്തു മൂർച്ചയുള്ള ഒരു ഒളിയമ്പ് തൊടുക്കുകയാണ് ചെയ്തത്. വൃദ്ധസദനത്തിൽ തന്റെ യജമാനനെ തേടിയെത്തുന്ന നായയുടെ മുതുകിലേൽക്കുന്ന അടിയുടെ പാടുകൾ ദയാരഹിതമായ കരാളഹസ്തത്തിന്റെ താഡനങ്ങളുടെ പ്രതീകമാണ്. എല്ലാം കൊണ്ടും വളരെ നല്ല നിലവാരം പുലർത്തുന്ന ഏക തത്ത്വയ്ക്ക് ആശംസകൾ !

അശോപ്പി ചേർത്തല
9388909583

പ്രിയ മുരളിസാർ,

മാർച്ച് 2018 – ഏക തത്ത്വ കിട്ടി. കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങി നിരവധി വിഭവങ്ങളാൽ ഒരുക്കിയ വിരുന്ന്. ആനുകാലിക സംഭവങ്ങളെ പരാമർശിക്കുന്ന തൂക്കുപാലത്തിലാണ് നാം – മുഖച്ചിത്രവും ശക്തം. വസ്തുതാപരമായി കാര്യങ്ങളെല്ലാം ശരിയാണ്. പാവപ്പെട്ടവൻ വീണ്ടും പാവപ്പെട്ടവനും ഭരണാധികാരികൾ സമ്പന്നരുമാകുന്ന വ്യവസ്ഥ തന്നെ. എന്തുചെയ്യാൻ ? പി. ആർ. ജോസിന്റെ ഫലിതമേള നന്നായി. ചന്തിരൂർ താഹയുടെ കഥയും കൊള്ളാം. ശ്രീ. മുരളീധരൻ കൊല്ലത്തിന്റെ അഭ്യർത്ഥന എല്ലാവരും ഉൾക്കൊണ്ടിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു. എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്...

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര, 9446118387

പ്രിയ മുരളി,

ജി. എസ്. ടി.യിൽ തുടങ്ങി തൂക്കുപാലം വരെ 'എനിക്ക് പറയാനുള്ളത്' പറയുന്നു. വായനക്കാരന്റെ മനസ്സിൽ ചിന്തകളുടെ മഥനം നടക്കുന്നു. തന്റെ ചിന്തകൾ തോന്നലുകൾ, ആശകൾ, നിരാശകൾ തന്നെ അല്ലെ പത്രാധിപർ പറയുന്നത് എന്ന് ഓരോ വായനക്കാരനും തോന്നിത്തുടങ്ങുമ്പോൾ അത് ഏക തത്ത്വയുടെ വിജയമായി മാറുന്നു.

# ■ കത്തുകൾ

ഇനിയും വായനക്കാരുടെ 'മാനസ മഥനം' നടത്താൻ കഴിയട്ടെ, ആ തൂലികയ്ക്കെന്നാശംസിക്കുന്നു.

കയ്യിലെത്തിയാൽ ഒറ്റയിരിപ്പിന് വായിക്കാറാണ് പതിവ്. ഇത്തവണ അകക്കാമ്പ് ഹൃദ്യമായിരുന്നുതാനും. എന്നും മനസ്സിലങ്കുരിക്കുന്ന ഒരു ചിന്താവിഷയമായിരുന്നു 'സിനിമാഗാനങ്ങളിലെ കവിത' അരവിന്ദൻ സാർ അവതരിപ്പിച്ചപ്പോൾ ഭംഗി കൂടി. അധികം പുറകോട്ടു പോകേണ്ട കാര്യമില്ല, സ്പിരിറ്റിലെ റഫീക് അഹമ്മദിന്റെ 'മരണമെത്തുന്ന നേരത്ത്' മാത്രം മതി. യൂസഫലി കേച്ചേരിയുടെ ധ്വനി, ഒ. എൻ. വി.യുടെ അനശ്വരങ്ങളായ അനേകം ഗാനങ്ങൾ. സിനിമകളിലൂടെ പാട്ടുകൾ എന്ന പേരിൽ അറിയപ്പെട്ട കാവ്യശകലങ്ങൾക്ക്... ഉദാഹരണങ്ങൾക്ക്...നന്ദി. നല്ല ലേഖനത്തിനും ലേഖകനും. മുക്കം ഭാസി സാറിന്റെ അനുഭവവിവരണത്തണലിന്ന് ഒരു മരത്തണലിനേക്കാൾ കുളിരുണ്ട്. ഒരു കാലഘട്ടത്തിന്റെ ഓർമ്മകൾ ആസ്വദിക്കാൻ യുവതലമുറയ്ക്ക് കിട്ടുന്ന അസുലഭാവസരങ്ങൾ ഒരുക്കിയതിന്ന് ഇദം പ്രഥമമായി മാഷിന്നും മാസികയ്ക്കും നന്ദി. വിജയലക്ഷ്മി പാലാട്ടിന്റെ കഥ 'അമ്മമ്മ' ഗ്രാമ്യ ഭാഷ കൊണ്ട് ശ്രദ്ധേയം, തുളസി കേരളശ്ശേരിയുടെ 'സഡൻ മ്യൂട്ടേഷൻ' വ്യത്യസ്തമായി തോന്നി. മുരളീധർ കൊല്ലത്തിന്റെ മുഖമൊഴിയുടെ മിഴി എല്ലാവരുടേയും മിഴി തുറപ്പിച്ചിരുന്നെങ്കിൽ എന്നാത്മാർത്ഥമായി ആഗ്രഹിച്ചുപോകുകയാണ്. ഇ. ടി. എമ്മിന്റെ എ. ടി. എമ്മിൽ കാശുണ്ടെങ്കിലേ സാധനം (ഏക തത്ത്വ) കയ്യിലുണ്ടാവൂ, നമ്മുടെ സാധനകളെ പരിപോഷിപ്പിക്കുന്നത് തുടരൂ... ഭാവുകങ്ങൾ...


പ്രമോദ് മഞ്ചേരി, 09495607393

ആദരണീയ എഡിറ്റർ,

മാർച്ച് ലക്കം കൈപ്പറ്റി. ഫെബ്രുവരി ലക്കം ലഭിച്ചതുമില്ല. തൂക്കുപാലത്തിലാണ് നാം എഡിറ്റോറിയൽ ശ്രദ്ധേയം, ചിന്തനീയം. ദുഃശ്ശീലങ്ങൾ പാടെ ഉപേക്ഷിച്ചവർ മാത്രം ഏക തത്ത്വയിലെഴുതുക എന്ന മുന്നറിയിപ്പ് നന്മയുടെ വിളംബരമാകുന്നു. മലയാളത്തിൽ ഇത്തരത്തിലൊരു മുന്നറിയിപ്പ് നൽകുന്ന പത്രാധിപർ താങ്കളാണ്. താങ്കൾ മാത്രം. അക്ഷരങ്ങളിലൂടെ നന്മ വിതയ്ക്കാം. സഹൃദയരെ ചേർത്ത് പിടിക്കാം. സ്നേഹിച്ചിടാം അക്ഷരമനസ്സുകളെ, ലോകത്തെ.

ജിജോ രാജകുമാരി, 8086350652

## ■ കവിത



ആർ. കെ. വള്ളിച്ചിറ
9496161911

# കീർത്തിസ്തംഭം

ഞാൻ നടന്നിവിടെത്തിയ പാതയിൽ
വന്മരമായ്ത്തണലേകി നിന്നൊരാ
നന്മരമാകു'മേകതത്ത്വ' യ്ക്കിതാ
സന്മനസ്സാലെയേകുന്നഭിവാദ്യം !
തിന്മയെല്ലാം വെടിഞ്ഞ മനസ്സിലായ്
നന്മതിങ്ങി നിറഞ്ഞ കവിതകൾ,
മേന്മയേറുന്ന ലേഖന ശാഖകൾ
മൺമറഞ്ഞ കലയുടെ ചിത്രണം,
കൺമണികൾക്കറിവ് പകർന്നിടും
ഉൺമയിലുള്ള കൊച്ചു കഥകളും,
തേന്മഴ പോലെയാസ്വാദക മനം
തേന്മൊഴികളായ് പെയ്തിറങ്ങീടവേ
ചിന്മയനാലനുഗ്രഹിച്ചീവിധം
തന്മയത്വമായ് കോർത്തൊരുക്കീടിന
പൊന്മയമായ് മനസ്സിൽ ലസിച്ചിടും
നന്മണിയാണിവിടെ യീ മാസിക
ഗദ്യപദ്യ ശബളമായീടുന്ന
ഹൃദ്യമാകും രചനകളെല്ലാമേ
ആദ്യമായി ഭുജിച്ചവരൊക്കെയും
സദ്യയുണ്ടതാം തൃപ്തിയിലാണ്ടുപോയ്
ആർത്തിയോടിവർ വാങ്ങുമീ മാസിക
വാഴ്ത്തിടുന്നിവിടായിരം നാവിനാൽ
കീർത്തിയേറുന്നൊരേകതത്ത്വയ്ക്കായി
തീർത്തിടുന്നിതാ കീർത്തിസ്തംഭങ്ങളും.

ഏക തത്ത്വയിലെ എഡിറ്റോറിയൽ പേജുകൾ ഉന്നതനിലവാരം പുലർത്തുന്നു. ഓരോ വായനക്കാരുടേയും മനസ്സിൽ പതിഞ്ഞു കിടക്കുന്നത് അക്ഷരജാലങ്ങളായി മാറ്റുകൂട്ടുന്ന ശ്രീ. ഇ. ടി. എം പട്ടാപ്പകൽ ലൈറ്റിട്ടോടുന്ന വാഹനങ്ങൾ വർഷങ്ങൾക്ക് മുമ്പ് ലൈറ്റിട്ട വാഹനത്തെ കണ്ടാൽ വഴിമാറി കൊടുക്കുന്നത് പതിവാണ്. കാരണം അത്യാപത്ത് വന്ന് ആശുപത്രിയിലേക്കുള്ള ഓട്ടമായിരിക്കും. ഇത് സാധാരണയായി മാറി.

നോട്ടു മാറ്റവും ജി. എസ്. ടി.യും ചെറുകിട കച്ചവടക്കാർക്കും സാധാരണ ജനങ്ങൾക്കും വലിയ ബുദ്ധിമുട്ടായിരിക്കുന്നു. ചെറിയ കച്ചവട സ്ഥാപനങ്ങൾ ഷട്ടറിൽ താഴിട്ടു തുടങ്ങി. നിർമ്മാണ ജോലികൾ കുറവായിത്തുടങ്ങി. നിർമ്മാണ മേഖലയിലേയും മറ്റും തൊഴിലുകൾ ഇല്ലാതായി തുടങ്ങി. അല്പാല്പമായി സ്വരൂപിച്ച് ബാങ്കിൽ നിക്ഷേപിച്ചത് ആവശ്യത്തിന് എടുക്കാന പറ്റാത്ത അവസ്ഥ. ഇത് നിർമ്മാണ പ്രവൃത്തികളെ മന്ദീഭവിപ്പിക്കുന്നു. ഏറ്റവും ഉയർന്ന സമ്പന്നർക്കും വലിയ കച്ചവടക്കാർക്കും മാത്രം ജി. എസ്. ടി.യും നോട്ടുമാറ്റലും ഉപയോഗപ്രദമായി അത്രമാത്രം. ഏക തത്ത്വയിലെ വാക്കുകൾക്കും അക്ഷരങ്ങൾക്കും ആരോഗ്യം ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു.

ജയൻ പണിക്കർ, 9946167259

## മറുപടി

കത്തുകളയച്ച ഏവർക്കും നന്ദി. എല്ലാ മാസവും 28ാം തിയതി തന്നെ പോസ്റ്റ് ചെയ്യുന്ന മാസിക പലർക്കും കിട്ടുന്നില്ല എന്ന് അറിയുന്നുണ്ട്. ഒരുമാസം അമ്പതോളം കോപ്പികൾ ഇത്തരത്തിൽ നഷ്ടപ്പെടാറുണ്ട്. ആഗസ്റ്റ് മാസത്തിൽ ആദ്യമായി ഇരുന്നൂറ് കോപ്പി നഷ്ടപ്പെടുകയുണ്ടായി. പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ നിരവധി തവണ പരാതിപ്പെട്ടിട്ടും പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. ഞങ്ങളീ നഷ്ടം സഹിച്ചുവരുന്നു. പോസ്റ്റൽ ഡിപ്പാർട്ട്മെന്റിലുള്ള ആരെങ്കിലും അനധികൃതമായി കോപ്പി കൈ പറ്റുന്നുണ്ടെങ്കിൽ ദയവുചെയ്ത് നിങ്ങളുടെ അഡ്രസ്സ് അയച്ചുതരിക. ഞങ്ങൾ ഫ്രീയായി കോപ്പി അയച്ചുതരാം. മറ്റുള്ളവർക്ക് പോകുന്ന കോപ്പികൾ ദയവുചെയ്ത് എടുത്ത് മാറ്റരുത് എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. പ്രിയ വരിക്കാർ മാസിക ലഭിക്കാത്തപക്ഷം 9446443321 എന്ന നമ്പറിലേക്ക് വിളിച്ചറിയിക്കുക. മാസിക വീണ്ടും അയച്ചുതരുന്നതാണ്

എഡിറ്റർ.

■ കവിത




ഗോപിനാഥ് തട്ടയ്ക്കാടൻ
9567762202


# മാറ്റുവിൻ ചട്ടങ്ങളേ...!

ജീവിതമാ,മാഴി തന്നിൽ, കളിത്തോഴനൊത്തിറങ്ങീ
ട്ടവൻ താണൂ കടലിൽ, ഞാൻ കരയ്ക്കുമായീ...,
കളിത്തോഴൻ കൈയ്പിടിയ്ക്കേ, പരധർമ്മമാചരിയ്ക്കേ
പഴിചാരി, പടി തള്ളീ..., ജന്മദാതാക്കൾ.....!

നാവുനീട്ടിവിഴുങ്ങുവാനാഞ്ഞടുത്തൂ ജാതിഭൂതം,
ഭാവിതന്നങ്ങിരുട്ടിലായ്, പകച്ചുപോയ് ഞാൻ....!
വിധവയ്ക്ക് വിലക്കേറെ; വിഭാര്യന്നങ്ങെന്തുമാകാം....!
വിധിയെന്ന വിലങ്ങിട്ടങ്ങവളെപ്പൂട്ടി.....!

മരിച്ചെന്റെ പുരുഷൻ, ഞാനിരക്കില്ല, മകനുണ്ട്...,
പുരുഷനോടൊത്തു ചാകാനൊരുക്കോമല്ലാ...,
മരിച്ചില്ലെൻ സ്വപ്നമൊന്നും, മനസ്സിലോ..., കല്ലുമല്ലാ...,
ഭരിയ്ക്കുമെൻ കുടുംബത്തെ..., വിയർപ്പൊഴുക്കി...

കരുത്തുണ്ടെൻ കരങ്ങൾക്ക്, കരുണയ്ക്കായ് കൈയ് നീട്ടില്ലാ...,
തരുണികളബലയായിരുന്നു..., പണ്ട്...,
രണ്ടുധർമ്മം കൊണ്ടവർക്കീ, പ്രേമമെന്തേ..., നിഷിദ്ധമോ...?
പണ്ടു, കാവ്യപുത്രിവേട്ടൂ...., ക്ഷത്രിയൻ തന്നേ.....!

അന്നുകാവ്യൻ തിരുത്തി, യാ നൂലുതന്നെ, തൻ മകൾക്കായ്....,
ഇന്നതിന്നു ത്രാണിയുള്ളോരെത്ര പേരുണ്ട്...?
അർത്ഥവാനും ജാതിയില്ലാ..., യാചകന്നും ജാതിയില്ല...,
മദ്ധ്യേയുള്ളോർതന്നേ..., യെന്നും ജാതിചുമക്കാൻ....!

അന്യനേകൻതൊട്ടപെണ്ണിൻ, പരിശുദ്ധിപറന്നുപോം.....!
അന്യപെണ്ണിൻ ചൂടറിഞ്ഞോൻ, പരിശുദ്ധനും....!
മരിച്ചോരാണിവിടുള്ള ജനമെല്ലാം...., മതഭ്രാന്താൽ.....!
മനുഷ്യനായ് വളർത്തുമെൻ മകനെ ഞാനും.

വിധവയ്ക്കു വിലപേശും, വിടന്മാരേ..., പെൺ തുനിഞ്ഞാൽ
വിധിപോലും ഭയന്നോടും..., മറന്നീടേണ്ടാ...!
വിധവയ്ക്കും വിശപ്പുണ്ട്, വിഴപ്പുതാൻ ചുമക്കേണോ...?
വിധിയ്ക്കു..., നീ വിഴുപ്പേറ്റാൻ മിടുക്കനെന്നും...!

മാറ്റിടൂ നിൻ മുഖം മൂടി, കാലമേറെ മാറിയിന്ന്,
പേറ്റുനോവുമാത്തു നോവും, സഹിയ്ക്കും പെണ്ണ്.
സഹിയ്ക്കില്ലങ്ങപമാനം, കൊടുങ്കാറ്റായ് തിരിഞ്ഞെന്നാ
ലി,ഹത്തിലങ്ങാർക്കുമാകാ..., തടഞ്ഞു നിർത്താൻ.....!

■ കഥ




എം. ഡി. വിശ്വംഭരൻ
9446142131


# ഗോമാതാവ്

**കൃ**ഷിക്കാരന്റെ തൊഴുത്തിൽ പശുവും തൊട്ടടുത്ത കൂട്ടിലെ ആടും തമ്മിൽ തർക്കത്തിലായിരുന്നു. ആട് പറഞ്ഞു, "ചേച്ചി നിനക്ക് ഇത്രയും വലിയ ശരീരവും ഏറെ പാലും കിട്ടുമെന്ന് വീമ്പെളക്കിയിട്ട് എന്തുകാര്യം. മനുഷ്യർ എന്നെയാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. എന്റെ പാലിന് കൂടുതൽ ഔഷധഗുണമുണ്ട്. മരുന്നുണ്ടാക്കാനും മറ്റും എന്റെ പാലാണ് കൂടുതലും ഉപയോഗിക്കുന്നത്. അപ്പോൾ ഞാനാണ് കേമി." അതുകേട്ട് പശു പറഞ്ഞു, "നിന്റെ പാലിന് ഗുണമുണ്ടായിട്ടെന്താ ആകെ നാഴിയോ ഇരുന്നാഴിയോ പാല് കിട്ടും. അതുകൊണ്ട് എന്തു കാര്യം. മനുഷ്യന്റെ വിപുലമായ ആവശ്യങ്ങൾക്ക് എന്റെ പാലാണ് ഉപയോഗിക്കുന്നത്. അപ്പോൾ ഞാനല്ലേ കേമി. അതുമാത്രമോ നീ നോക്കിക്കോ, ഏതെങ്കിലും ഇറച്ചി വെട്ടുകാരൻ വന്നു ചോദിച്ചാൽ നമ്മുടെ യജമാനൻ നിന്നെ പിടിച്ചുകൊടുക്കും. എന്നെ ആരും മേടിക്കുകയില്ല, കൊല്ലുകയുമില്ല. ഞാൻ മാതാവാണ് മനുഷ്യന്. ഗോമാതാവ്."

"മാതാവോ... പശു എങ്ങനെയാണ് മനുഷ്യന് മാതാവാകുന്നത് ?" "അതു ഞാൻ പറയുന്നതല്ല. അവർ തന്നെ പറയുകയല്ലേ." "ഓ... കാണാമല്ലോ എന്നെ യജമാനൻ വില്ക്കുകയില്ല. യജമാനനും മക്കൾക്കും എന്നെ എന്ത് ഇഷ്ടമാണെന്നറിയാമോ. എന്റെ കുട്ടികളെ യജമാനന്റെ മക്കൾ എടുത്ത് താലോലിക്കുന്നത് കാണാറില്ലേ?" പശു ഓർത്തു, എന്റെ കുട്ടികൾക്ക് വലുപ്പക്കൂടുതൽ ഉള്ളതുകൊണ്ട് ആരും എടുത്ത് ഉമ്മവെക്കാറില്ല. പശു മൗനം പാലിച്ചു. അതുകൊണ്ട് ആട് ഗമയിൽ നിന്നു.

അന്ന് വൈകുന്നേരം ഒരു കൊമ്പൻമീശക്കാരൻ യജമാനനോടൊപ്പം ആട്ടിൻ കൂട്ടിലെത്തി അയാൾ ആടിനെ തൊട്ടും തലോടിയുമൊക്കെ നോക്കിയിട്ട് മടിയഴിച്ച് എന്തോ യജമാനന്റെ കൈയിൽ കൊടുത്തു കൊണ്ട് പറഞ്ഞു, "ശരി; നാളെ രാവിലെ വന്നു കൊണ്ടുപൊയ്ക്കൊള്ളാം." അവർ രണ്ടുപേരും നടന്നകന്നു. പശു എല്ലാം കാണുന്നുണ്ടായിരുന്നു. കാര്യം മനസ്സിലായ പശുവിന് ഇത്തിരി സങ്കടമുണ്ടായിരുന്നെങ്കിലും പുറത്ത് കാണിച്ചില്ല. എന്തോ സംശയം തോന്നിയ ആട് ചോദിച്ചു, "എന്താ ചേച്ചി അയാൾ നാളെ കൊണ്ടുപോകാമെന്ന് പറഞ്ഞത്?"

"ഞാൻ നിന്നോട് പറഞ്ഞില്ലേ ഇറച്ചി വെട്ടുകാരന്റെ കാര്യം. ആ വന്നത് ഇറച്ചിക്കാരനാ. നിന്നെ അയാൾ നാളെ വന്നു കൊണ്ടുപോകും. എന്നെ ആരും തൊടുകയില്ല ഞാൻ ഗോമാതാവാ." പശുവിന് ഇത്തിരി ദുഃഖമുണ്ടായിരുന്നെങ്കിലും അവൾ ഗമയിൽ നിന്നു. ●

# ഒരു സ്ത്രീ ഒറ്റയ്ക്ക് ഓടുന്നതിന്റെ രഹസ്യമെന്ത് ?

രചന : യു. കെ. കുമാരൻ
നിരൂപണം :



**അശോകൻ രാജീവം**
**9447533850**

**നി**രവധി അവാർഡുകൾ നേടിയ തക്ഷൻ കുന്നിലെ സ്വരൂപം എന്ന കൃതിയിലൂടെയാണ് യു. കെ. കുമാരൻ എന്ന എഴുത്തുകാരൻ സാഹിത്യനായകൻമാരുടെ മുഖ്യധാരയിലെത്തുന്നത്. അന്നുവരെ മലയാളം കണ്ടിട്ടുള്ളതിൽ വെച്ചേറ്റവും സുന്ദരമായ പുസ്തകം 'ഖസാക്കിന്റെ ഇതിഹാസ'മായിരുന്നെങ്കിൽ, ഒ. വി. വിജയന്റെ കാൽപ്പനിക ഭാഷാ സൗകുമാര്യം മറ്റൊരുതരത്തിലൂടെ മലയാളികളുടെ മനോമുകുരത്തിലേക്ക് സന്നിവേശിപ്പിക്കുവാൻ ശ്രമിച്ച പുസ്തകമായിരുന്നു 'തക്ഷൻ കുന്നിലെ സ്വരൂപം' എന്നത്. സ്വാഭാവികമായും യു. കെ. കുമാരൻ എന്ന എഴുത്തുകാരനും വായനക്കാർക്ക് പ്രിയപ്പെട്ടവനായി.

ആ എഴുത്തുകാരന്റെ ബാല്യകാലങ്ങളിൽ എഴുതപ്പെട്ടവ എന്നു വിശേഷിപ്പിക്കാവുന്ന ചെറുകഥകൾ കോർത്തിണക്കിയാണ് ഈ പുസ്തകം രൂപപ്പെടുത്തിയിരിക്കുന്നതെന്ന് തോന്നുന്നു. ബാലാരിഷ്ടതകൾ തുടക്കത്തിലുള്ള കഥകളിൽ സ്പഷ്ടമാണെങ്കിൽ, പുസ്തകത്തിന്റെ പേര് സൂചിപ്പിക്കുന്ന കഥയിലേക്കെത്തുമ്പോഴേക്കും എഴുത്തിന്റെ സ്വഭാവത്തിൽ ഗണ്യമായ മാറ്റം പ്രകടമാകുന്നുണ്ട്.

ചില കഥകളുടെ അന്ത്യത്തിൽ കഥാകൃത്ത് അനുവാചകനെ ശരിക്കും പണിയെടുപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. സഹൃദയരായ വായനക്കാരന് നേരംപോക്കിന് വായിച്ചുതള്ളുവാൻ ഉള്ള കഥകൾ എഴുത്തുകാരൻ ഇതിൽ തുന്നിച്ചേർത്തിട്ടില്ല. വായനയുടെ അവസാനം വായനക്കാരന് ഇടപെടാൻ വേണ്ടുന്ന ഒരു സ്പേസ് കഥാകൃത്ത് നിർബന്ധപൂർവ്വം ഒഴിച്ചിട്ടിരിക്കുന്നത് ഇതിന്റെ മാത്രം പ്രത്യേകതയാണ്.

കുടുംബപുരാണം എന്ന കഥ എങ്ങിനെ അവസാനിപ്പിക്കണം എന്ന ഉത്തരവാദിത്വം കഥാകൃത്ത് വായനക്കാരനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. എഴുത്തുകാരനും വായനക്കാരനും തമ്മിലൊരു അദൃശ്യബന്ധം ഉണ്ടാവേണ്ടത് സാഹിത്യസംവേദനത്തിന് അത്യാവശ്യമാണ് എന്ന ഒരു തത്വം കൂടി എഴുത്തുകാരൻ മുന്നോട്ട് വെയ്ക്കുന്നു.




**പേജ് : 160**
**വില : 150 രൂപ**

**പ്രസാധകർ - ആപ്പിൾ ബുക്സ്, 9847452292**


# വൈകി കിട്ടിയ നിധി

രചന : അജിത അരവിന്ദ്
നിരൂപണം : അശോകൻ രാജീവം

**പു**സ്തകത്തിന്റെ പേരായി തെരഞ്ഞെടുത്തിരിക്കുന്നത് ഈ കഥാസമാഹാരത്തിലെ നെടുംതൂൺ എന്നു വിശേഷിപ്പിക്കാവുന്ന കഥയുടെ പേരുതന്നെയാണ്. 'വൈകി കിട്ടിയ നിധി' എന്ന കഥ നമ്മോളോട് ഒരുപാട് സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. ആനുകാലിക പ്രശ്നങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി നടക്കുവാൻ ഒരു എഴുത്തുകാരി എന്ന നിലയിൽ തനിക്ക് കഴിയില്ല എന്നുള്ള നയം വ്യക്തമാക്കലാണ് ശ്രീമതി. അജിത അരവിന്ദ് ഈ കഥകളിലൂടെ ചെയ്യുന്നത്. ഒരുപാട് കഥകളുറങ്ങുന്ന മനസ്സാണ് കഥാകാരിയുടേത്. കഥകൾ തേടി അവർ ദേശദേശാന്തരം അലയുകയല്ല മറിച്ച്, തനിക്ക് ചുറ്റുമുള്ള മനുഷ്യരുടെയിടയിൽ നിന്നും മറ്റേത് സാധാരണ നേത്രങ്ങൾക്കും കാണാൻ കഴിയാത്ത കാര്യങ്ങളെല്ലാം വളരെയേറെ സൂക്ഷ്മതയോടെ വേർതിരിച്ചെടുക്കുകയാണ് ചെയ്യുന്നത്.

അതിരുകളില്ലാത്ത വാചാലതയാണ് ഇതിലെ കഥകളിലെ മുഖമുദ്ര എന്നിരുന്നാലും സത്യസന്ധത ഒട്ടും കൈമോശം വരുത്താതെ എല്ലാ വിഭാഗം ജനങ്ങളുടേയും വേദനകൾ കാണാൻ എഴുത്തുകാരിക്ക് കഴിയുന്നുണ്ട് എന്നതിനുള്ള തെളിവാണ് 'അനുപമയുടെ സങ്കടം' - അതുതന്നെയാണ് കഥാകൃത്തിന്റേയും സ്ഥായിയായ സങ്കടം. 'ഓർമ്മത്തെറ്റ്' എന്ന കഥയിലൂടെ സമൂഹത്തിലെ ദൈന്യതകൾ കൃത്യമായി അടയാളപ്പെടുത്തുന്നു.

വെറുതെ വായിച്ചുമടക്കി വെക്കേണ്ടുന്നതിനുപകരം ചില കഥകൾ നമ്മെ കുറച്ചുനാളത്തേക്കെങ്കിലും അസ്വസ്ഥരാക്കുന്നുണ്ട് എങ്കിൽ അതുമാത്രമേ താനും പ്രതീക്ഷിക്കുന്നുള്ളൂ എന്ന് കഥാകൃത്ത് നമ്മളോട് മൗനമായി സമ്മതിക്കുന്നു.



**പേജ് : 74**
**വില : 70 രൂപ**

**പ്രസാധകർ - ആപ്പിൾ ബുക്സ്, 9847452292**



# ബോണ്ട

ടി. കെ. ഉണ്ണികൃഷ്ണൻ
0491–2578098, 9447972209

**ബോ**ണ്ട തട്ടുകടകളിലെ രാജാവ് എന്നുവേണമെങ്കിൽ വിശേഷിപ്പിക്കാം. അടുപ്പിലെ ചൂടിൽ എണ്ണയിൽ കിടന്നുവേവുന്ന ബോണ്ട കോരിയെടുത്ത് പാത്രത്തിലേക്കിടുമ്പോൾ അതുവാങ്ങാൻ ആളുകൾ തിങ്ങിനിൽക്കുന്നുണ്ടാവും. ദിനപത്രം മുറിച്ച് തുണ്ടമാക്കിയതിൽ ഒരു കഷ്ണം ഇല വച്ച് ബോണ്ടയും ചമ്മന്തിയും വച്ചുകൊടുക്കുമ്പോൾ മുഴുവൻ ആൾക്കാർക്കും തികയാറില്ല. തട്ടുകടക്കാരൻ അടുത്ത ട്രിപ്പിന്നൊരുങ്ങും. കിട്ടാത്തവർ ചീനച്ചട്ടിയിൽ തിളച്ചുമറിഞ്ഞ് പൊങ്ങിക്കളിക്കുന്ന ബോണ്ടയും നോക്കിനിൽക്കും. അല്ലെങ്കിൽ സിനിമയിലെ നായകന്റെ ഒപ്പമുള്ള സഹനടന്മാരെപ്പോലെ മറ്റു പാത്രങ്ങളിൽ ഉണ്ടാക്കിവച്ച പരിപ്പുവട, കായബജ്ജി, മുളകുബജ്ജി എന്നിവയിൽ ഓരോന്ന് സ്വാദ് നോക്കും.

തൊഴിലാളികൾ മുതൽ കാറിൽ പോകുന്നവർവരെ എല്ലാവരും തട്ടുകടയിലോ ഉന്തുവണ്ടികളിലോ ബോണ്ട കണ്ടാൽ നിൽക്കും. കാറുകാർ പായ്ക്ക് ചെയ്ത് കൊണ്ടുപോകും. തൊഴിലാളികൾ അവിടെത്തന്നെ നിന്നുകഴിക്കും. ബോണ്ട വാങ്ങുന്നതിൽ ജാതിയും മതവും സ്ത്രീയും പുരുഷനും പണക്കാരനും ദരിദ്രനും വ്യത്യാസമില്ല. എല്ലാവർക്കും ബോണ്ട ഇഷ്ടമാണ്.

ചൂടുള്ള ബോണ്ട പൊട്ടിച്ചു തിന്നുമ്പോൾ വേവിച്ച ഉരുളൻ കിഴങ്ങും സവാളയും മസാലകളും കുരുമുളകും മല്ലിയിലയും പച്ചമുളക് അരിഞ്ഞതും കൂടിച്ചേർന്ന സുഗന്ധം ചുറ്റും പരക്കും. ഒന്നുകഴിച്ചാൽ ഒന്നുകൂടി കഴിക്കാൻ തോന്നും.

സോമസുന്ദരൻ ഓട്ടോ ഓടിച്ച് ജീവിക്കുന്നവനാണ്. സ്വന്തം ഓട്ടോയില്ല. വാടകയ്ക്കെടുത്ത് ഓടിക്കുന്നു. ഭാര്യയും ഒരു പെൺകുട്ടിയുമുണ്ട്. രാവിലെ ദിനചര്യകൾ കഴിഞ്ഞാൽ അയാൾ മുതലാളിയുടെ വീട്ടിൽപ്പോയി ഓട്ടോ എടുക്കും. നിങ്ങൾ എന്നോട് ചോദിക്കും. ഈ ബോണ്ടയ്ക്കിടയ്ക്ക് സോമസുന്ദരൻ എവിടെനിന്നു വന്നു എന്ന്. ക്ഷമിക്കണം. ഞാൻ ബോണ്ടയിലേക്ക് തന്നെയാണ് വരുന്നത്.

സോമസുന്ദരൻ ഓട്ടോ എടുത്താൽ നേരേ പോകുന്നത് തട്ടുകടയിലേക്കുതന്നെയാണ്. അവിടെച്ചെന്ന് രണ്ടുമൂന്ന് ബോണ്ട വാങ്ങി അടിക്കും. പിന്നെ സവാരിയെ തിരഞ്ഞ് സ്റ്റാന്റിൽ നിൽക്കും. ഒരു ട്രിപ്പുകഴിഞ്ഞ് മടക്കത്തിന്ന് തട്ടുകടയിൽ കയറും ബോണ്ട കഴിക്കും. ഉച്ചയ്ക്ക് കഴിക്കാൻ ഭാര്യ ഉണ്ടാക്കിക്കൊടുത്ത ചപ്പാത്തിക്ക് കറി കൊണ്ടുവരാറില്ല. ഒരു ചപ്പാത്തിയിൽ ചൂടുള്ള രണ്ടു ബോണ്ടയും ചമ്മന്തിയും വച്ച് വേറൊരു ചപ്പാത്തി അതിന്റെ മുകളിൽ വച്ച് അമർത്തി ചുരുട്ടി കഴിക്കുന്നത് സദ്യയിൽ ഉണ്ണുന്നതിലും രസമാണ് എന്നാണ് സോമസുന്ദരൻ പറയാറ്. നാല് മണിക്ക് ചായയ്ക്കൊപ്പവും ബോണ്ട പലഹാരം. ചുരുക്കം പറഞ്ഞാൽ അയാളുടെ ജീവിതം ബോണ്ടയിൽ നിലനിൽക്കുന്നു.

പെട്ടെന്നാണ് സോമസുന്ദരന് നെഞ്ചിൽ വേദന വന്നത്. ഡോക്ടറെ കണ്ടപ്പോൾ പല ടെസ്റ്റുകളും നടത്തി. ചെറിയൊരു അറ്റാക്കാണ് എന്നാണ് ഡോക്ടർ പറഞ്ഞത്. കൊളസ്ട്രോൾ വളരെ കൂടുതൽ. ബി.പി.യുമുണ്ട്. മൂന്നു ബ്ലോക്കുണ്ടത്രെ. ബൈപാസ് സർജറി വേണ്ടിവരുമെന്ന് പറയുന്നു. വറുത്തതും പൊരിച്ചതും കൊഴുപ്പു കൂട്ടുന്നവയും എണ്ണ, നെയ്യ് എല്ലാം ഒഴിവാക്കണമെന്ന് ഡോക്ടർ പറഞ്ഞപ്പോൾ അയാളുടെ ഭാര്യ പറഞ്ഞു. “ഞാൻ എത്ര പറഞ്ഞാലും ഇയാളുണ്ടോ കേൾക്കുന്നു. ഒരുദിവസം എത്ര ബോണ്ടയാ അശത്താക്കാ.”

ഏതായാലും ടെസ്റ്റുകളും മരുന്നുമെല്ലാം കൂടിയായപ്പോൾ ഭാര്യയുടെ താലിമാലയും പോയി കടവും ബാക്കിയായി. സർജറിക്ക് എങ്ങിനെ പണം കാണുമെന്ന് ആലോചിക്കുമ്പോഴാണ് ഒരുദിവസം വീണ്ടും നെഞ്ചുവേദന വന്നത്. ആശുപത്രിയിൽ എത്തും മുമ്പേ സോമസുന്ദരൻ പോയി.

സോമസുന്ദരന്റെ ഭാര്യ വീട്ടുചെലവുകൾക്ക് കഷ്ടത്തിലായി. കുട്ടിയുടെ സ്കൂളിൽ പോക്ക് നിൽക്കുമെന്നായി. ഒടുവിൽ അവർ സോമസുന്ദരൻ ഓട്ടോ നിറുത്തിയിരുന്ന സ്റ്റാന്റിൽ വന്ന് മറ്റ് ഓട്ടോക്കാരോട് കുറച്ചുപണം സഹായം ചോദിച്ചു. “എങ്ങിനെയെങ്കിലും കുറച്ചുപണം തരണം. ഞാൻ ഉടൻ തിരിച്ചുതരാം.” ഓട്ടോ ഓടിക്കുന്നവർ തമ്മിൽ തമ്മിൽ പിരിച്ചു കുറച്ചുപണം അവർക്ക് കൊടുത്തു. എന്നിട്ടു പറഞ്ഞു, “നിങ്ങൾ ഇത് തിരിച്ചൊന്നും തരണ്ട. അല്ലെങ്കിലും എങ്ങിനെ തരും ?”

“ഞാൻ തിരിച്ചുതരും.” അത് പറയുമ്പോൾ അവൾക്ക് ഒരു ആത്മവിശ്വാസമുണ്ടായിരുന്നു. പിറ്റേദിവസം ഓട്ടോസ്റ്റാന്റിൽ ഒരു ഉന്തുവണ്ടിയുമായി സോമസുന്ദരന്റെ ഭാര്യ ഉണ്ടായിരുന്നു. അതിൽ ഗ്യാസ് അടുപ്പിൽ ഇരുമ്പു ചീനച്ചട്ടിയിൽ തിളക്കുന്ന എണ്ണയിൽ ഉരുണ്ട ബോണ്ടകൾ നൃത്തം വെച്ചിരുന്നു. ആളുകൾ കൂടി, കാറുകൾ നിന്നു. തൊഴിലാളികൾ ചമ്മന്തിയും കൂട്ടി ബോണ്ടകൾ കഴിക്കുമ്പോൾ സോമസുന്ദരന്റെ ഭാര്യ മനസ്സിൽ പറഞ്ഞു, സ്വന്തം ആരോഗ്യം ശ്രദ്ധിക്കേണ്ടത് അവനവൻ തന്നെയാണ്. ●

ഇന്ദു മാരാത്ത്
9947678213

# ദയാവധത്തിന്റെ പ്രസക്തി



ദാരിദ്ര്യത്താലും വേണ്ട സംരക്ഷണങ്ങളുടെ അഭാവത്താലും മാരകരോഗദുരിതങ്ങളാലും ജീവച്ഛവങ്ങളായി 'ഒന്നുമരിച്ചുകിട്ടിയാൽ മതി ഈശ്വരാ...' എന്ന് മനമുരുകി പ്രാർത്ഥിക്കുന്ന അനേകലക്ഷം മനുഷ്യർ ലോകത്തുണ്ട്. മാനസിക പ്രയാസങ്ങളല്ല ഇവിടെ ഉദ്ദേശിക്കുന്നത്. അതിനാൽ ആത്മഹത്യ ചെയ്യുന്നവർ ഇഷ്ടം പോലുണ്ടെങ്കിലും... ശരീരഭാഗങ്ങളെല്ലാം തളർന്ന്, ആഹാരം പോലും കഴിക്കാനാവാതെ, വെറും ശ്വാസം മാത്രമായി അസഹനീയമായ ദേഹവേദനയാൽ കഠിന ദുഃഖമനുഭവിച്ച് ആയുസൊടുങ്ങാൻ കാത്തുകിടക്കുന്ന അവശവിഭാഗങ്ങൾ ഒരുപാട് സമൂഹത്തിലുണ്ട്. ഇത്തരത്തിൽ ഇഞ്ചിഞ്ചായി നരകത്തീയിൽ കിടക്കുന്നവർക്ക് അവർ തന്നെ ആവശ്യപ്പെടുന്ന പക്ഷം അവരെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർക്ക് ചെയ്യാനാവുന്ന വലിയ നന്മയല്ലേ ദയാവധം എന്നത്. നാം അത്യധികം ഇഷ്ടപ്പെടുന്നവർ വേദന തിന്നുന്നതിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്നിടത്തല്ലേ യഥാർത്ഥ സ്നേഹമൂല്യം. അതിൽ അധാർമ്മികത ആരോപിക്കുന്നതല്ലേ തെറ്റ്.

ജീവൻ ദൈവത്തിന്റെ ദാനം തന്നെയാണ്. അതിനെ ഇല്ലാതാക്കാൻ ആർക്കും അവകാശമില്ല. ശരി തന്നെ. മനുഷ്യന് അവകാശമില്ലാത്തതും നിയമത്താൽ നിർത്തലാക്കിയതുമായ പലതും എന്നാൽ ഇവിടെ സംഭവിച്ചുകൊണ്ടേയിരിക്കുന്നത് - യുദ്ധങ്ങളും പീഡനങ്ങളും കൊള്ള കൊല അഴിമതികളും ആത്മഹത്യകളും ദ്രോഹമാഫിയ ഗുണ്ടയാക്രമണങ്ങളും തടയിടാൻ സമൂഹത്തിനോ ഗവൺമെന്റിനോ സാധിക്കുന്നുണ്ടോ ? നീതിപൂർവ്വം എന്നതിനർത്ഥം വ്യക്തിക്കും സമൂഹത്തിനും പ്രയോജനകരമായ വിധം പ്രായോഗിക പ്രവർത്തനങ്ങളും സാഹചര്യങ്ങളും ക്രമപ്പെടുത്തി അവ ഏവർക്കും ഗുണപ്രദമാവണം എന്നതാണ്. അതിൽ പ്രഥമസ്ഥാനം ദയക്കും കാരുണ്യത്തിനും തന്നെയാണ്. പല അന്ധവിശ്വാസങ്ങളിലുമധിഷ്ഠിതമായി കൊണ്ടാടിയിരുന്ന ദുർമന്ത്രവാദങ്ങളും നരബലി, മൃഗക്കുരുതികൾ തുടങ്ങിയ അനവധി അനാചാരങ്ങളും തീർത്തും അനീതികളെന്ന് മനസ്സിലാക്കി യുക്തിപൂർവ്വം അതിലെ തിന്മകൾ തിരിച്ചറിഞ്ഞ് നിരോധിച്ചില്ലേ. വിദ്യാഭ്യാസത്തിലും സ്ത്രീ മുന്നേറ്റത്തിലും സ്വതന്ത്ര ചിന്താശീലങ്ങളിലും രാഷ്ട്രം എത്രയോ പുരോഗമിച്ചു. എന്നാലും ന്യായങ്ങളെന്തെന്നും അന്യായങ്ങളെന്തെന്നുമുള്ള വിലയിരുത്തലുകളിലെ ആശയക്കുഴപ്പങ്ങളിൽ പലപ്പോഴും മനുഷ്യർക്ക് നേരായ മാർഗ്ഗനിർദ്ദേശങ്ങൾ സാധ്യമാകുന്നില്ലെന്നത് സത്യമാണ്. ശരിയെന്ന് തോന്നുന്നവ എത്രയോ വിമർശിക്കപ്പെടുകയും തെറ്റായത് പരിഗണിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥകളും ആയതിനാൽ ഉണ്ടാവുന്നു. അതുകൊണ്ട് ദയാവധം എന്ന വിഷയത്തിന്റെ കാര്യം വരുമ്പോഴും ഇത്തരം വാദഗതികളുന്നയിക്കപ്പെടുന്നതിൽ തെറ്റുപറയാനാവില്ല.

ജീവിതം മായയാണ് എന്ന ആത്മീയതത്വത്തിൽ നിന്നും ജീവിതം മായമാണ് എന്ന വർത്തമാന യാഥാർത്ഥ്യത്തിലേക്ക് ലോകം എത്തപ്പെട്ടിരിക്കുന്നു. ജനറ്റിക് കണ്ടുപിടുത്തമെന്ന ഗംഭീര എഴുന്നള്ളിപ്പിൽ ഉല്പാദിതമായ നൂതന വിത്തുകളും ചെടികളുമെല്ലാം ഭൂമിയുടെ തനത് ജൈവിക ഫലപുഷ്ടിയെ ഇല്ലാതാക്കി മണ്ണിനെ നിർജ്ജീവമാക്കുംവണ്ണം നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മാരകവിഷാംശമുള്ള കീടനാശിനി പ്രയോഗങ്ങളും വ്യവസായസ്ഥാപനങ്ങളിലെ രാസമാലിന്യങ്ങളും വാഹനപ്പെരുപ്പത്താലുള്ള അമിത കാർബൺ മോണോക്സൈഡ് വ്യാപൃതവും മണ്ണിനൊപ്പം ജലത്തേയും വായുവിനേയുമെല്ലാം വിഷലിപ്തമാക്കുന്നു. മത്സ്യങ്ങളിൽ അമോണിയയും പാക്കറ്റ് പാലുകളിൽ ശവങ്ങൾ അഴുകാതിരിക്കാൻ ഉപയോഗിക്കുന്ന ഫോർമാൽഡിഹൈഡ് എന്ന രാസവസ്തുവും കലർത്തുന്നുണ്ട്. ഫാസ്റ്റ് ഫുഡുകളിലും മധുരപലഹാരങ്ങളിലും ചേർക്കുന്ന കളറും മറ്റ് കൃത്രിമ പദാർത്ഥങ്ങളും നമ്മെ അപകടകാരികളായ രോഗങ്ങൾക്കടിമപ്പെടുത്തി നീറ്റിക്കൊല്ലാൻ പാകത്തിലുള്ള വിധം ശരീരത്തിൽ പ്രവർത്തിക്കുന്നു. എന്തിന്, പുതിയ മരുന്നുകൾ കണ്ടുപിടിച്ചാലും വീണ്ടും പുതുരോഗങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. മരുന്നുകളിൽപ്പോലും മായമല്ലേ... നിർത്തലാക്കാനാവാത്ത ഇത്തരം ആപത്ക്കരമായ ഭയാനകാന്തരീക്ഷത്തിൽ ബുദ്ധിമാന്ദ്യം സംഭവിച്ചും അവയവങ്ങൾ നഷ്ടപ്പെട്ടും ശരീരം തളർന്നുമൊക്കെ ശപിക്കപ്പെട്ട ജന്മങ്ങളായി കാലം കഴിക്കുന്നതിലും ഭേദമാണ് ഇവിടെ നിന്നും രക്ഷപ്പെടുന്നത് എന്ന് ചിന്തിക്കുന്നവരെ എങ്ങനെ കുറ്റപ്പെടുത്താനാവും... നല്ല രീതിയിൽ ജീവിക്കാനാഗ്രഹം സകലജീവികൾക്കുമുണ്ട്. എന്നാൽ അവകാശപ്പെട്ട നല്ല ജീവിതം അത്തരത്തിൽ ജീവിക്കാൻ ബുദ്ധിമുട്ടെങ്കിൽ മരിക്കാനാഗ്രഹിക്കുന്നത് എങ്ങനെ ശരിയല്ലാതാവും ? അന്തസ്സുള്ള മരണം എന്തിന് നിഷേധിക്കണം !

കണ്ടുപിടിക്കാനാവാത്ത രോഗങ്ങളാൽ ആശുപത്രികളിൽ പ്രവേശിക്കപ്പെടുന്ന രോഗികൾ ഡോക്ടർമാരുടെ പല മരുന്നു പരീക്ഷണങ്ങൾക്കും മറ്റും വിധേയമാക്കപ്പെടാറുണ്ടെന്നത് നിഷേധിക്കാനാകാത്ത വസ്തുതയാണ്. അവ വിജയിച്ചാൽ ഡോക്ടർക്കൊപ്പം രോഗിയുടെ ഭാഗ്യം. വിപരീതമായാലോ... തന്റെ പരീക്ഷണം ഇവിടെ ശരിയാവാത്തത് അടുത്ത രോഗികളിൽ പരീക്ഷിക്കാമെന്ന് ഡോക്ടർ തീരുമാനിക്കും. എന്നാൽ ഇതിനാൽ നഷ്ട

മായ രോഗിയുടെ ജീവൻ ആർക്ക് തിരിച്ചുനൽകാനാവും. മസ്തിഷ്ക മരണങ്ങളിലും ഇതുപോലെ സംശയങ്ങൾ പലപ്പോഴും ഉയരാറുണ്ട്. അവയവങ്ങൾക്കായി മനഃപ്പൂർവ്വം ചെറുപ്രായക്കാരായ ആരോഗ്യമുള്ള വ്യക്തികളെ അത്തരം മരണത്തിലേക്ക് അകപ്പെടുത്തുന്ന ആരോപണങ്ങൾ ഒളിഞ്ഞും തെളിഞ്ഞുമുണ്ടാകുന്നു. ഇത്തരം കാര്യങ്ങൾ കേൾക്കുമ്പോൾ സ്വന്തം സമ്മതപ്രകാരം ദുരിതജീവിതത്തിൽ നിന്നും രക്ഷ വേണം എന്നാഗ്രഹിക്കുന്നവർക്ക്, ആ കർമ്മത്തിന് സഹായിക്കുന്നത് തീർച്ചയായും അനീതിയേ അല്ല... മറ്റൊന്ന്, അത്തരം വേദനാചുറ്റുപാടിൽ വയസ്സായവർ മാത്രമല്ല ഉൾപ്പെടുക ചെറുപ്പമായവരുമുണ്ടാവും. അതിനാൽ വൃദ്ധരേയും ബാധ്യതയായ മാതാപിതാക്കളേയും ഇല്ലാതാക്കാനുള്ള മാർഗ്ഗമാക്കും ഇത് എന്ന് ചിന്തിക്കുന്നത് ഇക്കാര്യത്തിൽ യുക്തിഹീനമെന്നേ പറയാനാവൂ...

ശരീരത്തിന്റെ പൂർണ്ണമായ തളർച്ചയിൽ മനസ്സുമടുത്ത് അതിനുംമേലേ തീരാത്ത മരണവേദനയും താങ്ങിക്കിടക്കുന്ന വ്യക്തിയിൽ എല്ലാവിധത്തിലും എത്ര കാരുണ്യവും സ്നേഹസാന്ത്വനവും ചൊരിഞ്ഞാലും അത് വേദനാബോധത്തിനെ കുറക്കാൻ ഉതകില്ല. ഭാരതീയ പുരാണേതിഹാസങ്ങളും സംസ്കാരവും പ്രകാരം ദേഹം നശിച്ചാലും ദേഹിക്ക് നാശമില്ലെന്നല്ലേ. അപ്പോൾ നിഷ്പ്രയോജനമായ ശരീരത്തിൽ നിന്നും അനുവാദത്തോടെ തന്നെ ആ ആത്മാവിനെ മോചിപ്പിക്കുന്നത് ഒരു വിധത്തിലും അനാദരവോ പാപകർമ്മമോ ആകുന്നില്ല. അത് മാത്രമല്ല ഈ മോക്ഷപ്പെടുത്തലിലൂടെ അനുഗ്രഹമാകും കർമ്മിക്ക് ആത്മാവിനാൽ ലഭിക്കുന്നത്. മറ്റൊരു സാന്ത്വനവും ബദൽമാർഗ്ഗവും നരകിച്ചുകിടക്കുന്ന രോഗിക്ക് ദയാവധത്തേക്കാൾ വേറെ കിട്ടാനില്ലെന്ന് തീർച്ചയായും പറയേണ്ടിയിരിക്കുന്നു. അതിനാൽ തന്നെ ഇത് മനുഷ്യത്വവിരുദ്ധ നിയമമായി കാണേണ്ടയാവശ്യമേയില്ല.


ഇന്നത്തെ സാമൂഹ്യ പരിതസ്ഥിതിയിൽ ഏറ്റവും പ്രധാനമായിത്തന്നെ പരിഗണിക്കേണ്ടതാണ് ദയാവധം. ദയാവധമെന്നതിനേക്കാൾ ഇച്ഛാമരണം എന്ന പേരാണ് ഇവിടെ കൃത്യമായി ചേരുക. താൻ ദയാവധം ആഗ്രഹിക്കുന്നു എന്ന് രോഗിയുടെ തന്നെ സമ്മതപത്രമുണ്ടാകുമ്പോൾ ദുരുപയോഗ സാധ്യതയുടെ പ്രശ്നം വരുന്നില്ല. സ്വച്ഛന്ദമൃത്യു ലഭ്യമാക്കുന്നതിൽ പാപചിന്തയോ കുറ്റബോധമോ തോന്നേണ്ടതുമില്ല. വേദനാരഹിതമായ, സുഖകരമായ മരണത്തിന് പ്രാർത്ഥിക്കാത്തവർ ആരാണുള്ളത് ? ഈ ലേഖികയുടെ ജീവിതത്തിലും അത്തരമൊരവസ്ഥയുണ്ടായാൽ ഇച്ഛാമരണത്തിനായുള്ള സമ്മതപത്രം ഒപ്പിട്ട് നല്കിയിരിക്കുകയാണ്. വിഷമം തോന്നേണ്ട ആവശ്യമില്ലെന്നും ഭേദമാവാത്ത രോഗാവസ്ഥയെ ചികിത്സിച്ചുനീട്ടിക്കൊണ്ടു പോവാതെ (വാസ്തവത്തിൽ അത് പ്രകൃതിക്ക് നിരക്കാത്തതും ദൈവത്തിനെ വെല്ലുവിളിക്കുന്നതുമായ പ്രക്രിയയല്ലേ) ഈ നിയമത്തിലൂടെ രക്ഷപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, അമ്മയോടുള്ള സ്നേഹം അന്വർത്ഥമാക്കാൻ പറഞ്ഞുകൊണ്ട്...

●

■ കവിത


# അറിവ്

**അനൂപ് നാരായണൻ**
**9539635968**



ദിനങ്ങൾ മറയുന്നു
അറിവുകൾ കൂടുന്നു
ഓരോന്നുമറിയുന്നു
ജീവിതം തേടുന്നു
ഓരോരോ അറിവുകൾ
ഓരോരോ മാറ്റങ്ങൾ
കഴിവുകൾ കൂടുന്നു
സ്ഥാനങ്ങൾ നേടുന്നു
ഉയർച്ചയിലെത്തുവാൻ
അറിവുകൾ നേടണം
അറിവിന്റെ ഉറവിടം
കണ്ടുപിടിക്കണം
ഉറക്കെ പറയുവാൻ
അറിവുകളാകണം.
അറിവുകൾ നേടുക
ക്ഷമയോടെ നേടുക
അറിയുന്ന അറിവുകൾ
പകർന്നു കൊടുക്കണം.

■ ദൈവനാമത്തിൽ



**മുഹമ്മദ് കനി**
**8157874953**


# ഏറ്റവും വലിയ നിധി

**ഒ**രിയ്ക്കൽ നബി തിരുമേനി തന്റെ ഉത്തമശിഷ്യന്മാരിൽ ഒരാളായ ഉമ്മറിനോട് ഇങ്ങിനെ പറഞ്ഞു.

"ഒരു പുരുഷന് കിട്ടാവുന്ന ഏറ്റവും വലിയ നിധിയെന്താണെന്ന് ഞാൻ നിനക്ക് പറഞ്ഞുതരട്ടെയോ ! ഓരോ നോട്ടത്തിലും അവനെ സന്തോഷം കൊണ്ടുപൊതിയുന്ന ഒരു ഭാര്യയാണത്. ആദ്യ നോട്ടത്തിൽ തോന്നുന്ന ഇമ്പമല്ല, ഓരോ നോട്ടത്തിലും പതിന്മടങ്ങ് വർദ്ധിയ്ക്കുന്ന പ്രണയമാണത്."

എന്നിട്ട് ഇങ്ങിനെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു. "ജഗദീശ്വരാ (അല്ലാഹുവേ) എനിയ്ക്കും എന്റെ പങ്കാളിയ്ക്കുമിടയിൽ സ്നേഹമുണ്ടാക്കുകയും, ഞങ്ങളുടെ ഗൃഹത്തിൽ സുഖവും കാരുണ്യവും നിറയ്ക്കുകയും ചെയ്യേണമേ ! അല്ലാഹുവേ (ഈശ്വരാ) നിന്റെ ദിവ്യമായ കാരുണ്യം നീ ഞങ്ങൾക്ക് പകർന്നു തരേണമേ ! നിന്നെ സ്നേഹിയ്ക്കുന്നവരുടെ സ്നേഹം ലഭിയ്ക്കുവാൻ നീ ഞങ്ങളെ അനുഗ്രഹിയ്ക്കേണമേ ! ജഗദീശ്വരാ (അല്ലാഹുവേ) നിന്റെ സ്നേഹം ലഭിയ്ക്കുന്ന കാര്യങ്ങൾ ചെയ്യുവാൻ നീ ഞങ്ങൾക്ക് ഭാഗ്യം നൽകേണമേ !"

സ്തുതി മുഴുവൻ ജഗദീശ്വരന്
(അല്ലാഹുവിന്)



# പുതുച്ചൊല്ലുകൾ

സൈനുദീൻ മുണ്ടക്കയം
9947253006

1
യാചകനിന്നൊരു പ്രതിസന്ധി
ആധാർ വേണം ഭിക്ഷയ്ക്ക്.
2
പെണ്ണുകാണാനാധാർ
പെണ്ണുകെട്ടാൻ പാൻകാർഡ്.
3
ശവക്കുഴിയ്ക്കും ജി.എസ്.ടി.
ശവദാഹത്തിനും ജി.എസ്.ടി.
ഒന്നിനുപോയാൽ ജി.എസ്.ടി.
രണ്ടിനുപോയാൽ ജി.എസ്.ടി.
4
വധൂവരന്മാരറിയേണം
സഹവാസത്തിനു ജി.എസ്.ടി.
5
മണ്ടന്മാരു ഭരിച്ചെന്നാൽ
മിണ്ടാത്തോരും മിണ്ടിപ്പോം.
6
വഴിയാത്രയ്ക്കോ ടോളുണ്ട്
വേഗത കൂട്യാൽ ഫൈനുണ്ട്.
7
പോലീസ് നമ്മുടെ ഫ്രണ്ടാണ്
ഫ്രണ്ടിൽ ചെന്നാൽ കൈനീട്ടും.
8
നിയമം നോക്കി പണിചെയ്താൽ
ഭരണക്കാർക്കതുപറ്റില്ല.
9
പത്തരമാറ്റാണെന്നു നിനച്ചു.
പത്ത'ര'മാറ്റാണെന്നുമറിഞ്ഞു.
10
ചോദ്യം ചെയ്യുകയെന്നത് ലക്ഷ്യം
ഭേദ്യം ചെയ്താൽ മറുപടി
ക്ലിഷ്ടം.
11
ശേഷക്കാരിന്നൊരുപാടുണ്ട്
ശേഷക്രിയകൾക്കൊരുവനുമില്ല.
12
പണമുണ്ടായാൽ പൊങ്ങിനടക്കും.
പിണമായാലോ പൊക്കിനടക്കും.
13
അരിയുണ്ടെങ്കിൽ കഞ്ഞിക്കായ്
അരിയെത്തീടിൽ പട്ടടയായ്.
14
പറയാനാണേലൊരുപാട്
പറയാണെങ്കിലളക്കാല്ലോ.
15
നിധിയാണെന്ന് നിനച്ചുകുഴിച്ചാൽ
വിധിയാണതുനിൻ കുഴിയാകും.
16
കടയുണ്ടെങ്കിൽ
നോക്കിനടത്താം
കടമായാലോ മുങ്ങിനടക്കാം.
17
നെല്ലാണെങ്കിൽ കുത്തിയെടുക്കാം
പതിരാണെങ്കിൽ കത്തിക്കാം.
18
ഇരുമ്പിരുന്നാൽ തുരുമ്പാകും
തുരുമ്പിരുന്നാൽ മണ്ണാകും.
19
ചാട്ട പിടിച്ചു നടന്നൊരുവൻ
ചാട്ടക്കാരനുമായിപ്പോയ്.
20
മുട്ടില്ലെന്നു പറഞ്ഞിട്ടൊരുവൻ
മുട്ടിലിഴഞ്ഞുനടക്കുന്നു.
21
വിട്ടം നോക്കിയിരുന്ന-
വനൊടുവിൽ
വട്ടുപിടിച്ചു നടക്കുന്നു.
22
വട്ടീം കൊണ്ടിന്നെങ്ങോട്ട്
വട്ടി പിരിക്കാൻ പോകുന്നു.
23
കിട്ടാനുള്ളത് കിട്ടാതായാൽ
കക്കാനുള്ളൊരു വഴിനോക്കും.
24
പട്ടക്കാരൻ പള്ളീൽപോയ്
പട്ടയടിച്ചോൻ പെരുവഴിയിൽ.
25
അഴിമതിയവരുടെയവകാശം
'അഴി'മതി പിന്നവനെപ്പോഴും.
26
വെടിപൊട്ടുമ്പോൾ
ചെവിപൊത്തും
വെടിവാക്കോത്യാൽ
ചിരിപൊട്ടും.
27
ആണാണായാൽ വിരുതേറും
പെണ്ണങ്ങായാൽ പഴികേൾക്കും.
28
പാരമ്പര്യമറിഞ്ഞീടാൻ
പമ്പര വിഡ്ഢിക്കാവില്ല.
29
പട്ടിക വേണം പുരമേയാൻ
പട്ടികയിൽ പേരുണ്ടെങ്കിൽ.
30
ഓടുകയാണേലതിവേഗം
പാടുകയാണേൽ പലവേഗം
31
കോടികളുള്ളവനാണേലും
കോടി പുതച്ചു കിടക്കേണം.
32
ചത്തവനെന്തിന് പുത്തനുടുപ്പ് ?
കത്തിപ്പോയാലത് ചാരം.
33
മനുഷ്യന് മതമൊരു മദമാണെങ്കിൽ
മതമില്ലാത്ത മൃഗങ്ങൾ ഭേദം.
34
മതവും
രാഷ്ട്രീയവുമൊത്തുകളിച്ചാൽ-
മാനവരാശിക്കടിമുടി നാശം.
35
മലയുടെ മുകളിൽ ദൈവസ്ഥാനം
കണ്ടുപിടിച്ചവർ കാടുമുടിച്ചു.
36
എങ്ങോ ദൈവമിരുന്നു ചിരിക്കും
മല കയ്യേറും ഭക്തരെ നോക്കി.
37
ജാത്യാൽ ജാതി നമുക്കില്ല
ജീവിതമാർഗ്ഗേയതു കൂടും.
38
മാതൃസ്നേഹമുണർത്താനായ്
പാടി നടന്നാൽ മതിയാമോ ?
39
ശവത്തിൽ ചവുട്ടി
യാണധികം പേരും
ശിരസ്സിൽ കിരീടമണിഞ്ഞിട്ടുള്ളു.
40
അധികാരം കൈ വന്നാൽ
അടിയാളനും നിലമാറ്റും.
41
മുട്ടത്തോടിനു മേൽകെട്ടീ-
മുട്ടാപ്പോക്കിൻ കൊട്ടാരം.
42
നെഞ്ചളവമ്പത്താറിഞ്ചാം
ഹൃദയം മുഷ്ടിക്കൊപ്പവുമാം
കിഞ്ചന നന്മയകത്തുണ്ടേൽ
നെഞ്ചളവെന്തിനു കൂട്ടേണം.
43
തന്ത്രം കൊണ്ടൊരു മന്ത്രിപദം
മന്ത്രം കൊണ്ടതു
നിലനിൽക്കോ ?
44
മറവിക്കാരൻ ദിവസേന
പ്രതിജ്ഞ ചൊല്ലിയുറപ്പിക്കും.
45
അരചനു നാവുപിഴച്ചെന്നാൽ
അരികൾ പെരുത്തിട്ടരചനുനാശം.



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

## തിരിഞ്ഞുനോക്കുമ്പോൾ...

( 2ാം പേജിന്റെ തുടർച്ച...)

റ്റെടുപ്പിക്കാൻ നാട്ടുകാരുടേയും രക്ഷിതാക്കളുടേയും കൂട്ടായ്മ രൂപീകരിച്ചു. എട്ടുവർഷക്കാലം പൂതന്നൂർകാരനായി അവിടുത്തെ കുട്ടികളുടേയും നാട്ടുകാരുടേയും ഇടയിൽ കഴിഞ്ഞു.

മൂണ്ടൂർ ജംഗ്ഷനിലുള്ള മുണ്ടൂർ ജി. എൽ. പി. സ്കൂളിലേക്ക് സ്ഥലംമാറ്റം വാങ്ങിപ്പോരുമ്പോൾ യാത്രാസൗകര്യം ആയിരുന്നു മനസ്സിൽ. 400ളം കുട്ടികൾ പഠിക്കുന്ന മുണ്ടൂർ ജി.എൽ.പി. സ്കൂളിലെ നാലാം ക്ലാസ് അദ്ധ്യാപകനായി ചുമതലയേറ്റു. നാലാം ക്ലാസ്സിൽ മൂന്ന് ഡിവിഷനുകൾ 4 എ ക്ലാസിലെ ചാർജ്ജ് ലഭിച്ചു.

നിരവധി പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ഉള്ള വിദ്യാലയമാണ് മുണ്ടൂർ ജി. എൽ. പി. സ്കൂൾ. കഥ ക്യാമ്പ്, കവിത ക്യാമ്പ്, ചിത്രരചനാ ക്യാമ്പ് തുടങ്ങി കുട്ടികളുടെ വിവിധ കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ ഓരോ മാസവും അതിഥിക്ലാസ്സുകൾ... നാലാം ക്ലാസ് കുട്ടികൾ എല്ലാ പരിപാടികളിലും മുന്നിട്ട് നിന്നു. ആഴ്ചയിൽ ഒരു കയ്യെഴുത്ത് മാസിക എന്ന വെല്ലുവിളി നിറഞ്ഞ പ്രവർത്തനം ഏറ്റെടുത്ത് വിജയിപ്പിക്കാനായത് ഒരു വലിയ നേട്ടമായി കരുതുന്നു.

ഡി.പി.ഇ.പി. പുതിയ പാഠ്യ പദ്ധതി നടപ്പിലായ വർഷം, സ്വതന്ത്ര രചനക്കുള്ള നിരവധി അവസരങ്ങൾ കുട്ടികൾക്ക് ലഭിച്ചു. മൂന്ന് അദ്ധ്യാപകരുടെ കുട്ടികൾ ആദ്യവർഷം എന്റെ ക്ലാസിൽ ഉണ്ടായിരുന്നു. ആസാദ്, അഭിലാഷ്, കാതരിൻ ഷേർലി... പാഠപുസ്തകത്തിന് വെളിയിലേക്ക് കുട്ടികളുടെ ചിന്തകളെ കൂട്ടിക്കൊണ്ടുപോയി. യൂറീക്കയിലും ബാലഭൂമിയിലും കുട്ടികളുടെ കഥകളും കവിതകളും അച്ചടിച്ച് വന്നപ്പോൾ കുട്ടികൾക്കൊപ്പം രക്ഷിതാക്കളും സന്തോഷം പങ്കുവെച്ചു. ഉപജില്ലാകലോത്സവത്തിൽ എല്ലാ പ്രാവശ്യവും സ്കൂൾ ഒന്നാം സ്ഥാനം നേടിയതിൽ ഒരു ചെറിയ റോൾ എന്റേയും ഉണ്ടായിരുന്നു.

2008ൽ ഡെപ്യൂട്ടേഷനിൽ ആദ്യം കൊല്ലങ്കോട്ടേക്ക്, പിന്നെ പറളി ബി. ആർ. സി. യിലും ട്രെയിനറായി ജോലിയിൽ പ്രവേശിച്ചു. അദ്ധ്യാപകർക്ക് പരിശീലനം നൽകുന്ന എസ്. എസ്. എ.യിൽ ഉണ്ടായിരുന്ന 5 വർഷം ധാരാളം സുഹൃത്തുക്കളെ സമ്പാദിക്കാൻ ഇടയായി. പറളി ഉപജില്ലയിലെ 51 സ്കൂളിലും ഓടിയെത്തി. അദ്ധ്യാപകർക്ക് വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുത്തു. കോങ്ങാട് പഞ്ചായത്തിൽ ആണ് ചാർജ്ജ് എങ്കിലും എല്ലാ പഞ്ചായത്തിലേയും വിദ്യാലയത്തിലേക്ക് എന്നെ ക്ഷണിച്ചിരുന്നു.

ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞപ്പോൾ 2013ന് വീണ്ടും സ്കൂളിലേക്ക്... മലമ്പുഴ അകമലവാരം ആനക്കൽ ഗവ. ട്രൈബൽ ഹൈസ്കൂളിൽ ജോലിയിൽ പ്രവേശിച്ചു. മലമ്പുഴ ഡാമിന്റെ ഓരത്തുള്ള പാതയിലൂടെ ഡാമിനെ ചുറ്റി ആനക്കല്ലിലേക്കുള്ള ജീപ്പ് യാത്ര നല്ല അനുഭവം ആയിരുന്നു. 9ാം തരത്തിലെ കുട്ടികൾക്കുള്ള മലയാളം ക്ലാസ് എടുത്ത് കൊടുത്തതാണ് ആനക്കല്ലിലെ മറക്കാനാവാത്ത ഒരനുഭവം. കുട്ടികൾ എവിടേയും ഒരുപോലാണ്. അവരെ സ്നേഹിച്ചാൽ അവർ സ്നേഹം പതിൻമടങ്ങായി തിരിച്ചുതരും. ഇതിൽ ജാതി-മത-വർഗ്ഗ വ്യത്യാസങ്ങളില്ല. ഒന്നാം തരക്കാരനും 10ാം തരക്കാരനും സ്നേഹം ആഗ്രഹിക്കുന്നു.

2015ൽ മോയൻ എൽ. പി. സ്കൂളിലേക്കുള്ള വരവ് തീരെ പ്രതീക്ഷിക്കാത്തതായിരുന്നു. ഔദ്യോഗിക സർവ്വീസിൽ ഒട്ടനവധി അനുഭവങ്ങൾ സമ്മാനിച്ച വിദ്യാലയം... ഇവിടെ എത്തിയപ്പോൾ രണ്ടാം ക്ലാസ്സിലേക്ക് തന്നെ പോകേണ്ടി വന്നു. എങ്കിലും സ്കൂളിലെ വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങളിൽ പങ്കുചേരാൻ സാധിച്ചു. രക്ഷിതാക്കളെ കോർത്തിണക്കി മികവാർന്ന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാൻ പ്രധാനാദ്ധ്യാപികയ്ക്കും മറ്റ് അധ്യാപകർക്കൊപ്പവും നിന്നുകൊണ്ട് സാധിച്ചു. 2017-2018 അദ്ധ്യയന വർഷത്തെ കുട്ടികളേയും അവരുടെ രക്ഷിതാക്കളേയും ഒരിക്കലും മറക്കാൻ കഴിയില്ല. പ്രധാനാധ്യാപിക എങ്ങനെ ആയിരിക്കണം എന്ന് മണിയമ്മ ടീച്ചർ എനിക്ക് കാണിച്ചുതന്നു. പ്രധാനാധ്യാപിക ആകാനുള്ള യോഗ്യത സർഗ്ഗാത്മകതയും സേവനതത്പരമായ ഒരു മനസ്സുമാണ്. ഈ രണ്ട് സവിശേഷതകളും ഒത്തിണങ്ങിയ ടീച്ചറിനൊപ്പം ജോലി നോക്കാൻ കഴിഞ്ഞതും ടീച്ചറിനെ സഹായിക്കാൻ കഴിഞ്ഞതും ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. •

**31 വർഷത്തെ**
**അദ്ധ്യാപനജീവിതത്തിൽ നിന്നും**
**31 മാർച്ച് 2018ന് വിരമിക്കുന്ന**
**സജി മാഷിന് സുദീർഘമായ**
**ഒരു വിശ്രമജീവിതവും**
**ആയുരാരോഗ്യസൗഖ്യവും**
**ഏക തത്ത്വ നേരുന്നു**

## സജീവാമൃതം

കംപ്യൂട്ടർ കാണിച്ചു ചിത്രം വരപ്പിക്കാൻ
സജിമാഷുണ്ടെന്നെന്നുമൊപ്പം.
മുതുകത്തു തൂക്കിയ ലാപ്ടോപ്പുമായെന്നും
വേഗത്തിലാഞ്ഞുനടക്കും.
ആന മുയലും കുറുക്കൻ മുതലയും
സൂത്രൻ കുഞ്ഞച്ചനെന്നും,
പുസ്തക താളിലെ നിർജ്ജീവ ചിത്രങ്ങൾ
എന്നും വിരസമായ് തോന്നി.
ഞങ്ങൾക്കെന്നും വിരസമായ് തോന്നി.
ബോർഡിൽ തെളിയും ചലിക്കുന്ന ചിത്രങ്ങൾ
കണ്ടിട്ടു ഞങ്ങൾ ചിരിക്കും.
ഇപ്പോൾ കണ്ടിട്ടു ഞങ്ങൾ രസിക്കും.
ക്വിസിനു ഞങ്ങൾക്കൊരു കൂട്ടം ചോദ്യങ്ങൾ
തപ്പിപ്പിടിച്ചെന്നും നൽകും.
എല്ലാ പരീക്ഷയ്ക്കും മുൻപായി ഞങ്ങൾക്ക്
സാദ്ധ്യതാ ചോദ്യങ്ങൾ നൽകും.
വായനകൊണ്ടേ വളർച്ച നേടാനൊക്കൂ...
വായിച്ചില്ലെങ്കിൽ വിയർക്കും.
ചോദ്യങ്ങൾ കണ്ടാലമ്പന്തിച്ചു പോയിടും.
വായിച്ചില്ലെങ്കിൽ വിളർക്കും.
യുറീക്ക നൽകീട്ടു മാഷോതുവാറുള്ള
വാക്കു ഞാനെന്നും സ്മരിക്കും.
ക്ലാസിലെ വായനയ്ക്കാക്കം കുറിക്കുവാൻ
ലൈബ്രറി ഒന്നു തുടങ്ങാൻ
അമ്മയച്ഛന്മാരെ ഒന്നിച്ചു കൂട്ടീട്ടു
ലൈബ്രറിയാദ്യം തുടങ്ങി.
നിത്യവും വായന നിത്യം കുറിപ്പെഴു
ത്തെന്നതു ശീലമായ് മാറി.
ഇന്നെല്ലാം വിനോദമായ് മാറി.
ഇന്നു ഞങ്ങൾക്കില്ല തെല്ലും ഭയം
വായനയാണേറെയിഷ്ടം
എന്നും വായനയാണേറെയിഷ്ടം.
എച്ചെമ്മുമൊത്തുപോയ് വീടുകളിൽ ചെന്ന്
മാർഗ നിർദ്ദേശം കൊടുത്തും,
വീട്ടിലെ പാഠങ്ങൾ നിത്യവും നോക്കണം
എന്നമ്മയോടു പറഞ്ഞും,
പഠിച്ചു മിടുക്കിയായ് തീരുമെന്നുള്ളൊരാ
സാന്ത്വന വാക്കോതുമെന്നും,
സാന്ത്വന വാക്കോതുമെന്നും.
സജിമാഷെ ഞങ്ങൾ മറക്കില്ലൊരിക്കലും
നെഞ്ചോട് ചേർത്തുനടക്കും.
വായനാലോകത്തെ പാത കാണിച്ചൊരാ
പാദം നമിക്കുന്നു നിത്യം,
പാദം നമിക്കുന്നു നിത്യം.
ഇനി വരും കാലത്തു നിത്യം വഴികളിൽ
മാഷേ നയിക്കണേ നാഥാ,
മാഷേ നയിക്കണേ നാഥാ,
ആയുസ്സുമാരോഗ്യം വിത്തവും ശക്തിയും
സർവ്വേശ്വരാ കനിയേണം
സർവ്വേശ്വരാ കനിയേണം.

(പാലക്കാട് ഗവ. മോയൻ എൽ. പി. സ്കൂളിന്റെ 57ാം വാർഷികദിനത്തിൽ കുമാരി. അമേയ . സി, മൂന്നാം ക്ലാസ്, അവതരിപ്പിച്ച കവിത. 2018 മാർച്ച് മാസത്തിൽ വിരമിക്കുന്ന സജി മാഷെ കുറിച്ചുള്ള കവിത രചിച്ചത് അമേയയുടെ അച്ഛനും പി.ടി.എ. പ്രസിഡന്റുമായ ശ്രീ. അജിത് കുമാർ. )

Published on 15/03/2018, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 8 Issue 5, April 2018, Rs. 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

**MATTRESSES/PILLOWS/BEDSPREAD/CURTAINS**

**MULTI BRAND SHOW ROOM**


## Kitchens/bedrooms/interiors


**Sensible design solutions**
**Fully customized Kitchens & Wardrobes**
**Hand-picked raw materials**
**German hardware & accessories**
**More than 150 shades & textures to choose from**
**Solutions for every budget**
**A total interior solutions**



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime






















Lovics | Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
**Opp Town Bus Stand, T.B. Road, Palakkad- 14.**
**Tel: 0491-2515112**
**+91 9447034614, +91 9400496112**
**e-mail: technowoodfurniture@gmail.com**

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
**College Road, Palakkad -1.**
**Tel: 0491 - 2545112**
**+91 9447034614, +91 9400499112**
**Website: www.technowoodkitchens.com**